വില ₹ 30/-

# ജീവനും വെളിച്ചവും

ഏപ്രിൽ 2023



"പാപമാലിന്യങ്ങളുടെ തീച്ചൂളയിൽ നിന്ന്
പുണ്യ പൂർണ്ണതയുടെ സ്വച്ഛവിഹായസ്സിലേക്ക്"

## ഉയിർപ്പ് തിരുനാളാശംസകൾ...


NBA
NATIONAL BOARD OF ACCREDITATION
*ACCREDITED
MARIAN ENGINEERING COLLEGE
MARIAN
ENGINEERING COLLEGE
Menamkulam, Kazhakuttom, Trivandrum- 695582
Affiliated to APJ Abdul KalamTechnological University
An ISO 9001-2015 Certified
Approved by AICTE
COLLEGE CODE
MCE
B.Tech
Civil Engineering *
Mechanical Engineering *
Computer Science And Engineering *
Electronics And Communication Engineering
Electrical And Electronics Engineering
Artificial intelligence And Machine Learning
Electronics and Computer Engineering
M.Tech
Geo Technical Engineering
MARIAN ENGINEERING COLLEGE
FOR ADMISSION CONTACT
8281377111
9188447588
web: www.marian.ac.in
email: admission@marian.ac.in
90% OF ELIGIBLE STUDENTS PLACED THROUGH CAMPUS RECRUITMENT
INDUSTRY SPONSORED LABS IN ARTIFICIAL INTELLIGENCE AND ROBOTICS AND IoT
VIBRANT STARTUP ECOSYSTEM WITH GOVT. APPROVED TBI
COLLABORATION WITH RIGA TECHNICAL UNIVERSITY, LATVIA
MERIT SCHOLARSHIP WORTH 1.5 CRORE PER YEAR
NO REFUNDABLE DEPOSITS
RANK 1
Ammu Pradeep Kumar
RANK 3
Aparna A P
RANK 5
Vinila Vincent
B. ARCH DEGREE EXAMINATION
UNIVERSITY RANK HOLDERS- CUSAT 2021
MARIAN COLLEGE OF ARCHITECTURE AND PLANNING
m.CAP
Menamkulam, Kazhakuttom, Trivandrum- 695582
MARIAN COLLEGE OF ARCHITECTURE & PLANNING
Managed by the Latin Archdiocese of Trivandrum
Recognized by Cochin University of Science and Technology
Approved by Council Of Architecture, New Delhi
M.CAP
COLLEGE CODE
MCR
B.Arch Seats - 80
NO REFUNDABLE DEPOSITS
FOR ADMISSION CONTACT
+91 9495707555 | +91 8921303029 | +91 8281388111
web: www.mcap.edu.in
email: marianarch.in@gmail.com

**ജീവനും വെളിച്ചവും**

**തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം**

2023 ഏപ്രിൽ
പുസ്തകം - 47 ലക്കം - 4
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.


*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# പീഡിപ്പിക്കപ്പെടുന്നവരുടെ ഈസ്റ്റർ

'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമായ പെസഹാദിനങ്ങളിലൂടെ വിശ്വാസികളായ നാം ഒരിക്കൽ കൂടി യാത്ര ചെയ്യുകയാണ്. മരണത്തിന്റെയും പാപത്തിന്റെയും ആധുനിക സംസ്കാരം വിശ്വാസ സമൂഹത്തിനുമേൽ ആധിപത്യമുറപ്പിക്കാൻ ശ്രമിക്കുമ്പോൾ ഉയിർപ്പ് ഞായർ നമുക്ക് നൽകുന്ന പ്രത്യാശയും അതിന്റെ പ്രസക്തിയും ഏറെ വലുതാണ്. ക്രിസ്തു മാത്രമല്ല, പാപംമൂലം മരവിച്ചുപോയ മനുഷ്യാസ്തിത്വം മുഴുവനായും വിശുദ്ധിയുടെയും ദൈവികതയുടെയും ഉയിർപ്പിലേക്ക് കടന്നു പോവുകയാണ്. മനുഷ്യത്വം സ്വർഗ്ഗത്തോളം ഉയർത്തപ്പെടുകയാണ്. നിസഹായതയും പാപവും വേദനയും മരണവും മാത്രമല്ല മനുഷ്യഭാവമെന്നും, ജനനവും പ്രകാശവും വിശുദ്ധിയും സ്വർഗ്ഗവും അതിന്റെ ഭാഗമാണെന്നും ഉത്ഥിതൻ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. പാപകരമായ എല്ലാറ്റിലും നിന്നും ദൈവം നമ്മെ രക്ഷിച്ചതിന്റെ സന്തോഷമാകണം നമ്മുടെ ഉത്ഥാനാനുഭവം. മനുഷ്യന്റെ എല്ലാ ഭയങ്ങൾക്കും നിസ്സഹായതകൾക്കും പകരം ഓരോ പ്രാവശ്യവും ശിഷ്യന്മാരെ കണ്ടുമുട്ടിയപ്പോഴും അവർക്ക് നൽകിയത് ഉത്ഥിതന്റെ സമാധാനമായിരുന്നു, 'ഭയപ്പെടേണ്ട, നിങ്ങൾക്ക് സമാധാനം', അവൻ പറഞ്ഞു.

പക്ഷേ, കുരിശുകളും പീഡനങ്ങളും സഹനങ്ങളും ഇല്ലാത്ത ഒരു നാളെയല്ല അവൻ ഉയിർത്തെഴുന്നേറ്റ് വാഗ്ദാനം ചെയ്തത്, മറിച്ച് സഹനങ്ങളുടെ മധ്യേയും പ്രത്യാശ നഷ്ടപ്പെടാത്ത ദൈവിക ജീവിതമായിരുന്നു അവന്റെ സമ്മാനം.


കേരളത്തിലെ ഉയർന്ന സാമൂഹിക നിലവാരത്തിന്റെയും, അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും പരസ്പര സഹവർത്തിത്വത്തിന്റെയും സുഖശീതളിമയിൽ രമിക്കുമ്പോഴും ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയുടെതന്നെ ഭാഗമായ നിരവധി പേർ വേട്ടയാടപ്പെടുകയും പീഡിപ്പിക്കപ്പെടുകയും മതത്തിന്റെ പേരിലുള്ള പാർശ്വവൽക്കരണം(ജീവനും സ്വത്തും വരെ നഷ്ടപ്പെടുന്ന തരത്തിൽ) അനുഭവിക്കുകയും ചെയ്യുന്നുണ്ട് എന്നതും ഈ ഈസ്റ്ററിൽ നമുക്ക് മറക്കാതിരിക്കാം. ഭാരതത്തിന്റെ ബഹുസ്വരതയിലൂന്നിയ സഹവർത്തിത്വത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾ നമ്മുടെ ഭരണാധിപന്മാർക്ക് നല്കപ്പെടാൻ പ്രാർത്ഥിക്കാം.

ദൈവദൂഷണക്കുറ്റം ആരോപിക്കപ്പെട്ട് വധശിക്ഷ മുന്നിൽകണ്ട് എട്ടുവർഷം ജയിലിൽ കഴിഞ്ഞ പാക്കിസ്ഥാൻ സ്വദേശിയായ ഐഷ ബീവി ഈസ്റ്റർ നാളിൽ എഴുതിയ പ്രാർത്ഥന നമ്മെ പ്രചോദിപ്പിക്കും;

'ഉത്ഥിതനായ ദൈവമേ, നിന്റെ മകൾ ഐഷയെ നിന്നോടുകൂടെ ഉയിർക്കാൻ അനുവദിക്കണമേ. എന്റെ ചങ്ങലകൾ പൊട്ടിക്കണമേ, ഈ അഴികൾക്കപ്പുറം പോകാൻ എന്റെ ഹൃദയത്തെ സ്വതന്ത്രമാക്കണമേ. എന്റെ പരീക്ഷണ കാലങ്ങളിൽ എന്നെ ഉപേക്ഷിക്കരുതേ, നിന്റെ സാന്നിധ്യത്തിൽനിന്ന് എന്നെ എടുത്തു കളയരുതേ...'

**- പത്രാധിപർ**

# പ്രതികരണങ്ങൾ




## നീതിമാനായ വിശുദ്ധ യൗസേപ്പ്

മാർച്ച് ലക്കം 'ജീവനും വെളിച്ചവും' മാസികയിൽ പ്രസിദ്ധീകരിച്ച ഡോ. സി. ജോസഫിന്റെ യൗസേപ്പ് പിതാവിനെക്കുറിച്ചുള്ള ലേഖനം വളരെ ഹൃദ്യമായി തോന്നി. വിശ്വാസത്തിന്റെ മകുടോദാഹരണമായി ലേഖകൻ വിശുദ്ധ യൗസേപ്പിതാവിനെ വളരെ സത്യസന്ധതയോടും തന്മയത്വത്തോടും ഉയർത്തിക്കാട്ടുന്നു. തീർച്ചയായും വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതം വിശ്വാസത്തിന്റെ പര്യായമാണ്. വിശ്വസ്തയുടെ നേർക്കാഴ്ചയാണ്. അതുപോലെ തന്നെ, ഇമ്മാനുവലച്ചന്റെ കുരിശ്; സഹനമരം എന്ന ലേഖനവും ഹൃദയസ്പർശിയായി തോന്നി. കുരിശ്, നമ്മുടെ നേട്ടങ്ങൾ വർധിപ്പിക്കുവാനും, കുരിശ്, ദൈവകൃപ സംരക്ഷിക്കപ്പെടുന്ന കവചമാണ് എന്നും കുരിശ്, പാപങ്ങൾക്കുള്ള ചെറിയ തിരുത്താണ് എന്നും ലേഖനത്തിലൂടെ സമർത്ഥിക്കുന്നു.

ലേഖകർക്കും മാസികയുടെ അണിയറ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ....

**ഫ്രാങ്ക്ളിൻ**, കണ്ണാന്തുറ

## ഈശോ പറയുന്നു: നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ

മാർച്ച് ലക്കം ജീവനും വെളിച്ചവും മാസികയിൽ വലിയ നോമ്പിന്റെ അർത്ഥതലങ്ങൾ വ്യക്തമാക്കുന്ന ലേഖനങ്ങൾ നന്നായിരുന്നു. ഇന്ന് നോമ്പിന്റെ പ്രാധാന്യവും പ്രസക്തിയും നമ്മിൽ നിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്നു. എന്തിനേറെ സമർപ്പിതർ പോലും ഉപവാസത്തിന്റെ വിശുദ്ധിയിലേക്ക് ദൈവജനത്തിന് പ്രചോദനവും പ്രേരണയുമാകുന്നുണ്ടോ എന്ന് സംശയമുണ്ട്. ക്ഷാരബുധൻ, ദുഃഖവെള്ളി ദിവസങ്ങളിൽ മാത്രമായി നമ്മുടെ ഉപവാസദിനങ്ങൾ ചുരുക്കപ്പെട്ടിരിക്കുന്നുവോ? എന്നാൽ നിഷ്ഠയോടെ ഉപവസിക്കുകയും പ്രാർത്ഥനയിൽ ദൈവത്തോടൊപ്പം ആയിരിക്കുകയും ദൈവാത്മാവിന്റെ ശക്തിയാൽ പുണ്യങ്ങളിൽ കരുത്താർജ്ജിച്ച തലമുറകളും പാരമ്പര്യവും നമുക്കുണ്ടായിരുന്നു എന്ന് നാം മറക്കരുത്.




യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി ജോർദാനിൽ നിന്നും മടങ്ങിയശേഷമാണ് അത്മാവ് അവനെ (യേശുവിനെ) മരുഭൂമിയിലേക്ക് നയിച്ചത് എന്ന് ലൂക്ക 4.:1 ൽ കാണുന്നു.

ഏശയ്യാ പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായം 15, 16, 17 തിരുവചനങ്ങൾ നോമ്പിന്റെ ആന്തരിക സത്തയെക്കുറിച്ച് പരാമർശിക്കുന്നു. നിങ്ങളെത്തന്നെ' കഴുകി വൃത്തിയാക്കുവിൻ' എന്ന് ഏശയ്യാ പറയുന്നു. ദൈവിക ശക്തിയാൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടാകുമ്പോഴാണ് ആന്തരികമായ കഴുകി വൃത്തിയാക്കൽ നടക്കുന്നത്. പരിശുദ്ധാത്മാവാകുന്ന അഗ്നിയാൽ അഭിഷേകം ചെയ്യപ്പെടാൻ ദൈവത്തോട് ഏറെ ചേർന്നുനിൽക്കേണ്ടതുണ്ട്. ആ ചേർന്നുനിൽപ്പാണ് ഉപവാസവും പ്രാർത്ഥനയും.

ഇന്ന് ഭക്ഷണ സമൃദ്ധിയും വികാരവിചാരങ്ങളെ കെട്ടഴിച്ചുവിട്ട് ലൗകിക ആനന്ദത്തിലും മനസ്സിന്റെ അമിത സ്വാതന്ത്ര്യത്തിലും ആനന്ദത്തിന്റെ പൂർണത കണ്ടെത്തുന്ന ലോകത്തിന് ജഡത്തിന്റെ ദുരാശകളെ നിയന്ത്രിക്കാൻ കഴിഞ്ഞു എന്ന് വരില്ല. ഈ നോമ്പുകാലത്ത് പരിശുദ്ധാത്മാവാകുന്ന നിർമ്മല ജലംകൊണ്ട് മഞ്ഞുപോലെ കഴുകി വിശുദ്ധീകരിക്കപ്പെടുവാൻ ആത്മാർത്ഥമായി ഈശോയോട് പ്രാർത്ഥിക്കാം. അങ്ങനെ ആത്മനവീകരണത്താൽ പ്രകാശിതമായ ഹൃദയത്തോടെ ഉയിർപ്പു തിരുനാൾ ആഘോഷിക്കാം.

**ജെറാൾഡ് ബി. മിരാൻഡ**, തോന്നക്കൽ

## എന്തിന് പരീക്ഷാപ്പേടി?

അധ്യാപകനായ ഷമ്മി ലോറൻസിന്റെ 'ഹായ്! പരീക്ഷ എഴുതാൻ കൊതിയാകുന്നു' ലേഖനം വായിച്ചു. ആത്മവിശ്വാസത്തോടെയും സംതൃപ്തിയോടെയും പരീക്ഷയെ സമീപിച്ചാൽ ഉയർന്ന മാർക്ക് നേടാമെന്ന് ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുന്നു ലേഖനത്തിൽ. ആസൂത്രണവും നിരന്തരമായ പരിശീലവുമാണ് മികച്ച വിജയങ്ങൾ സമ്മാനിക്കുക എന്ന് വളരെ വിശദമായും ചില ഉദാഹരണങ്ങളിലൂടെയും വ്യക്തമാക്കുന്നു. ഈ പരീക്ഷാക്കാലത്ത് അനുയോജ്യമായ ഒരു ലേഖനം. അഭിനന്ദനങ്ങൾ...

**സോഫിയ**, പുല്ലുവിള

# താളുകളിൽ


**ഉണക്കക്കമ്പുകൾ പൂക്കുന്ന കാലം** 6
ഫാ. വിൻസെന്റ് വാരിയത്ത്

**ഈസ്റ്റർ: അമർത്യതയിലേക്കുള്ള പ്രയാണം** 8
ഡോ. ഡൈസൺ

***കവിത***
**മേരി മഗ്ദലനയുടെ ഈസ്റ്റർ പ്രാർഥന** 11
ഫാ. റോൺ റോളീസർ

**കുരിശിൽ ചൊരിഞ്ഞ സ്നേഹം** 12
ബർഗ്മാൻ തോമസ്

**വെറോണിക്ക** 14
ബോബി ജോസ് കട്ടികാട്

**ബിഷപ്പ് ജോസഫ് ജി. ഫെർണാണ്ടസ്** 15
അഡ്വ. ജോയ് ശാസ്താംകോട്ട

***കഥ***
**ബോധി** 16
ടി.പി. സന്തോഷ് ബാബു

**അഭിവന്ദ്യ ജോസഫ് പവ്വത്തിൽ** 18
ഫാ. സ്റ്റീഫൻ ആലത്തറ

**ചരിത്രപഥം** 20
ഇഗ്നേഷ്യസ് തോമസ്

**വായന** 23
ഡോ. സീന ഫെലിക്സ്

**വാർത്തകൾ** 26


**നീർച്ചാൽ** 32

**കാനോൻ ലോ** 37
ഫാ. ജോസ് ജി.

**കുഞ്ഞാടുകൾ** 38

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.





ലേഖനം



# ഉണക്കക്കമ്പുകൾ പൂക്കുന്ന കാലം



**ഫാ. വിൻസെന്റ് വാരിയത്ത്**

Resurrection means reaching the best and the truest possible self എന്നെഴുതിയത് കാൾ റോജേഴ്സ് എന്ന മനശാസ്ത്രജ്ഞനാണ്. ഒരാൾക്കു സാധ്യമാകാവുന്ന ഏറ്റവും മികച്ചതും സത്യസന്ധവുമായ അവസ്ഥയിൽ എത്തുന്നതാണ് ഉയിർപ്പ്. ദൈവികതയെന്ന സ്വപ്നതുല്യമായ സാധ്യതയിലേക്ക് ഒരുവന് ഉയരാനാവും എന്നാണ് ഉത്ഥിതൻ നമ്മെ പഠിപ്പിക്കുന്നത്. ഈ സാധ്യത ഒരു തുറന്ന വാതിലായി നമ്മുടെ മുന്നിലുണ്ട്. എന്നാൽ, ഏതൊക്കെയോ ബാധ്യതകളുടെ കല്ലുരുട്ടിവച്ച് സാധ്യതയുടെ വാതിൽ നാം അടച്ചു കളയുന്നു. പിന്നെ അടഞ്ഞ കല്ലറയിൽ ജീർണിച്ച്, ദുർഗന്ധം പരത്തി നാമിങ്ങനെ...

ഉയിർപ്പിനു മുമ്പുള്ള കാലത്ത തപസ്സുകാലമെന്നു നാം വിളിക്കുന്നതെന്തുകൊണ്ട്? ആകാശത്തെ സ്വപ്നം കണ്ട് ചിറകുകൾ നെയ്തെടുക്കാൻ ഒരാൾ തപസ്സിരിക്കേണ്ട കാലമാണത്. വ്രതശുദ്ധിയോടെയുള്ള ഈ കാത്തിരിപ്പിനുശേഷം ഒരാൾ 'തപസ്സിൽ നിന്നുണരുന്ന ശലഭംപോൽ' അനന്തസ്നേഹത്തിലേക്ക് കുതിപ്പു നടത്തണം. സ്വയം ഉരുകാനും സ്വയം മരിക്കാനും സ്വയം ഒരുക്കാനുമുള്ള കാലമാണ് തപസ്സുകാലമെങ്കിൽ ഉയരാ



നും വളരാനുമുള്ള കാലമാണ് ഉയിർപ്പുകാലം.

ഉയിർപ്പിക്കപ്പെട്ട ശിഷ്യരാണ് ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ഏറ്റവും വലിയ തെളിവും സാക്ഷ്യവും എന്ന് തോമസ് അക്വീനാസ് എഴുതി. സ്വാർത്ഥത്തിൽ ചത്തു ചതഞ്ഞു ജീവിക്കുന്ന ക്രൈസ്തവർ ഉയിർപ്പിന്റെ വിരുദ്ധസാക്ഷ്യങ്ങളായിത്തീരുമെന്ന് ഇറനേവൂസ് ഓർമ്മപ്പെടുത്തി. സ്വയം ചോദിക്കേണ്ട ചോദ്യമിതാണ്. ഞാൻ ഉയിർപ്പിക്കപ്പെട്ട ക്രൈസ്തവനാണോ?

ഉയിർപ്പിക്കപ്പെട്ടവന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

### 1. അനുനിമിഷം അവൻ ക്രിസ്തുവായി മാറുന്നു

'അഗാധ പ്രണയത്താൽ ഉയിർപ്പിക്കപ്പെട്ടവർ' എന്ന് സൂഫി സന്ന്യാസികൾ സ്വയം വിളിക്കാറുണ്ട്. അവാച്യസ്നേഹത്തോടെ ഉണർവിലും ഉറക്കത്തിലും ഉരുവിടുന്നതിനെ അവർ 'ദിക്ർ' എന്നു വിളിക്കുന്നു. സലേൽ എന്നൊരു സൂഫി ഗുരു ശിഷ്യനോടു പറഞ്ഞു: ദിവസം മുഴുവൻ അല്ലാഹുവിന്റെ നാമം പ്രണയാതുരതോടെ മന്ത്രിക്കുക. പിന്നീട് ഗുരു പറഞ്ഞു: 'ഇനി രാത്രിയിലും മന്ത്രിക്കുക. ഉണർവിലും ഉറക്കത്തിലും കനവിലും നിനവിലും അല്ലാഹുവിന്റെ നാമം മാത്രം നിന്റെ അന്തഃകരണം മുഴുവൻ നിറയട്ടെ... ശിഷ്യൻ അങ്ങനെ ചെയ്തു. നീണ്ടു നില്ക്കുന്നൊരു മന്ദഹാസംപോലെയായി അവൻ. ഒരു നാൾ അവന്റെ തലയിൽ കല്ലുവന്നു വീണ് തല പൊട്ടി ചോരയൊഴുകി. നിലത്തിറ്റു വീഴുന്ന ഓരോ തുള്ളിയിലും 'അല്ലാഹു' എന്നൊരു മന്ത്രണം ഉണ്ടായിരുന്നത്രെ!

'രാമരാമ' എന്നു മന്ത്രിച്ച് കവർച്ചക്കാരൻ കാട്ടാളൻ മഹാതപസ്വി വാല്മീകിയായ കഥ ഓർക്കുക. 'ഫിലോകാലിയ'യിൽ യേശുനാമ ജപം ഹൃദയത്തിൽ നിനച്ച് ഉണക്ക മരങ്ങൾക്കിടയിൽ പൂമരങ്ങളായി നിന്ന സഭാപിതാക്കന്മാരെ ഓർക്കുക. അനുനിമിഷം ക്രിസ്തുവിലേക്കുള്ള ദൂരം കുറയ്ക്കുക. എന്നിലൂടെ നടക്കാനേ എന്റെ കാലുകൾക്കറിയു എന്നതു സത്യമാണെങ്കിലും 'ഞാൻ അപ്രത്യക്ഷനാകുമ്പോഴേ ക്രിസ്തു പ്രത്യക്ഷനാകു എന്നു ഞാനറിയണം. അതിനു ഞാൻ ധ്യാനിക്കണം.

### 2. ക്രിസ്തുവിന്റെ കണ്ണുകളിലൂടെ കാണാൻ അവൻ പഠിക്കുന്നു

എമ്മാവൂസിലേക്കുള്ള വഴിയും എമ്മാവൂസിൽനിന്നുള്ള വഴിയും രണ്ടു ധ്രുവങ്ങൾ പോലെയാണ്. യേശുവിന്റെകൂടെ നടന്ന ശിഷ്യർക്ക് മന്ദതയും മ്ലാനതയും അന്ധതയും മാറി, ഹൃദയത്തിലെ അഗ്നി അവർ തെളിഞ്ഞുകണ്ടു. ഗുരുവിന്റെ കണ്ണിലൂടെ നോക്കിയപ്പോൾ എന്തിലും ഏതിലും ഉയിർപ്പിന്റെ മുദ്രമാത്രം.

രണ്ടാം ലോകമഹായുദ്ധകാലത്ത് ഫ്രാൻസിൽ ബോംബേറിൽ തകർന്ന് ഗ്രാമപ്പള്ളിയുടെ അൾത്താരമേശ സർജറിടേബിളായി മാറി. ശരീരമാസകലം മുറിവേറ്റ ഭടനോട് ഡോക്ടർ പറഞ്ഞു: 'അനസ്തെറ്റിക്സ് എല്ലാം നഷ്ടപ്പെട്ടു. നിന്നെ ഞാൻ ശസ്ത്രക്രിയയ്ക്കു വിധേയനാക്കണം. നിനക്കു ധൈര്യമുണ്ടോ?'

അൾത്താരമേശമേൽ കിടന്നുകൊണ്ട് ക്രൂശിതരൂപത്തിലേക്കു കണ്ണെറിഞ്ഞ് അവൻ പറഞ്ഞു: അവനെ നോക്കിക്കിടക്കുവോളം എനിക്കെല്ലാം മാനേജ് ചെയ്യാനാവും! അവനെ നോക്കാനും അവനിലൂടെ നോക്കാനുമാവുമ്പോൾ

'തളച്ചിട്ട ദുഃഖങ്ങൾ ഞങ്ങൾ,
കവാടം തകർത്തെത്തുമേതോ
സഹസ്രാംശുവെക്കാത്തു
കാത്തസ്തമിക്കുന്ന മോഹങ്ങൾ ഞങ്ങൾ...'

എന്ന് ഒരുവനും വിലപിക്കാതാവും.

ജിബ്രാന്റെ കവിതയിലെ കുഞ്ഞിനെപ്പോലെ 'ദൈവമേ, ഇരുട്ടു കൂട്ടണേ എന്നു ഞാൻ പ്രാർത്ഥിക്കും. കാരണം ഇരുട്ടു കൂടുമ്പോൾ നക്ഷത്രങ്ങളുടെ വെട്ടം കൂടും..' എന്നു പറയുന്നയാളാണ് യേശുവിന്റെ കണ്ണുള്ളയാൾ.

### 3. 'ഞാൻ കർത്താവിനെ കണ്ടു' എന്ന് അവൻ പറയാതെ പറയാൻ തുടങ്ങുന്നു

റഷ്യൻ എഴുത്തുകാരൻ തിയഡോർ സോളൊഗുമ്പിന്റെ വെളുത്ത അമ്മ' എന്ന ചെറുകഥയിൽ, മരിച്ചു പോയ ഭാര്യയെക്കുറിച്ചുള്ള ഓർമ്മയിൽ അലയുന്ന യുവാവ് തെരുവിന്റെ മൂലയിൽ ഏകാകിയായ കുഞ്ഞിനെ കണ്ടെത്തുന്നു. പിന്നീട് ആ അനാഥക്കുഞ്ഞിനെ ദത്തെടുക്കാൻ അയാൾ തീരുമാനിക്കുന്നു. ഈസ്റ്ററിനു തലേരാത്രിയിൽ സന്തോഷം തുടിച്ചു നില്ക്കുന്ന വിദൂരതയിൽനിന്നുള്ള ദേവാലയ മണിനാദവുമായി ആ കുഞ്ഞു അടുത്തുവന്നു. മൃദുവായ ഒരു സ്വരം അയാൾ കേട്ടു. 'കർത്താവ് ഉയിർത്തെഴുന്നേറ്റു'.

ടോൾസ്റ്റോയിയുടെ Ressurection – ൽ തന്റെ വഴിതെറ്റിയ ജീവിതം ശരിയാകുമെന്ന് ഈസ്റ്റർ രാത്രിയിൽ കഥാനായകൻ തീരുമാനമെടുക്കുന്നു. അപ്പോൾ പാതിരാക്കുർബാനയ്ക്കുള്ള മണി മുഴങ്ങി. അയാളും സ്വയം പറയുന്നു: 'ഇത്തവണ കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു'.

എത്ര പാതിരാക്കുർബാനകളിൽ പങ്കെടുത്തു. എത്രവട്ടം മണിനാദം കേട്ടുണർന്നു. എന്നിട്ടും ക്രിസ്തു എന്നിൽ ഉയിർക്കാത്തതെന്തേ?

'ഞാൻ കർത്താവിനെ കണ്ടു എന്നു വാക്കിലൂടെ, നോക്കിലൂടെ, ചലനത്തിലൂടെ പ്രഘോഷിക്കാൻ എനിക്കാവാത്തതെന്തേ?

'ദൈവമേ! ഇത്തവണയെങ്കിലും പള്ളിമണി അകത്തു മുഴങ്ങിയെങ്കിൽ!

മാസം നോക്കിയാൽ പച്ചക്കമ്പ് ഉണങ്ങുന്ന കാലത്താണ് ഈസ്റ്റർ.

എന്നാൽ, ക്രിസ്തീയതയിൽ ഇത് ഉണക്കക്കമ്പുകൾ പൂക്കുന്ന കാലമാണ്.

നിങ്ങളുടെ കമ്പിൽ പൂവിരിഞ്ഞോ? ■



ലേഖനം



# ഈസ്റ്റർ അമർത്യതയിലേക്കുള്ള പ്രയാണം

ലോകത്ത് മറ്റാർക്കുമില്ലാത്ത സ്വീകാര്യത യേശുവിന് ലഭിക്കാൻ കാരണം യേശുവിന്റെ ഉത്ഥാനമാണ്. യേശുവിന് മാത്രമേ സ്വന്തം ശക്തിയാൽ ഉയിർത്തെഴുന്നേൽക്കാൻ സാധിക്കുകയുള്ളൂ; എന്തെന്നാൽ യേശു ദൈവമാണ്. മനുഷ്യനായി അവതരിച്ച ദൈവം സ്വയം കുരിശുമരണത്തിന് വിട്ടുകൊടുത്തുകൊണ്ട് സ്വന്തം ശക്തിയാൽ ഉത്ഥാനം ചെയ്ത പുണ്യദിനമാണ് ഈസ്റ്റർ. മനുഷ്യപുത്രൻ വീണ്ടും ദൈവപുത്രനായ സുദിനം. മർത്യതയിൽനിന്നും അമർത്യതയിലേക്കുള്ള ഓരോ മനുഷ്യന്റെ പ്രയാണവും ഈസ്റ്റർ അനുഭവമാണ്.



ഡോ. ഡൈസൺ

## ഉത്ഥാനം സത്യത്തിന്റെ വിജയം

അനേകം വ്യാജ മിശിഹാമാരെ കണ്ട യഹൂദജനം തെവുദാസിൽ ചില പ്രത്യേകതകൾ കണ്ടു. ഏകദേശം 400 പേർ അവന്റെ ശിഷ്യത്വം സ്വീകരിച്ചു. അധികനാൾ മിശിഹയായി തെവുദാസിന് മുന്നോട്ടുപോകാൻ സാധിച്ചില്ല. അവനിലെ കപടത തിരിച്ചറിഞ്ഞ ജനങ്ങൾ അവനെ വധിക്കുകയും അവന്റെ ശിഷ്യരെ ചിതറിക്കുകയും ചെയ്തു. കനേഷുമാരിക്കാലത്ത് ഗലീലിയനായ യൂദാസ് പ്രത്യ



**ഉത്ഥാനമെന്നാൽ ഏറ്റവും മികച്ചതും സത്യസന്ധവുമായ അവസ്ഥയിൽ എത്തുന്നതാണെന്ന് കാൾറോജേഴ്സ് എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നു. ഒരു ക്രിസ്ത്യാനിയുടെ ഏറ്റവും മികച്ച അവസ്ഥ ക്രിസ്തുവായി മാറുക എന്നതാണ്.**

ക്ഷപ്പെട്ട് താനാണ് മിശിഹായെന്നുപറഞ്ഞ് കുറെപ്പേരെ അനുയായികളാക്കി. അവനും നശിച്ചുപോയി. അനുയായികൾ തൂത്തെറിയപ്പെടുകയും ചെയ്തു. ഉത്ഥാനം ചെയ്തില്ലായെങ്കിൽ യേശുവിനെയും ഈ ലോകചരിത്രം തെവുദാസിനെപ്പോലെ, ഗലീലിയനായ യൂദാസിനെപ്പോലെ കള്ള പ്രവാചകനായി, കരുതുമായിരുന്നു. പറഞ്ഞതുപോലെ ഉത്ഥാനം ചെയ്തുകൊണ്ട് (മത്താ. 28:6) യേശു ദൈവവും സത്യസന്ധനായ പ്രവാചകനും മിശിഹായുമാണെന്ന് വെളിപ്പെടുത്തി. യേശുതന്നെ സത്യമാകുമ്പോൾ (യോഹ. 14:6) വ്യാജം പറയാൻ ദൈവം മനുഷ്യനല്ല. അനുതപിക്കാൻ അവിടുന്നു മനുഷ്യപുത്രനുമല്ല. പറഞ്ഞത് അവിടുന്ന് ചെയ്യാതിരിക്കുമോ? പറഞ്ഞതു നിറവേറ്റാതിരിക്കുമോ? (സംഖ്യ 23:19). യേശു പറഞ്ഞ സത്യം തന്റെ ഉത്ഥാനത്തിലൂടെ നിറവേറ്റി. യേശു മനുഷ്യാവതാരം ചെയ്ത ദൈവമായതുകൊണ്ട് അവൻ പറയുന്നതുപോലെ സംഭവിക്കും. എഫ്ഫാത്ത (തുറക്കപ്പെടട്ടെ) എന്ന് പറഞ്ഞപ്പോൾ ചെകിടന്റെ ചെവി തുറന്നു (മർക്കോസ് 7.34). തലീത്താകും എന്ന് പറഞ്ഞപ്പോൾ മരിച്ച ബാലിക ജീവനിലേക്ക് വന്നു (മർക്കോസ് 5:41). അപ്പമെടുത്ത് ഇത് എന്റെ ശരീരമാണെന്ന് പറഞ്ഞപ്പോൾ അത് യേശുവിന്റെ ശരീരമായി. യേശു സത്യമാണ്, അവന്റെ വചനം സത്യമാണ്. അവന്റെ ഉത്ഥാനം സത്യത്തിന്റെ വിജയമാണ്.

യേശുവിന്റെ ഉത്ഥാനത്തെ നിഷേധിക്കാൻ യഹൂദ നേതാക്കൾ കാവൽക്കാരിലൂടെ നടത്തിയ വ്യാജ പ്രചരണം ജനങ്ങൾ തള്ളി (മത്താ. 28:11-15). പണം കൊണ്ട് ഇല്ലാതാകുന്നതല്ല സത്യം. സത്യത്തെ കല്ലറയ്ക്കുള്ളിലോ, കടലിനടിയിലോ, മേഘങ്ങൾക്കിടയിലോ എവിടെ മറച്ചാലും മൂന്നാം ദിവസം ഉയിർക്കും. ശിഷ്യന്മാർ യേശുവിന്റെ മൃതശരീരം കവാൽക്കാർ പറഞ്ഞതുപോലെ മോഷ്ടിച്ചുവെങ്കിൽ സ്ത്രീകളുടെ സാക്ഷ്യംകേട്ട് പത്രോസും യോഹന്നാനും കല്ലറയിലേക്ക് ഓടിപ്പോകുമായിരുന്നില്ല. യേശുവിന്റെ കച്ചയും തലയിൽ കെട്ടിയ തൂവാലയും മടക്കിവച്ചിരിക്കുന്നതായിട്ടാണ് യോഹന്നാന്റെ സുവിശേഷത്തിൽ നാം ദർശിക്കുന്നത് (യോഹ. 21:5-7). ആഴ്ചയുടെ ഒന്നാം ദിവസം ഭൂകമ്പമുണ്ടായതും കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങിവന്ന് കല്ലുരുട്ടി മാറ്റുന്നതും, ഉത്ഥിനായ യേശു സ്ത്രീകളെ അഭിവാദനം ചെയ്യുന്നതും അവന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ച് അവർ ആരാധിച്ചതും കണ്ട ദൃക്സാക്ഷികൾ കാവൽക്കാരാണ് (മത്താ. 28:1-11). യൂദാസിനെ പണം കൊണ്ട് കീഴ്പ്പെടുത്തിയവർ സത്യത്തെ ഇല്ലാതാക്കാൻ, മറച്ചുവയ്ക്കാൻ കാവൽക്കാർക്ക് പണം നൽകി വ്യാജവാർത്ത പരത്തിയെങ്കിലും ആരും അത് വിശ്വസിച്ചില്ല. കാരണം യേശു പറഞ്ഞതുപോലെ ഉത്ഥാനം ചെയ്തു. ശിഷ്യന്മാരും സ്ത്രീകളും ഉത്ഥിതനായ യേശുവിനെ കണ്ട് വിശ്വസിച്ചു. മറിയം കാണാതെ വിശ്വസിച്ച് ഭാഗ്യവതിയായി.

സ്വാർത്ഥതയ്ക്കുവേണ്ടി സത്യത്തെ കുരുതി കൊടുക്കുമ്പോഴെല്ലാം ദുഃഖവെള്ളി ആവർത്തിക്കപ്പെടുന്നു. എന്നാൽ ക്രൂശിക്കപ്പെടുന്ന സത്യം വിജയിക്കുമ്പോൾ ഉത്ഥാനം ആവർത്തിക്കപ്പെടുന്നു. യേശുവെന്ന സത്യത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്തോറും അവൻ വിജയിച്ചുകൊണ്ടും വളർന്നുകൊണ്ടുമിരുന്നു. യേശുവെന്ന സത്യത്തെ ആർക്കും ഇല്ലായ്മ ചെയ്യാൻ സാധിക്കുകയില്ല. ഏതു സുരക്ഷിത കല്ലറക്കുള്ളിൽ ബന്ധിച്ചാലും അവൻ മൂന്നാം ദിവസം ഉത്ഥാനം ചെയ്യും. കാരണം അവൻ സത്യം തന്നെയായ ദൈവമാണ്.

### ഉത്ഥാനം 'അപ്പുറത്തേക്കുള്ള' പ്രയാണം

ആദിയിൽ ദൈവം മനുഷ്യരെ സൃഷ്ടിച്ചത് മരണമില്ലാതെയാണ്. പാപം ചെയ്തതിലൂടെയാണ് മനുഷ്യൻ മരണത്തെ ജീവിതത്തിലേക്ക് ക്ഷണിച്ചുവരുത്തിയത്. അമരത്വമുണ്ടായിരുന്ന ആദം വെറും മർത്ത്യനായി മാറിയത് പാപം ചെയ്തതുകൊണ്ടാണ്. അവന്റെ മുമ്പിലുണ്ടായിരുന്ന പറുദീസായുടെ കവാടം അടയ്ക്കപ്പെട്ടു. മനുഷ്യകുലത്തിന്റെ മേൽ വന്നുഭവിച്ച ദുരവസ്ഥയെ ഇല്ലാതാക്കുവാൻ മനുഷ്യരെ സ്നേഹിച്ച ദൈവം മനുഷ്യനായി. മനുഷ്യനായി അവതരിച്ച ദൈവം മരണത്തിനു കാരണമായ പാപത്തെ തന്റെമേൽ ഏറ്റെടുത്തുകൊണ്ട് കാൽവരിയിൽ പരിഹാരം ചെയ്തു. അങ്ങനെ മരണത്തെ കീഴ്പ്പെടുത്തി വീണ്ടും മനുഷ്യനെ നിത്യതയിലേക്ക് ക്ഷണിക്കുകയും, സ്വർഗകവാടം തുറന്നുകൊടുക്കുകയും ചെയ്തു. മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നില്ല; ആരംഭിക്കുന്നതേയുള്ളൂവെന്ന വലിയ സത്യമാണ് യേശുവിന്റെ ഉത്ഥാനം പഠിപ്പിക്കുന്നത്.

ഒരുകാലത്ത് ലോകം ആദരിച്ച നാവികശക്തിയായിരുന്നു സ്പെയിൻ. യൂറോപ്പിന്റെയും ആഫ്രിക്കയുടെയും ഇടയ്ക്ക് കിട

ക്കുന്ന കടലിടുക്കായ ജിബ്രാൾട്ടർ സ്പെയിൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. ജിബ്രാൾട്ടറിലാണ് അറ്റ്ലാന്റിക് സമുദ്രവും മെഡിറ്ററേനിയൻ കടലും സന്ധിക്കുന്നത്. അക്കാലത്ത് സ്പെയിൻ പുറത്തിറക്കിയ നാണയങ്ങളിൽ ലത്തീൻ ഭാഷയിൽ 'അപ്പുറത്ത് ഒന്നുമില്ല' എന്ന് അർത്ഥമുള്ള 'NIHIL ULTRA'എന്ന് എഴുതിയിരുന്നു. കാരണം സ്പെയിൻ സാമ്രാജ്യത്തിന്റെ അതിരുകല്ല് അറ്റ്ലാന്റിക് സമുദ്രമാണ്. സമുദ്രത്തിനപ്പുറം ഒന്നുമില്ല എന്ന ധാരണയിൽ സമുദ്രാതിർത്തിയെ ലോകാതിർത്തിയായി കണ്ടു. എന്നാൽ 1492 ൽ ക്രിസ്റ്റഫർ കൊളംബസ് ബഹാമാസ് ദ്വീപും ക്യൂബയും കണ്ടെത്തിയപ്പോൾ അറ്റ്ലാന്റിക് സമുദ്രത്തിന് 'അപ്പുറത്ത്' വീണ്ടുമൊരു ലോകമുണ്ടെന്ന സത്യം അന്നത്തെ ലോകം തിരിച്ചറിഞ്ഞു. അതിനുശേഷം നാണയങ്ങളിൽ ലിഖിതം മാറി 'PLUS ULTRA' എന്നായി. അതിന്റെയർത്ഥം അപ്പുറത്ത് പലതുമുണ്ട്. മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നുവെന്ന് കരുതിയ ലോകത്തിന് അറിയാത്ത, നിത്യമായ, മനുഷ്യനിർമ്മിതമല്ലാത്ത സ്വർഗലോകമുണ്ടെന്ന് യേശുവിന്റെ ഉത്ഥാനം പഠിപ്പിക്കുന്നു. എ.ഡി. 250 ൽ പത്രോസിന്റെ പിൻഗാമിയായ ഫാബിയാൻ മാർപാപ്പയെയും കൂട്ടരെയും ഡയക്ലീഷിയൻ ചക്രവർത്തിയുടെ കൽപ്പനപ്രകാരം അറസ്റ്റുചെയ്ത് കൊലക്കളത്തിലേക്ക് കൊണ്ടുപോയി. പോകുംവഴി കൂട്ടത്തിലൊരാൾ ചോദിച്ചു, നമ്മൾ എങ്ങോട്ടാണ് പോകുന്നത്? ഫാബിയാൻ മാർപാപ്പ മറുപടി പറഞ്ഞു: നമ്മൾ അപ്പുറത്തേക്ക്, നമ്മുടെ പിതൃഭവനത്തിലേക്ക് പോകുന്നു.

ഈ ലോകത്തിനപ്പുറമുള്ള പിതാവിന്റെ ഭവനത്തിലാണ് മരണശേഷം യേശു സ്ഥലം സജ്ജമാക്കിയിരിക്കുന്നത് (യോഹ. 14:3). ദൈവം നമുക്ക് നൽകിയ ഭൗതിക ശ്വാസം കുഴിമാടത്തിൽ നിലയ്ക്കുന്നു. ജോബിന്റെ പുസ്തകം പറയുന്നു: "ദൈവം തന്റെ ചൈതന്യം പിൻവലിച്ചാൽ, തന്റെ ശ്വാസം തിരിച്ചെടുത്താൽ മനുഷ്യൻ നശിക്കും" (ജോബ് 34:14). എന്നാൽ കുഴിമാടത്തിനപ്പുറം ദൈവം നൽകുന്നത് നിത്യതയുടെ ജീവശ്വാസമാണ്. ആദത്തിന്റെ പാപത്തിലൂടെ മരണമുണ്ടായെങ്കിൽ യേശുദേവന്റെ ഉത്ഥാനത്തിലൂടെ ജീവനുണ്ടായി (റോമ. 5:15). യേശു തന്റെ ഉത്ഥാനത്തിലൂടെ മരണത്തെ സ്വർഗം തുറക്കുവാനുള്ള താക്കോലായി, സ്വർഗത്തിലേക്കുള്ള പാലമായി, കവാടമായി മാറ്റി. മരണത്തിലൂടെ ഈ ലോകവുമായുള്ള പൊക്കിൾക്കൊടിബന്ധം മുറിയുന്നു. എന്നാൽ സ്വർഗവുമായുള്ള പൊക്കിൾക്കൊടിബന്ധം ആരംഭിക്കുന്നു. മരണത്തോടെ എല്ലാം അവസാനിക്കുന്നില്ല; ആരംഭിക്കുന്നതേയുള്ളൂ.

## ഉത്ഥാനം ഞാനിൽ നിന്നും ക്രിസ്തുവിലേക്കുള്ള ദൂരം

ഉത്ഥാനമെന്നാൽ ഏറ്റവും മികച്ചതും സത്യസന്ധവുമായ അവസ്ഥയിൽ എത്തുന്നതാണെന്ന് കാൾറോജേഴ്സ് എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നു. ഒരു ക്രിസ്ത്യാനിയുടെ ഏറ്റവും മികച്ച അവസ്ഥ ക്രിസ്തുവായി മാറുക എന്നതാണ്. എന്നിലെ ഞാൻ ഇല്ലാതായി ക്രിസ്തുവായി മാറുമ്പോൾ എനിക്ക് ഉത്ഥാനമുണ്ടാകുന്നു. ഒരിക്കൽ ഗുരു ശിഷ്യനോട് പറഞ്ഞു: ദിവസം മുഴുവൻ ദൈവനാമം പ്രണയാതുരതയോടെ മന്ത്രിക്കുക. ഗുരു വീണ്ടും പറഞ്ഞു: ഊണിലും ഉറക്കത്തിലും ഇരിക്കുമ്പോഴും നിൽക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ദൈവനാമം മന്ത്രിക്കുക. ശിഷ്യൻ അങ്ങനെ ചെയ്തു. ഒരുനാൾ ഒരുകല്ല് ശിഷ്യന്റെ തലയിൽവീണ് തലപൊട്ടി ചോരയൊഴുകി. നിലത്തുവീണ ഓരോ തുള്ളിചോരയും ദൈവനാമം ഉച്ചരിക്കുകയായിരുന്നു. എന്നിൽ ഞാൻ ഇല്ലാതായി ക്രിസ്തു നിറയുമ്പോൾ ഉത്ഥാനം സംഭവിച്ചുകഴിഞ്ഞു. അപ്പോൾ എന്റെ നിഴലിലും ക്രിസ്തുവുണ്ടായിരിക്കും.

ഓരോ ശ്വാസത്തിലും ക്രിസ്തുവിനെ ഇല്ലായ്മ ചെയ്യാൻ അഹങ്കാരത്തിന്റെ അശ്വത്തിലേറിയ സാവൂൾ ക്രിസ്തുവിനെ പ്രഘോഷിക്കുന്ന ക്രിസ്തുശിഷ്യനാകുന്ന അനുഭവമാണ് ഉത്ഥാനാനുഭവം. ഫ്രാൻസിസ് അസീസിയും ഉത്ഥാനാനുഭവത്തിലൂടെ കടന്നുപോയി. ഒരുകാലത്ത് താന്തോന്നിയും പാപിയുമായിരുന്ന ഫ്രാൻസിസ് ദൈവസ്നേഹം വിളമ്പുന്ന, സമാധാനത്തിന്റെ ആശ്ലേഷം നൽകുന്ന ദൈവത്തിന്റെ മാലാഖയായി മാറിയത്. അവൻ മുഴുവനും ക്രിസ്തുവായി മാറിയതുകൊണ്ടാണ്. ഉത്ഥാനത്തിലേക്കുള്ള ദൂരം ഞാനിൽനിന്നും ക്രിസ്തുവിലേക്കുള്ള ദൂരമാണ്. ദുർത്തപുത്രനിൽ നിന്നും ദൈവപുത്രനിലേക്കുള്ള ദൂരം താണ്ടാൻ നാം ക്രിസ്തുവാകണം. മൈക്കൾ ആഞ്ചലോയുടെ കലാസൗന്ദര്യത്തിൽ ആകൃഷ്ടനായി അദ്ദേഹത്തെ സമീപിച്ച ശിഷ്യനോട് എന്താണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ മറുപടി ഇങ്ങനെയായിരുന്നു. അങ്ങയെപ്പോലെ ആകണം. മൈക്കൾ ആഞ്ചലോ ആ ശിഷ്യനോട് പറഞ്ഞു: നിന്റെ കൈകൾ എന്റെ കരങ്ങളോട് ചേർത്തുവയ്ക്കുക. നിന്റെ നെഞ്ച് എന്റെ ഹൃദയത്തോട് ചേർത്തുവച്ച് മിഴികൾ എന്റെ മിഴികളിൽ ഉറപ്പിക്കുക. നിനക്ക് എന്റെ കലാനൈപുണ്യം ഉണ്ടാകും. കുരിശിലെ വിശുദ്ധ യോഹന്നാൻ തന്റെ കവിതാശകലത്തിലൂടെ കുറിക്കുന്നു:

പ്രിയനേ, ഞാൻ സ്നേഹത്താൽ മരിക്കുകയാണ്

ഞാൻ എന്തുചെയ്യണം

പ്രിയൻ മറുപടി മൊഴിഞ്ഞു:

എങ്കിൽ എന്റെ മാധുര്യഹൃദയമേ, മരിക്കുക

ഞാനല്ലാത്ത സർവതിനോടും മരിക്കുക

ഇതിനേക്കാൾ സൗന്ദര്യമുള്ളതെന്താണ്.

ക്രിസ്തുവല്ലാത്ത സർവതിനോടും മരിച്ചാൽ ശേഷിക്കുന്നത് ക്രിസ്തുമാത്രമായിരിക്കും. സാധുവായ ഒരു സന്യാസി സ്വർഗത്തിന്റെ വാതിലിൽ മുട്ടി. വാതിൽ തുറക്കപ്പെട്ടു. കാവൽക്കാരൻ പറഞ്ഞു നിങ്ങൾക്ക് സ്വന്തമായിട്ടുള്ളതെല്ലാം പുറത്തുകളഞ്ഞിട്ടുവരിക. സാധുവായ സന്യാസി ആശ്ചര്യത്തോടെ ചോദിച്ചു. ഉടുതുണിപോലും കളഞ്ഞു. എനിക്ക് ഇനി എന്താണ് കളയാനുള്ളത്?

കാവൽക്കാരൻ പറഞ്ഞു. നിങ്ങളുടെ ഉള്ളിൽ ഇപ്പോഴും നിങ്ങൾ നിങ്ങളെ ചുമക്കുന്നുണ്ട്. എന്നിലെ ഞാൻ മാറി ക്രിസ്തു ജീവിക്കുമ്പോഴാണ് ഉത്ഥാനമുണ്ടാകുക.

യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (മത്താ. 28:20). എന്നരുൾചെയ്ത് ഈശോ, പറഞ്ഞതുപോലെ ഉത്ഥാനം ചെയ്തു. അവൻ ഉത്ഥാനംചെയ്തത് ആരും അനാഥരാകാതിരിക്കാൻ വേണ്ടിയാണ്. ഒരിക്കൽ സാഹിത്യകാരനായ മാക്സിം ഗോർക്കി ലിയോ ടോൾസ്റ്റോയിയെ കടൽത്തീരത്തുവച്ചുകണ്ടു. അദ്ദേഹവുമായുള്ള കൂടിക്കാഴ്ചയിൽ ഗോർക്കി തന്റെ സുഹൃത്തുക്കളോടുപറഞ്ഞു: "ഈ മനുഷ്യൻ ജീവിച്ചിരിക്കുന്നിടത്തോളം ഞാൻ അനാഥനായിരിക്കുകയില്ല"! ലോകത്ത് ആരുമില്ലാത്തവർക്ക് എല്ലാമാണ് ക്രിസ്തു. യേശു പറയുന്നു: ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും (യോഹ. 14:18). പറഞ്ഞതുപോലെ ഉത്ഥാനത്തിലൂടെ അവൻ നമ്മുടെ അടുത്തേക്ക് വന്നിരിക്കുന്നു. ■




# മേരി മഗ്ദലനയുടെ ഈസ്റ്റർ പ്രാർത്ഥന

ഉയിർത്തെഴുന്നേല്പ്
ആശങ്ക പടർത്തുമെന്നോ
ഇത്രമേലെന്നിൽ നോവുകളുണരുമെന്നോ
തോരാമിഴിനീരായ് പെയ്യുമെന്നോ
ഓർത്തതേയില്ല ഞാൻ

ഒഴിഞ്ഞ കല്ലറയ്ക്ക് പുറത്ത്
നീ തന്നെയായി
അതേയലിവിൻ നറും ചിരിയുമായി
നിന്നെക്കണ്ടതെത്രയാശ്വാസം

ഉൾത്താപമാണ്
എനിക്കായിനി നീയില്ലയെന്നല്ല
നീയെനിക്കായിരുന്നതൊക്കെയും
എല്ലാമറിയാവുന്ന
തൊട്ടുണർത്താവുന്ന മുകരാവുന്ന
അണച്ചുനിർത്താവുന്നൊരാൾ
കർത്താവെന്ന് അകന്നുവണങ്ങും
മൂർത്തിയല്ല
ഉള്ളകങ്ങൾ വായിക്കും
മനുഷ്യത്വമായിരുന്നയാൾ
കടന്നുപോയെന്നതിൽ.

ചേർന്നിരിക്കണമെനിക്ക്
എത്രമേൽ നീ തടഞ്ഞാലും
നിന്റെ മേനിയിലേക്ക്
നിന്റെയുമെന്റെയും
കോർത്തുപിടിക്കാവുന്ന
മർത്യാവസ്ഥയിലേക്ക്
നമ്മുടേതായിരുന്നവയിലേക്ക്
നമ്മുടെ ഇന്നലെകളിലേക്ക്.

എന്നാലും അറിയാമെനിക്ക്....
നിന്നെ കൈവിടാഞ്ഞാൽ
നിന്റെയാരോഹണങ്ങൾ നിലയ്ക്കുമെന്ന്
നീ പൊഴിച്ചിട്ട ഇന്നലെകളിലേക്ക്
ഞാൻ മാഞ്ഞുമറഞ്ഞേക്കുമെന്ന്
നിന്റെയീ പുതുകാഴ്ചയെ
ചേർത്തണയ്ക്കാതെ വയ്യെനിക്ക്

*മൊഴിമാറ്റം:* **ഡോ. ഐറിസ് കൊയ്‌ലിയോ**



**ഫാ. റോൺ റോളീസർ**



ലേഖനം

# കുരിശിൽ ചൊരിഞ്ഞ സ്നേഹം



ബർഗ്മാൻ തോമസ്

*'ചങ്കിലും ഞങ്ങളെയങ്ങു*
*ചേർത്തുകൊൾവാൻ പ്രിയം നിന്റെ*
*ചങ്കുകൂടെ മാനുഷർക്ക്*
*തുറന്നോ പുത്രാ...'*
*-പുത്തൻപാന*

ആരാണ് ക്രിസ്തു എന്ന ചോദ്യത്തിന് സ്നേഹത്തിന്റെ സുവിശേഷമാണ് ക്രിസ്തു എന്ന് ഉത്തരം.

ചിന്തകളെ വിചാരങ്ങളെ വികാരങ്ങളെ ജീവിതത്തെത്തന്നെയും വിഭജിച്ചെടുക്കുന്ന, സ്നേഹം മഞ്ഞുപോലെ തണുത്തുറഞ്ഞുപോയ ഒരു കാലത്താണ് നാം ജീവിക്കുന്നത്. മർദ്ദകമായ സാമൂഹിക ഘടനയിലും ചൂഷണത്തിന്റെ വ്യവസ്ഥിതിയിലും വർഗവിവേചനത്തിലും അതിജീവന ശബ്ദങ്ങളുടെ അടിച്ചമർത്തലിലും പാപം എന്നും ഉണ്ട്. പാപപങ്കിലമായ അസംഖ്യം സ്ഥിതിവിശേഷത്തിനുമുൻപിലാണ് ക്രിസ്തു സ്നേഹം പ്രതിഷ്ഠിച്ചത്. സ്നേഹത്തെക്കുറിച്ച് ആദ്യം പറഞ്ഞതും ക്രിസ്തുവാണ്. അഥവാ ക്രിസ്തു സ്നേഹം തന്നെയായിരുന്നു. മുപ്പത്തിമൂന്നുവർഷത്തെ ആ ജീവിതവും ചിന്തകളും 'നിങ്ങൾ പരസ്പരം സ്നേഹിക്കുക' എന്ന ഒറ്റ വാചകത്തിന്റെ വജ്രത്തിളക്കത്തിലേക്കു ചെത്തിമിനുക്കിയെടുത്തു.

തെറ്റിൽ കുരുക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരും കൂടി ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവന്ന് പറഞ്ഞു; ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കല്പിച്ചിരിക്കുന്നത്. നീ എന്തുപറയുന്നു? ക്രിസ്തുവാകട്ടെ നിങ്ങളിൽ പാപമില്ലാത്തവർ അവളെ കല്ലെറിയട്ടെ എന്നു പറഞ്ഞ് പാപപങ്കിലമായ ആ ഉത്സവകാഴ്ചയ്ക്കു

മുന്നിൽ മിഴിപോലുമുയർത്താതെ കുനിഞ്ഞ് നിലത്തെഴുതിക്കൊണ്ടിരുന്നു. ആ നിലത്തെഴുത്ത് എന്താവും എന്ന് പലകുറി ഞാൻ മനനം ചെയ്തിട്ടുണ്ട്. L.O.V.E. അല്ലാതെ മറ്റെന്താവാനാണ്?

കോഴി കൂകുന്നതിനുമുൻപ് മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിക്കും എന്ന ഗുരുമൊഴിക്കു പിന്നാലെ, ഇല്ല ആ മനുഷ്യനെ ഞാൻ അറിയുകയില്ല എന്ന് മൂന്നാംതവണയും ആണയിട്ട പത്രോസ്, തന്നെ നോക്കുന്ന സ്നേഹത്തെ കണ്ട് നെഞ്ചുപൊട്ടിക്കരയുന്ന ഹൃദയസ്പർശിയായ ഒരു മുഹൂർത്തം മത്തായിയുടെ സുവിശേഷത്തിലുണ്ട്. ഉയിർത്തശേഷം ക്രിസ്തു പത്രോസിനു പ്രത്യക്ഷപ്പെട്ട്, യോനായുടെ പുത്രനായ ശെമയോനേ നീ എന്നെ സ്നേഹിക്കുന്നുവോ? ഉവ്വ്, കർത്താവേ നിനക്കറിയില്ലേ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് മൂന്നാമതും പറഞ്ഞ് പത്രോസ് അതീവ ദുഃഖിതനായി എന്ന് യോഹന്നാന്റെ സുവിശേഷവും പറയുന്നുണ്ട്. കാരണം പത്രോസിനു ക്രിസ്തു അളവില്ലാത്ത സ്നേഹമായിരുന്നു. മറ്റൊരർത്ഥത്തിൽ ക്രിസ്തു പത്രോസിനെ വീണ്ടെടുക്കുകയായിരുന്നു. അന്നു തൊട്ട് ഇന്നേവരേയും തള്ളിപ്പറയാനിരിക്കുന്നവന്റെ നേർക്ക് അതേ ചോദ്യം അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു;

'നീ എന്നെ സ്നേഹിക്കുന്നുവോ?'

ഗുരുവിനെ ഒറ്റിക്കൊടുത്ത ശിഷ്യന്മാരിലൊരാളായ യൂദാസ് ക്രിസ്തുവിനെ കുരിശിൽ തറച്ചു എന്നറിഞ്ഞമാത്ര ഒറ്റുകാശായ മുപ്പതു വെള്ളിനാണയങ്ങൾ അന്നത്തെ അധികാരകേന്ദ്രമായ ദേവാലയത്തിനു മുന്നിലേക്കു വലിച്ചെറിഞ്ഞ്, കുറ്റബോധംകൊണ്ട് നീറിപ്പിടഞ്ഞ് അക്കൽദാമയിലേക്ക് ഓടുമ്പോൾ വിളിച്ചു കൂവുക, 'നിഷ്ക്കളങ്ക രക്തത്തെ (സ്നേഹത്തെ) ഒറ്റിക്കൊടുത്ത് ഞാൻ പാപംചെയ്തു' എന്നാണ്. അന്ന് ശിഷ്യനെ വേട്ടയാടിയ ആ ഗുരുമൊഴി ഇപ്പോഴും ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു;

'നീ എന്നെ സ്നേഹിക്കാതെ പോയതെന്ത്?'

ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല എന്നു കൈകഴുകി ക്രിസ്തുവിനെ കുരിശിൽ തറച്ച് കൊല്ലാൻ വിധിച്ച പീലാത്തോസ് ജീവിതകാലം മുഴുവനും പാപബോധത്താൽ നീറി ഒടുവിൽ തന്റെ മാറിൽ സ്വയം കഠാര കുത്തിയിറക്കിയപ്പോഴും കൈകഴുകിയവനെ നോക്കിയ ആ ചോദ്യം ഇന്നും പ്രകമ്പനം കൊള്ളുന്നുണ്ട്;

'എന്റെ സ്നേഹത്തെ നീ മനസിലാക്കാതെ പോയതെന്ത്?'

മുഴുവനായും സ്നേഹമാണ് ക്രിസ്തുവിനെ നയിച്ചത്. കളഞ്ഞുപോയ ആട്ടിൻകുട്ടിയെ കണ്ടെടുത്ത് നെഞ്ചോടു ചേർത്തുനില്ക്കുന്ന ഒരു ചിത്രമില്ലേ, ക്രിസ്തുവിന്റേതായി. സൂക്ഷിച്ചു നോക്കൂ, ഹാ! എന്തൊരു സ്നേഹമാണ്.

ദൈവം സ്നേഹമാണ്... (1 യോഹ 4:7)

സ്നേഹം മനുഷ്യരോട് എന്താണ് ആവശ്യപ്പെടുന്നത്?

മനുഷ്യന് ദൈവവുമായുള്ള സാമീപ്യത്തിന്റെ മൂർത്തമായ അർത്ഥതലമാണ് സ്നേഹം.

ക്രിസ്തു സ്നേഹത്തെ, ജീവിതത്തെയും ദൈവത്തിന്റെ വെളിച്ചത്തിൽ ദർശിച്ചു. എല്ലാറ്റിന്റെയും അവസാന വാക്ക് സ്നേഹം ആയിരിക്കണമെന്ന് ആഗ്രഹിച്ചു. അതുകൊണ്ടാണ് തിരുവത്താഴമേശയിൽ വച്ച്, ഇനി മുതൽ ഞാൻ നിങ്ങളെ ശിഷ്യരെന്നു വിളിക്കില്ല, സ്നേഹിതരെന്നു മാത്രമേ വിളിക്കൂ എന്ന് പ്രഖ്യാപിച്ചത്.

സ്നേഹം പ്രവൃത്തിയുടെ ഭാഷയാണ്. പ്രവൃത്തികളിൽ സ്നേഹമില്ലെങ്കിൽ അത് പൂർണമായും അപ്രത്യക്ഷമാകും. ഏതൊരു കർമ്മവും നിർമ്മലമായാൽ എന്തിന് വേറൊരു സൗരഭം. അയൽക്കാരനെ സ്നേഹിക്കുന്നതിലൂടെയാണ് ദൈവം യാഥാർഥ്യമാവുന്നത്. ദൈവത്തെ അറിയുന്നതിനെ അയല്ക്കാരനോടുള്ള സ്നേഹവുമായി യോഹന്നാൻ തന്റെ സുവിശേഷത്തിൽ ബന്ധപ്പെടുത്തുന്നുണ്ട്.

എവിടെ മനുഷ്യൻ സഹജരെ സഹായിക്കാൻ കൈ നീട്ടുന്നുവോ, എവിടെ ഒരോ വ്യക്തിയും മറ്റെല്ലാവർക്കും ഉത്തരവാദിയായി മാറുന്നുവോ, എവിടെ മനുഷ്യർ തങ്ങൾക്കുള്ളതും തങ്ങളെത്തന്നെയും പങ്കിടുന്നുവോ, എവിടെ സ്വന്തം കൂട്ടായ്മയിൽ അവർ ജീവിതത്തിന്റെ ആത്യന്തികാർത്ഥം കണ്ടെത്തുന്നുവോ അവിടെയെല്ലാം മാനുഷികത നാമ്പെടുക്കും. അങ്ങനെ ഓരോ മനുഷ്യനും മറ്റെല്ലാരോടും സാത്മീഭവിക്കുന്നിടത്ത് സ്നേഹം ഉദ്ഭവിക്കും. സ്നേഹം മാനവികതയുടെ പര്യായപദം ആകുന്നത് അങ്ങനെയാണ്. അതാണ് ക്രിസ്തു ഉദ്ഘോഷിച്ച ദൈവരാജ്യം.

ദൈവരാജ്യം സ്നേഹമാണ്. അത് ഓരോരുത്തരുടെയും ഉള്ളിലാണ്. ദൈവരാജ്യത്തെപ്രതി ആരേയും ഒഴിവാക്കാത്ത അനുപമസ്നേഹം. സ്നേഹം ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കും എന്ന് ക്രിസ്തുവിന് അറിയാമായിരുന്നു. കാരണം ക്രിസ്തു ഒരു പുറംമോടിയല്ല, മറിച്ച് ഒരാന്തരിക സാദ്ധ്യതയാണ്. നന്മ നിറഞ്ഞ സാദ്ധ്യതകൾ. മനുഷ്യവംശത്തിന്റെ മുഴുവൻ നന്മ നേടുകയെന്നത് സാർവജനീന സ്നേഹമല്ലാതെ മറ്റെന്താണ്?

രണ്ടായിരം വർഷങ്ങൾക്കുമുന്നേ പറഞ്ഞ ആ രണ്ട് സൗവർണാക്ഷരത്തിന്

പിന്നീടെന്തെല്ലാം പാഠങ്ങൾ...

എന്തെല്ലാം അർത്ഥങ്ങൾ...

എന്തെല്ലാം അർത്ഥാന്തരങ്ങൾ...

പൗലോസ് കൊറിന്ത്യാക്കാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇവ്വിധം പറയുന്നു ; ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്. സ്നേഹം സജീവവും ആത്മാർത്ഥവും ധീരവും ക്ഷമയും വിശ്വസ്തതയും വിവേകവുമാണ് എന്ന് തോമസ് അകെമ്പിസ്. ഖലിൽ ജിബ്രാൻ പ്രവാചകനിൽ എഴുതുന്നു; സ്നേഹം സ്നേഹമല്ലാതെ മറ്റൊന്നും സ്വീകരിക്കുകയോ നൽകുകയോ ചെയ്യുന്നില്ല. സ്നേഹം സ്നേഹത്തിനുമാത്രം മതിയായത്. സ്നേഹിക്കുമ്പോൾ ദൈവം എന്റെ ഹൃദയത്തിലാണ് എന്നു പറയരുത്. മറിച്ച് ഞാൻ ദൈവത്തിന്റെ ഹൃദയത്തിലാണ് എന്നു പറയു

ക. സ്നേഹമാണഖിലസാരമൂഴിയിൽ എന്ന് മഹാകവി കുമാരനാശാൻ. Love comples cruelty to those who do not understand love. എന്ന് ടി. എസ് എലിയറ്റ്. മാലാഖമാരുടെ ഭാഷയറിഞ്ഞാലും മാലാഖമാരൊത്തു ജീവിച്ചാലും വാനവരാജ്യത്തെ വാരൊലി കണ്ടാലും സ്നേഹമില്ലെങ്കിൽ അതൊക്കെ ശൂന്യം എന്നും, സ്നേഹമാണ് ഈശ്വരന്റെ രൂപം എന്നും ആബേലച്ചൻ. അഭ്രപാളിയിലെ എക്കാലത്തെയും പ്രണയ കാവ്യമായ ജയിംസ് കാമറൂണിന്റെ ടൈറ്റാനിക്കിൽ കപ്പൽ തകർന്ന് പ്രണയജോഡികളിലൊന്നായ ജാക് കടലിനടിയിലേക്കു മുങ്ങിത്താഴുമ്പോൾ അവന്റെ പ്രണയിനി റോസ് പറയുന്നത്, പോകരുത് ജാക്, I love you. ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രം എന്നത് സ്വർഗത്തിലായാലും ഭൂമിയിലായാലും സ്നേഹമാണ് എന്ന് മദർ തെരേസ.

ബൈബിൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വായിക്കപ്പെട്ട കാൾ മാർക്സിന്റെ മൂലധനത്തിൽ ആകെയും ക്രിസ്തു ഉണ്ട്. നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്ക് സംതൃപ്തി ലഭിക്കും. ഈ പ്രത്യയശാസ്ത്രമാണ് മാർക്സും പരാവർത്തനം ചെയ്തത്. നമ്മുടെ കാലത്തെ ഏറ്റവും സമ്പൂർണനായ മനുഷ്യൻ എന്ന് സാർത്ര് വിശേഷിപ്പിച്ച ചെഗുവേരയിലും ക്രിസ്തു ഉണ്ട്. ബൊളീവിയൻ കാട്ടിൽവച്ച് സാമ്രാജ്യത്വത്തിന്റെ വെടിയുണ്ടയേറ്റു മരിച്ച ആ പോരാളിയെ നോക്കി ഗ്രാമവാസികൾ നിലവിളിച്ചതിങ്ങനെ; ആ കൊല്ലപ്പെട്ടത് ഞങ്ങളുടെ ക്രിസ്തുവാണ്. ക്രിസ്തുവിനെ മുഴുവനും ഉള്ളിൽ ആവാഹിച്ചിട്ടാണ് വയലാർ ഇവ്വിധം എഴുതിയത്; സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും. കാരണം ക്രിസ്തു നോവുന്ന ഹൃദയങ്ങളുടെ ഭിഷഗ്വരനായിരുന്നു.

എന്നിട്ടും,

അതിജീവനത്തിനുവേണ്ടി പൊരുതുകയും പോരാടുകയും ചെയ്യുന്ന കാലത്തിരുന്ന്, അരികുവത്ക്കരിക്കപ്പെട്ട ഒരുവൻ ഉറക്കെപ്പാടുന്നതു നീ കേൾക്കുന്നില്ലയോ? ഒരു കടലലപോലെ അല്ലെങ്കിൽ കാട്ടലപോലെ... കൂട്ടുകാരാ, എനിക്കു കേൾക്കാം. ഇരുണ്ടകാലത്തും പാട്ടോ? എന്തുപാട്ടാണ്? ആ പാട്ടിനു പേര് അൻപ്.

ഇവ്വിധം ആത്യാത്മികമായും വൈഷ്ണികമായും സർഗാത്മകമായും സങ്കടമായും ലോകം മുഴുവൻ ഏറ്റുപാടാൻ സ്നേഹപൂർവം ക്രിസ്തു ജീവിക്കുകയായിരുന്നു. എങ്ങനെയെന്നാൽ, സ്നേഹം അതിന്റെ പൂർണതയിലെത്താൻ സ്വജീവിതം പീഡാസഹനത്തിനും കുരിശുമരണത്തിനും ഉയിർപ്പിനും സമർപ്പിച്ചുകൊണ്ട് സ്നേഹത്തെ അഗാധമാക്കുകയായിരുന്നു.

ഉവ്വ്, ക്രിസ്തു കുരിശിൽ ചൊരിഞ്ഞത് രക്തം അല്ല, രക്തം സ്നാതം (Catharsis) ചെയ്ത സ്നേഹം.

ലോകാവസാനംവരേയ്ക്കും മാനവരാശിക്കു പകർന്നേകിയ അനന്ത സ്നേഹം.

അനശ്വരതയുടെ സിംഫണി. ■


## vera icon
# വെറോണിക്ക



അതൊരു ഭംഗിയുള്ള പാരമ്പര്യ കഥയാണ്.
കുരിശുയാത്രയിൽ അവന്റെ മുഖം തുടയ്ക്കാൻ
അലിവ് കാട്ടിയ അവളുടെ തുവാലയിൽ
എന്നേക്കുമായി അത് പതിഞ്ഞുവെന്ന് !
മറ്റൊരു ചിത്രവും നിലനിൽക്കേണ്ടതായി
അവൻ കരുതിയില്ല.

vera icon എന്ന പദമാണ് അവളുടെ പേരായി മാറിയെന്ന്
ഒരു മതമുണ്ട്. വെറോണിക്ക.
True image, തനി രൂപം എന്ന് അർത്ഥം.

ഒറ്റ കാൻവാസിൽ പ്രിയമുള്ള ഒരു ജീവിതത്തിന്റെ മുഴുവൻ
ചിത്രങ്ങളും തെളിയുമ്പോൾ അവളുടെ/ അവന്റെയും
വിഷാദങ്ങളിൽ മാത്രം ഓർമ്മ തടഞ്ഞു നിൽക്കുന്നത് എന്തുകൊണ്ട്?
ദുഃഖത്തിൽ അനശ്വരതയുടെ പൂമ്പൊടിയുണ്ട്.



**ബോബി ജോസ് കട്ടികാട്**

# അനുസ്മരണം

അഡ്വ. ജോയി ശാസ്താംകോട്ട

# ബിഷപ്പ് ജോസഫ് ജി. ഫെർണാണ്ടസ്

"ഒരു കണ്ണിന് കാഴ്ചയില്ല...
ഉൾക്കാഴ്ചയുണ്ടായിരുന്നു"

എപ്പോഴും മായാത്ത പുഞ്ചിരി കളിയാടിയിരുന്ന മുഖം, അതായിരുന്നു ബിഷപ്പ് ജോസഫ് ജി. ഫെർണാണ്ടസ്. ഒരിക്കൽ പരിചയപ്പെട്ട ഒരു മുഖം ഒരിക്കലും ആ മനസ്സിൽനിന്നും മാഞ്ഞിരുന്നില്ല.

കൊല്ലം രൂപതയുടെ ആദ്യത്തെ തദ്ദേശീയ ബിഷപ്പ് ഡോ. ജെറാം എം. ഫെർണാണ്ടസ് പടുത്തുയർത്തിയ ഫാത്തിമ മാതാ നാഷണൽ കോളേജിൽ ബർസാർ ആയിരുന്നു അദ്ദേഹം. 1966–69 കാലയളവിൽ ഞാനവിടെ ബിഎസ്സി വിദ്യാർഥിയായിരുന്നു. കോളേജിലെ മെയിൻ ബിൽഡിംഗിന്റെ വലതുഭാഗത്തായി പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവരുടെ ഓഫീസ് കഴിഞ്ഞ്, ഫ്രഞ്ച്ക്ലാസിന്റെ തൊട്ടടുത്തായിട്ടായിരുന്നു ബർസാർ അച്ചന്റെ മുറി. ബർസാർ എന്ന ബോർഡല്ലാതെ പേരെഴുതി വച്ചിരുന്നില്ല. ഒരു ദിവസം വരാന്തയിലൂടെ നടക്കുമ്പോൾ അപരിചിതമുഖം കണ്ടു.



അച്ചൻ കൊല്ലം റാഫേൽ സെമിനാരിയിൽ പ്രിഫെക്ടറായിരുന്നപ്പോൾ, ഞാൻ സെമിനാരിയിൽ ഉണ്ടായിരുന്ന കാര്യം ഓർമിപ്പിച്ചു.

1978 മാർച്ച് 30 ന് കൊല്ലം ബിഷപ്പായി നിയമിതനായ ഫാ. ജോസഫിന്റെ മെത്രാഭിഷേകം മെയ് 14 നായിരുന്നു. എറണാകുളം കർദ്ദിനാൾ ആന്റണി പടിയറയായിരുന്നു ആശംസാ പ്രാസംഗികൻ. സെന്റ് അലോഷ്യസ് സ്കൂളിലെ പ്രൗഢഗംഭീരമായ പന്തൽ നിറഞ്ഞുകവിഞ്ഞ് അൽമായരും, വൈദികരും കന്യാസ്ത്രീകളും. തൊട്ടടുത്തുള്ള ഫാത്തിമ കുരിശടിയുടെയും റഫേൽ സെമിനാരിയുടെയും കോമ്പൗണ്ടിലും വഴിയോരങ്ങളിലും നിറയെ മരങ്ങളാണ്.

യേശുവിനെ കാണാൻ, പൊക്കം കുറഞ്ഞ സക്കേവൂസ് മരക്കൊമ്പിൽ കയറിയിരുന്നതിനെ ഓർമിപ്പിക്കുന്നതായിരുന്നു കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ പ്രസംഗം. ശ്രോതാക്കളിൽ പലരും മരക്കൊമ്പുകളിലേക്ക് നോക്കി. കേരളത്തിലെ ബിഷപ്പുമാരിൽ പൊക്കം കുറഞ്ഞയാളായിരുന്നു അഭിഷിക്തനാകുന്ന ജോസഫ് ജി. ഫെർണാണ്ടസ്. എന്നാൽ മരക്കൊമ്പിലിരുന്ന സക്കേവൂസിനെ ദൈവം കണ്ടെത്തിയപോലെ, ബിഷപ്പാകാൻ തെരഞ്ഞെടുത്തത് ജോസഫ് ഫെർണാണ്ടസിനെയായിരുന്നു എന്ന് വ്യംഗ്യം.

2001 ഡിസംബർവരെ, രണ്ടു വ്യാഴവട്ടക്കാലം രൂപതയുടെ ആത്മീയ, ഭൗതികനേതൃത്വം വഹിച്ചു. അക്കാലത്ത് ശക്തിപ്രാപിച്ച പ്രസ്ഥാനമായിരുന്നു മത്സ്യത്തൊഴിലാളികളുടെ അവകാശപ്രഖ്യാപന സംഘടനകൾ. സമര പരമ്പരകളുടെ ഭാഗമായി, മത്സ്യത്തൊഴിലാളികൾ കൊല്ലം കളക്ട്രേറ്റ് വളഞ്ഞിരുന്ന് ഉപരോധിച്ചു. അക്രൈസ്തവരായ അധികാരികൾക്കും, സമരം ചെയ്യുന്ന ഭൂരിഭാഗം കത്തോലിക്കരായ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും നടുവിലെത്തി, മൈക്ക് പിടിച്ചെടുത്ത്, മത്സ്യത്തൊഴിലാളികൾ ഇന്നത്തേക്ക് പരിഞ്ഞുപോകണമെന്നും, ആവശ്യങ്ങൾക്ക് മധ്യസ്ഥത വഹിക്കാമെന്നും പിതാവ് പറഞ്ഞു. വൻ സംഘർഷമൊഴിവാക്കി, സമരക്കാർ മനസ്സില്ലാ മനസ്സോടെ പിന്തിരിഞ്ഞു. അതിനെപ്പറ്റി സഭയിലും സഭാമക്കളിലും രണ്ടഭിപ്രായമുണ്ടായിരുന്നു.

ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിന്നും 1970–80 കളിൽ കേരളസഭയിൽ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച 'ലിബറേഷൻ മൂവ്മെന്റ്', സൗമ്യതയുടെ പടവാൾ കൊണ്ട് കൊല്ലം രൂപതയിൽ തടഞ്ഞുനിർത്തിയത് ബിഷപ്പ് ജോസഫിന്റെ ജീവചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്.

തന്റെ നിലപാടുകളോട് വിയോജിക്കുന്നവരുടെ അഭിപ്രായങ്ങളെ ബിഷപ്പ് ജോസഫ് ശാന്തമായിരുന്നു കേൾക്കുമായിരുന്നു എന്ന് ബൻസിഗർ ഹോസ്പിറ്റൽ ഡയറക്ടറായിരുന്ന റവ. ഡോ. ഫെർഡിനാൻഡ് കായാവിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നപ്പോഴാണ് ബിഷപ്പ് അന്തരിച്ചത്.

വലിയ മരിയ ഭക്തനായിരുന്ന പിതാവ് വിവിധ കന്യാസ്ത്രീമഠങ്ങളിലെ കുമ്പസാരക്കാരനായിരുന്നു. പിതാവ് പഠിച്ച, ചവറ ശങ്കരമംഗലം കോവിൽ തോട്ടം കോൺവന്റ്, സ്കൂളിൽ ഒരു വിസിറ്റിന് വന്നപ്പോൾ അവിടെവച്ചുകണ്ടു.

അടുത്തുചെന്ന് ആദരപൂർവ്വം കൈമുത്തിയ എന്നോടുപറഞ്ഞു, 'ഒരു കണ്ണിന് കാഴ്ചയില്ല'. ഞാനത്ഭുതപ്പെട്ടു പോയി. രണ്ടു കണ്ണിനും നല്ല കാഴ്ചയുണ്ടായിട്ടും, നല്ല കാഴ്ചകൾ കാണാത്തവരാണ് പലരും. എന്നാൽ ജോസഫ് പിതാവിന് ഉൾക്കാഴ്ചയുണ്ടായിരുന്നു. ■

# ബോഡി

ഇന്നലെ ഞങ്ങളുടെ പതിവ് ഞായറാഴ്ച സന്ധ്യാസാഹിത്യ ചർച്ചാവേളയിൽ സാധാരണയായുള്ള തത്വചിന്ത-സിനിമ-തമാശ വർത്തമാനത്തിന് പകരം മരണം ഒരു വിഷയമായി എപ്പോൾ കടന്നുവന്നുവെന്ന് ഇപ്പോൾ ഓർക്കാനാവുന്നില്ല. ആശുപത്രി വളപ്പിലെ കാറ്റാടി മരത്തിലിരിക്കുന്ന കാക്ക ഒരു കറുത്ത തുണിക്കഷ്ണം പോലെ തോന്നി. അവർ അകത്തേക്ക് പോയിരിക്കുന്നു. എനിക്കിവിടെ നിൽക്കുവാനാണ് തോന്നിയത്. ആകാശവും മനസും മേഘങ്ങളൊഴിഞ്ഞ് പക്ഷേ, എപ്പോൾ വേണമെങ്കിലും കടന്നുവരാവുന്ന വർഷമേഘങ്ങളെ പ്രതീക്ഷിച്ച് ശൂന്യമായി നിൽക്കുന്നു.


ഞങ്ങൾ എന്നുപറഞ്ഞാൽ നാലു പേർ. ഒന്ന് ഈ ഞാൻ. പിന്നെ പഞ്ചായത്ത് ജീവനക്കാരൻ ഫെലിക്സ്, ലൈസിയം ടൂട്ടോറിയൽ മാനേജരും ആഴമേറിയ ചിന്തകളും ആശയങ്ങളുമുള്ള ഞങ്ങൾ ചിന്തകൻ എന്നുവിളിക്കുന്ന ഐസക് കുര്യൻ, രതിമീന ബസിന്റെ കണ്ടക്ടറായ പേരുകൊണ്ടുതന്നെ സ്വഭാവം വ്യക്തമാകുന്ന ഗോപീകൃഷ്ണൻ. ഞങ്ങളുടെ ഒന്നിച്ചുകൂടൽ സ്ഥലം ചിന്തകന്റെ ആറ്റിൻതീരത്തെ ലൈസിയവും.

എല്ലാവരും എത്തിച്ചേർന്നപ്പോൾ സമയം ഏഴുമണി.

മറ്റുള്ളവരോട് ഇടപെടാൻ പൊതുവേ മടിയുള്ള ഞാൻ അല്പമെങ്കിലും സംസാരിക്കുന്നത് ഇവരുടെകൂടെയിരിക്കുമ്പോൾ മാത്രമാണ്. എത്രയോ കഥയ്ക്കുള്ള വിഷയങ്ങൾ എനിക്കിവിടെനിന്ന് കിട്ടിയിട്ടുണ്ട്.

“ഗോപീ, തുടക്കം നമ്മുടെ സ്ഥിരം നമ്പറിൽ.” ഫെലിക്സ് പറഞ്ഞു.

ഗോപി അയാളുടെ മൊബൈലിൽ മ്യൂസിക് ഓപ്ഷൻ എടുത്ത് വിവാഹിതയിലെ ‘മായാജാലകവാതിൽ തുറക്കും’ എന്ന പാട്ട് പ്ലേ ചെയ്തു. ആ പാട്ടു കേട്ടതും എന്റെ നഷ്ടപ്രണയത്തിന്റെ വേദന മനസ്സിലേക്ക് നൂഴ്ന്ന് കടന്നു. എനിക്ക് എന്തോ കരയാൻ തോന്നി.



“എടാ സന്തോഷേ, വിഷാദജീവീ നീ നിന്റെ തലയിൽ നിന്നും അസ്ഥിത്വവ്യഥയെടുത്ത് താഴെ വയ്ക്ക്. അതവിടെയിരുന്ന് ഉറുമ്പരിക്കട്ടെ.”

ചിന്തകന്റെ ഉദ്ദേശ്യം എന്നെക്കൊണ്ട് എന്തെങ്കിലും സംസാരിപ്പിക്കുകയായിരുന്നു.

“നിന്റെ വിപ്ലവ-കാല്പനിക ബിംബങ്ങളെ കരളിൽ നിന്ന് എടുത്തുകളയ്. ബ്രഹ്തിനെയും റെനെയേയും നെരുദയേയും ലാറ്റിനമേരിക്കയിലേക്ക് ചെഗുവേരയ്ക്കൊപ്പം അയയ്ക്ക്.”

ചിന്തകൻ വിടുന്നമട്ടില്ല. അയാൾ അറിവിന്റെ ഉന്മാദാവസ്ഥയിലായിരുന്നു.

ഞാനപ്പോൾ മാരിവില്ലിൻ തേൻമലരേയെന്ന നാടകഗാനത്തിലെ ‘അവളുടെ വാർമുടിക്കെട്ടിൽ നിന്നൂർന്നു മഴവില്ലിൻ തേൻമലർ വാനിൽ’ എന്നവരികൾ ഗായകന്റെ ശബ്ദം അനുകരിച്ച് ശബ്ദം കുറച്ച് ആവർത്തിച്ചുപാടുകയായിരുന്നു. ആ വരികൾ എന്നിലെ വിഷാദത്തിന് മൂർച്ചയേറ്റി.

നെഞ്ചത്ത് മുഷ്ടി ചുരുട്ടി മെല്ലെ ഇടിച്ചുകൊണ്ട് ഗോപീകൃഷ്ണൻ പറഞ്ഞു “എന്നെ ഈ നാറികൾ ബോറടിപ്പിച്ച് കൊല്ലും.”

“നീ മിണ്ടാതിരിക്കടാ ലമ്പടാ”,



ടി.പി.സന്തോഷ് ബാബു

ചിന്തകൻ അവന്റെ നേർക്ക് ചിരിച്ചുകൊണ്ട് പറഞ്ഞു: "എന്റെ ഇഷ്ടാ, എഴുത്തുകാരാ പിംഗളവർണയും കന്യകയുമായ മരണത്തെ ആരോഗ്യനികേതനത്തിലും മരണാസനന്റെ ചിന്തകളെ ഇവാൻ ഇലിയിച്ചിന്റെ മരണത്തിലും മനോഹരമായി വർണിച്ചിരിക്കുന്നത് വായിക്ക്. അതാണെടാ കല.''

തലത് മെഹ്മൂദ് അപ്പോഴാണ് പാടാൻ തുടങ്ങിയത് 'കടലേ നീലക്കടലേ നിൻ ആത്മാവിലും നീറുന്ന ചിന്തകളുണ്ടോ' എന്ന തുടക്കം ഇളം കാറ്റ് കടലിൽ ചെറുതിരകളിളക്കുന്നതുപോലെ എന്നിൽ ഏതോ തിരകളിളക്കി. വിഷാദാനുഭവം എന്നിൽ



തീവ്രമായി. 'ഒരു പെൺമണിയുടെ ഓർമയിൽ മുഴുകി ഉറങ്ങാത്ത രാവുകളുണ്ടോ? എന്നവരികളിലെത്തിയതും വിഷാദക്കാറ്റിന്റ വേഗം കൂടി. മനസ്സ് ഭ്രാന്തമായി ഇളകിത്തുടങ്ങി. 'ആകാശമകലെ ആശയുമകലെ ആരോമലാളെ നീയെവിടെ' എന്ന വരികൾ എന്റെ മനസ്സിൽ നോവിന്റെ കടൽനിറച്ചു. ഞാനതിൽ താഴ്ന്നുപോകുന്നതുപോലെ തോന്നി. ഒരു മേഘസ്ഫോടനം പോലെ ഞാൻ പൊട്ടിക്കരഞ്ഞു.

പുറത്തിറങ്ങി അല്പനേരം പുഴയെ നോക്കിനിന്നു. പിന്നെ, മുഖം കഴുകി അകത്തേക്ക് കയറിയപ്പോൾ ഫെലിക്സ് പറയുകയായിരുന്നു "നാല്പതുകഴിഞ്ഞാൽ ഒരു പുരുഷന്റെ ജീവിതം അനിശ്ചിതത്വം നിറഞ്ഞതായിരിക്കും."

പൊതുവെ ഇത്തരം പ്രസ്താവനകൾ ചിന്തകന്റേതായിരുന്നതിനാൽ ഞാൻ അത്ഭുതത്തോടെ ഫെലിക്സിനെ നോക്കി; ഗോപികൃഷ്ണൻ ചോദ്യഭാവത്തിലും

''അതുവരെയില്ലാത്ത ഓരോരോ ഭയങ്ങൾ അപ്പോൾ മനസ്സിൽ നിറയും. മരണഭയം, വരാൻ പോകുന്ന വാർദ്ധക്യത്തെക്കുറിച്ചുള്ള ഭയം, അങ്ങനെ ഓരോന്നും''. ഫെലിക്സ് പറഞ്ഞുനിർത്തി.

''കൊള്ളാം,'' ചിന്തകൻ തുടർന്നു: "പക്ഷേ, സുനിശ്ചിതമായ പ്രകൃതിനിയമത്തെ നമ്മൾ എന്തിനു ഭയക്കണം. ഭയന്നാലും ഇല്ലെങ്കിലും സംഭവിക്കേണ്ടത് സംഭവിക്കും. പിന്നെ, മരണം ഒരവസാനവുമല്ല."

ഇങ്ങനെയായിരുന്നുവെന്നു തോന്നുന്നു മരണചർച്ചയിലേക്കുള്ള പ്രവേശനവാതിൽ തുറന്നത്. അപ്പോൾ തികച്ചും യാദൃശ്ചികംപോലെ കെപിഎസിയുടെ 'തലയ്ക്കുമീതെ ശൂന്യാകാശം' കേൾക്കാൻ തുടങ്ങി. 'മരണം വാതിൽക്കൽ ഒരുനാൾ മഞ്ചലുമായി വന്നു നിൽക്കുമ്പോൾ' എന്ന വരികൾ കേട്ടപ്പോൾ ഗോപീകൃഷ്ണന്റെ കണ്ണുകളിൽ ഭയത്തിന്റെ ഒരു തീപ്പൊട്ട് കത്തിയണയുന്നത് ഞാൻ കണ്ടു.

''ഞാനീയിടെ പി.കേശവൻ നായരുടെ ക്വാണ്ടം തീയറിയെക്കുറിച്ചുള്ള ഒരു പുസ്തകം വായിച്ചു." ചിന്തകൻ പറഞ്ഞുതുടങ്ങി.

''പ്രപഞ്ച ശരീരത്തിൽ മനുഷ്യൻ ഒരുതരംഗംപോലെ 'ഒരു ചുരുൾപോലെ' ഒരു ചുഴിപോലെയാണ്. അവൻ കോസ്മിക് ക്വാണ്ടം ഫീൽഡിലെ ഒരു പ്രാദേശിക പ്രക്ഷുബ്ധതയാണ്. അവന് തുടക്കവും ഒടുക്കവുമില്ല."

''നീ നിർത്തുന്നോ, അതോ ഞാൻ ഇറങ്ങിപ്പോകണോ?" ഗോപീകൃഷ്ണൻ കൃത്രിമ ദേഷ്യഭാവത്തിൽ ചോദിച്ചു.

"ചിന്തകാ, നീ പറഞ്ഞോടാ" ഫെലിക്സ് പറഞ്ഞു.

"ഗീതയിൽ പറയുന്നതുപോലെ...." ചിന്തകൻ പറഞ്ഞുതുടങ്ങി!

"ജനനരഹിതനും നിത്യനും ശാശ്വതനും ശരീരങ്ങളുണ്ടാകുന്നതിനുമുൻപേതന്നെ ഉള്ളവനുമായ ഈ ആത്മാവ് ശരീരം നശിച്ചാലും ഇല്ലാതാകുന്നില്ല."

''നിനക്കിതൊക്കെ പറയാം. ചിന്തകാ നെഞ്ച് വേദനകൊണ്ട് പുളഞ്ഞ് എന്റെ മടിയിൽ കിടന്ന് മരിക്കാൻ നേരം എന്നെ കെട്ടിവരിഞ്ഞ് പിടച്ച അച്ഛന്റെ ആത്മാവെവിടെ? ആ ആത്മാവ് പുനർജനിക്കുമോ? എനിക്കിനി എപ്പോഴെങ്കിലും എന്റെ അച്ഛനെ കാണാനാകുമോ?"

ഫെലിക്സ് ഇതുപറഞ്ഞതോടെ ഞങ്ങളിരുന്നിടത്ത് നിശബ്ദത ചേക്കേറി.

മൊബൈലിൽ അപ്പോൾ കാലചക്രം സിനിമയിലെ രാക്കുയിലിൻ രാഗസദസ്സിൽ എന്ന പാട്ടുകഴിഞ്ഞ് സിന്ദൂരച്ചെപ്പിലെ പൊന്നിൽ കുളിച്ച രാത്രി തുടങ്ങിയിരുന്നു.

മഴയുടെ അടർന്നുവീഴലിന് മുൻപ് കാർമേഘങ്ങൾ മാനത്തുനിറഞ്ഞ് ചുറ്റിലും ചെറിയ ഇരുൾ പരക്കുമ്പോൾ എന്റെ മനസ്സിൽ നിറയാറുള്ള വിഷാദം അപ്പോൾ പടർന്നുതുടങ്ങി. നദികളിൽ സുന്ദരി യമുന കേട്ടപ്പോൾ എന്റെ പ്രിയപ്പെട്ടവൾക്ക് എഴുതണമെന്ന് തോന്നി.

''എന്റെ പെണ്ണേ. എന്നെ വിഷാദം മുക്കി കൊല്ലുന്നതിന് മുൻപേ ചുറ്റിലും പലരും ഉള്ളപ്പോഴും വിജനമായ തുരുത്തിൽ അടിയപ്പെട്ടവനെപ്പോലെ ഞാൻ ഏകനായിരിക്കുമ്പോൾ നീ എന്നാണ് എന്റെയരുകിൽ എത്തുന്നത്?"

കണ്ണുകൾ നിറയാൻ തുടങ്ങി. മറ്റുള്ളവർ കാണാതിരിക്കാൻ ഞാൻ കൺപോളകൾ പലപ്രാവശ്യം തുറന്നടിച്ചു.

"മരിച്ചു കഴിഞ്ഞാൽ ഒന്നുമില്ല. ആത്മാവുമില്ല ഒരു മണ്ണാങ്കട്ടയുമില്ല വെറും ജഡവസ്തു. ഫെലിക്സ് പറഞ്ഞുതുടങ്ങി. "മരിച്ചുകഴിഞ്ഞാൽ പേരില്ല, പിന്നെ അയാൾ ബോഡി. വെറും ബോഡി. നാളെ നമ്മളിൽ ഒരാൾ മരിച്ചാലും മറ്റുള്ളവർ വിളിക്കുന്നത് അങ്ങനെ തന്നെയായിരിക്കും."

"ഞാനങ്ങനെ ഒരിക്കലും പറ

യില്ല" ഗോപീകൃഷ്ണൻ പെട്ടെന്ന് പറഞ്ഞു. അവന്റെ കണ്ണുകളിൽ നേരത്തെ കത്തിയണഞ്ഞ ഭയത്തിന്റെ തീപൊട്ട് അല്പം കൂടി വലുതായിരിക്കുന്നു.

ഞാൻ ആലോചിച്ചു. മരണം വല്ലാത്തൊരവസ്ഥ തന്നെ. ഒരിക്കലും മടങ്ങിവരാത്ത യാത്ര പിന്നൊരിക്കലും കാണാനാവാത്ത യാത്ര. ഒരു വ്യക്തിയുടെ നിതാന്തമായ അസാന്നിധ്യം. അത് നിറയ്ക്കുന്ന ശൂന്യത. നഷ്ടബോധം. ഞങ്ങളിലൊരാൾ മരിച്ചാൽ...

എനിക്ക് സഹിക്കാനായില്ല. ഞാൻ വീണ്ടും പൊട്ടിക്കരഞ്ഞു. ഉള്ളിലെ കടൽ ഇരമ്പിയാർക്കാൻ തുടങ്ങി.

ഫെലിക്സ് എന്റെ പുറകുവശം തടവിക്കൊണ്ട് പറഞ്ഞു. " നീ മരണത്തെക്കുറിച്ച്, ബോഡിയെക്കുറിച്ച് ഒരു കഥയെഴുത്. ആദ്യം വായിക്കുന്നത് ഞാനായിരിക്കും. സമ്മതിച്ചല്ലോ".

പിന്നെയൊന്നും എന്റെ ഓർമ്മയിലില്ല. ഇറങ്ങാൻ നേരം കേട്ട പാട്ട് കരിമുകിൽ കാട്ടിലെ രജനിതൻ വീട്ടിലെ ആണെന്ന് തോന്നുന്നു.

ഉറക്കമെണീറ്റപ്പോൾ രാവിലെ ഒൻപത് മണി കഴിഞ്ഞിരിക്കുന്നു. വേദനയും വിഷമവും നിറഞ്ഞ മുഖത്തോടെ അമ്മ അടുത്ത മുറിയിൽ നിന്നും എന്റെ ഫോണെടുത്തുകൊണ്ടുവന്നു. ആ കണ്ണുകൾ നിറഞ്ഞിരുന്നു.

"നീയൊന്ന് നോക്ക്. ഇന്നലെയും ഇന്നുമായി കുറേ വിളികൾ വന്നിരിക്കുന്നു" അമ്മ പറഞ്ഞു.

ഞാൻ നോക്കി. ഫെലിക്സിന്റെയും ചിന്തകന്റെയും ഗോപീകൃഷ്ണന്റെയും കുറേ മിസ്ഡ് കോളുകൾ. എന്തോ കാര്യമായ പ്രശ്നമുണ്ടായിരിക്കണം. എന്നിൽ അകാരണമായൊരു ഭയം നിറഞ്ഞു. ഏതോ ആപത്ശങ്ക ഉള്ളിൽ വേരോടി. അപ്പോൾ ചിന്തകന്റെ വിളി വന്നു. അയാൾ പറഞ്ഞ വാർത്ത കെട്ട് ഞാൻ തരിച്ചിരുന്നു. ചുറ്റിലും ഇരിട്ടുനിറഞ്ഞു. ഞാൻ വിയർത്തു.

"ഇന്നലെ നിന്നെ വീട്ടിലാക്കിയിട്ട് വന്നതിനുശേഷം അയാളും ഞങ്ങളും കുറേനേരം ലൈസിയത്തിൽ പലതും പറഞ്ഞിരുന്നു. അതുകഴിഞ്ഞ് പോകും വഴിയായിരുന്നു ആക്സിഡന്റ്. ഇപ്പോൾ മോർച്ചറിയിലാണ്... ആശുപത്രിയിലേക്ക് പോകും വഴി." ചിന്തകൻ പറഞ്ഞു.

ഞാൻ ഓർമ്മയിൽ നിന്നും ഉണർന്നു. കാറ്റടി മരത്തിലെ കാക്കകളുടെ എണ്ണം കൂടിയിരിക്കുന്നു.

"പോസ്റ്റുമോർട്ടം കഴിഞ്ഞു. ബോഡി ഉടനെ കിട്ടും." അകത്തുനിന്നും വന്ന ഗോപീകൃഷ്ണൻ എന്നോട് പറഞ്ഞു.

ബോഡി! ഞാനവന്റെ കണ്ണുകളിലേക്ക് നോക്കി. സുഹൃത്തിന്റെ മരണത്തിലുള്ള ദുഃഖത്തിന് പകരം താൻ ജീവിച്ചിരിക്കുന്നു എന്നതിലുള്ള സന്തോഷമാണ് അവന്റെ കണ്ണുകളിലെന്ന് എനിക്ക് എന്തോ വെറുതേ തോന്നി.

ബോഡി! ആ വാക്ക് ചുറ്റിലും അലയടിക്കുന്നു. ഇതിൽ ഒരു കഥയ്ക്കുള്ള വിഷയമുണ്ടോ? എനിക്കിത് എഴുതാനാകുമോ? അതോ എഴുതാനാകാതെ പോയ കഥകൾപോലെ ആദ്യം മനസ്സിൽ പിരിമുറുക്കവും അനുരണനങ്ങളും സൃഷ്ടിച്ച് പിന്നെ പതിയെ കെട്ടടങ്ങുമോ? ■

## അനുസ്മരണം

# അഭിവന്ദ്യ ജോസഫ് പവ്വത്തിൽ

**ഫാ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ സിസിബിഐ

അഭിവന്ദ്യ പവ്വത്തിൽ പിതാവ് സഭയുടെ ഒരു കാവൽക്കാരനായിരുന്നു. ഉറങ്ങാതെ കാവലിരിക്കുന്ന ഒരു കാവൽക്കാരൻ. പ്രത്യേകിച്ച്, സഭക്ക് പ്രശ്നങ്ങളും പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്ന അവസരത്തിൽ സഭാ മക്കൾക്കൊപ്പം എന്നും നില കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങൾ, അദ്ദേഹത്തിന്റെ വാക്കുകൾ അത് മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ പ്രസിദ്ധീകരിക്കുമായിരുന്നു. പലപ്പോഴും അദ്ദേഹം വിമർശിക്കപ്പെട്ടു. പലപ്പോഴും അദ്ദേഹം ഒറ്റപ്പെടുന്ന അവസ്ഥയുണ്ടായി, എങ്കിലും സഭയെ സംരക്ഷിക്കുന്ന അദ്ദേഹത്തിന്റെ നിലപാട് എന്നും എപ്പോഴും മുന്നോട്ട് കൊണ്ടുപോയി.

ഭാരതത്തിലെ കത്തോലിക്ക മെത്രാൻ സമിതിയുടെ അദ്ധ്യക്ഷനായി തുടർച്ചയായി രണ്ടുവട്ടം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു എന്നുള്ളത് അന്നത്തെ ഭാരതത്തിലെ കത്തോലിക്ക മെത്രാൻമാർ അദ്ദേഹത്തിൽ അർപ്പിച്ചിട്ടുള്ള വിശ്വാസമാണ്.

1993 മുതൽ 1996 വരെ കേരളത്തിലെ കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ ആയിരുന്നു. കെ സി ബി സി യുടെ പ്രസിഡണ്ട് ആയിരുന്നു. തുടർന്ന് അദ്ദേഹം നീണ്ട വർഷക്കാലം, ഏകദേശം മുപ്പതിൽ അധികം വർഷക്കാലം കേരളത്തിലെ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷന്റെ ചെയർമാനായിരുന്നു.

ആ കാലഘട്ടത്തിലാണ് സഭ പ്രശ്നങ്ങളെ നേരിടുന്നതും, ഒരു ഇന്റർ ചർച്ച് കൗൺസിൽ രൂപം നൽകാൻ പവ്വത്തിൽ പിതാവ് തീരുമാനമെടുക്കുന്നതും. ഇന്റർ ചർച്ച് കൗൺസിലിന് എല്ലാ സഭകളേയും ഒരുമിച്ച് കൊണ്ടുപോയി, പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിൽ. ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജുക്കേഷൻ എന്ന പേരിലാണ് അത് അറിയപ്പെട്ടത്. ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജുക്കേഷന്റെ ചെയർമാനായി പവ്വത്തിൽ പിതാവ് ശുശ്രൂഷ അനുഷ്ഠിക്കുമ്പോൾ അദ്ദേഹത്തിൽ നാം കാണുന്നത് അദ്ദേ



ഹത്തിന്റെ ഊഷ്മളമായ ബന്ധങ്ങളാണ്, കത്തോലിക്കാസഭയിലെ മലങ്കര കത്തോലിക്കസഭയായാലും, ലത്തീൻ കത്തോലിക്കാ സഭ യായാലും അതിനപ്പുറത്തേക്ക് ഓർത്തഡോക്സ് സഭയുമായും, യാക്കോബൈറ്റ് സഭയുമായും, മാർത്തോമൈറ്റ് സഭയുമായും, സി എസ് ഐ സഭകളുമായിട്ടും അദ്ദേഹത്തിന് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. പവ്വത്തിൽ പിതാവ് ഇത്തരം യോഗങ്ങളിലേക്ക് മെത്രാൻമാരെ വിളിക്കുമ്പോൾ, അവർ വളരെ സന്തോഷത്തോടു കൂടി യോഗങ്ങളിൽ പങ്കെടുക്കുമായിരുന്നു. അത് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജുക്കേഷൻ എന്നതിനെക്കാൾ ഉപരി, പവ്വത്തിൽ പിതാവിനോടുള്ള സ്നേഹവും, അത് പവ്വത്തിൽ പിതാവിന് ആ മെത്രാൻമാരോട് ഉണ്ടായിരുന്ന വ്യക്തി ബന്ധവുമാണ് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ 'സ്പോക്സ് പേഴ്സൺ' എന്ന നിലയിൽ ഞാൻ എട്ടു വർഷക്കാലം പ്രവർത്തിക്കുമ്പോൾ, എന്റെ ആദ്യവർഷങ്ങളിൽ പവ്വത്തിൽ പിതാവ് എന്നെ നിരന്തരം വിളിക്കുമായിരുന്നു. പ്രത്യേകിച്ച്, അദ്ദേഹത്തിന്റെ ദിനചര്യ, നാല് മണിക്ക് എഴുന്നേൽക്കും. ഏകദേശം ആറരയാവുമ്പോഴേക്കും പ്രാർത്ഥനയും ദിവ്യബലി അർപ്പണവും പത്ര പാരായണവും കഴിഞ്ഞിരിക്കും.

ഏകദേശം 24 പത്രങ്ങൾ അദ്ദേഹം അന്ന് വായിക്കുമായിരുന്നു. സഭക്ക് എതിരേ എന്തെങ്കിലും വാർത്തകൾ ഉണ്ട് എങ്കിൽ എന്നോട് അത് ഡോക്യുമെന്റ് ചെയ്യുവാനാവശ്യപ്പെടുമായിരുന്നു. കെ സി ബി സി യുടെ ഭാരവാഹികളെ അറിയിക്കേണ്ട വാർത്തകളാണെങ്കിൽ അറിയിക്കണം എന്ന് പ്രത്യേകം നിർദ്ദേശിക്കുമായിരുന്നു.

'സ്പോക്സ് പേഴ്സൺ' എന്ന ഉത്തരവാദിത്തം നിർവ്വഹിക്കാൻ എന്നെ വളരെയധികം സഹായിച്ച ഒരു മെത്രാപൊലീത്തയാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവ്. അതുകൊണ്ടാണ് 'സഭയുടെ കാവൽക്കാരൻ' അല്ലെങ്കിൽ സഭക്കുവേണ്ടി ഉറക്കമൊഴിച്ച് കാവലിരുന്ന കാവൽക്കാരൻ എന്ന് വിശേഷിപ്പിച്ചത്.

അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേകത സഭയുടെ ദർശനങ്ങളിൽ ഉറച്ച നിലപാടുകൾ ഉണ്ടായിരുന്ന വ്യക്തി എന്നതാണ്. അദ്ദേഹം വിശ്വസിച്ചിരുന്ന കാര്യങ്ങൾ മുറുകെ പിടിക്കുകയും, അതിനു വേണ്ടി എന്ത് വില കൊടുക്കുവാൻ തയ്യാറാവുകയും ചെയ്തു. കെ സി ബി സി തലത്തിൽ ആയാലും അല്ലെങ്കിൽ ഇന്റർ ചർച്ച് കൗൺസിൽ തലത്തിൽ ആയാലും, തനിക്ക് ബോധ്യപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനും ആ ബോധ്യത്തിലേക്ക് അവരെ കൊണ്ടുവരാനും പവ്വത്തിൽ പിതാവിന്റ നേതൃത്വത്തിന് സാധിച്ചു.

സഭയുടെ സാമൂഹിക പ്രബോധനം Compendium of the Social Dotcrine of the Church തർജ്ജമ ചെയ്യാൻ നിമിത്തമായത് പവ്വത്തിൽ പിതാവാണ്. വളരെ പ്രധാനപ്പെട്ട ഒരു ഡോക്യുമെൻറാണ് സഭയുടെ സാമൂഹ്യ പ്രബോധനം എന്നും അത് നമുക്ക് മലയാളത്തിൽ കൊണ്ടുവരണമെന്നും അദ്ദേഹം ആവശപ്പെട്ടു. അങ്ങനെ അതിന്റെ തർജ്ജമ പി ഒ സി ഏറ്റെടുക്കുകയും, സഭയുടെ സാമൂഹിക പ്രബോധനം എന്ന വലിയ പുസ്തകം പി ഒ സി പ്രസിദ്ധീകരിക്കുകയും, ഏകദേശം 25000 ത്തിലധികം കോപ്പികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വിതരണം ചെയ്യുവാനും സാധിച്ചു.

അതുപോലെ രണ്ടാം വത്തിക്കാൻ കൗൺസിലിനെ ഏറെ സ്നേഹിക്കുകയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകൾ എപ്പോഴും ഉയർത്തിപ്പിടിക്കുകയും ചെയ്ത ഒരു വ്യക്തിയാണ് പവ്വത്തിൽ പിതാവ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മലയാള തർജ്ജമ 'സി എം ഐ' വൈദികരാണ് നിർവ്വഹിച്ചത്. കേരള കത്തോലിക്ക സഭയുടെ ഔദ്യോഗികമായ വിവർത്തനം ഉണ്ടാവണമെന്ന് പിതാവ് ആഗ്രഹിക്കുകയും, അതിനുവേണ്ടി പി ഒ സിയിലെ തർജ്ജമ നിർവ്വഹിക്കുന്നവരെ ഒരുക്കുകയും ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകൾ ഔദ്യോഗികമായി കെ സി ബി സി പ്രസിദ്ധീകരിക്കാൻ ഇടയായതിന്റെ പിന്നിൽ പവ്വത്തിൽ പിതാവാണ് പ്രവർത്തിച്ചിട്ടുള്ളത്.

കേരളത്തിലെ കത്തോലിക്ക സഭക്കും ഭാരതത്തിലെ സഭക്കും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലമാണ്. അറിവിന്റേയും വിശുദ്ധിയുടേയും വിജ്ഞാനത്തിന്റേയും നിറകുടമായിരുന്നു അഭിവന്ദ്യ പവ്വത്തിൽ പിതാവ്. അദ്ദേഹത്തിന്റെ ദേഹവിയോഗം കേരളത്തിലേയും ഭാരതത്തിലേയും കത്തോലിക്കാ സഭക്ക് തീരാത്ത വിടവാണ് നൽകിയിട്ടുള്ളത്. ഏറ്റവും നന്ദിയോടുകൂടെ അദ്ദേഹത്തിന്റെ എല്ലാ ശുശ്രൂഷകളേയും ഓർക്കുന്നു. ■




### ഒന്നരനൂറ്റാണ്ടിന്റെ സാഫല്യവുമായി

# സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ



ഇഗ്നേഷ്യസ് തോമസ്

അനന്തപുരിക്ക് അത്യുദാരനായ ദൈവം അനുഗ്രഹവും സംരക്ഷണവും നൽകുന്നതിന്റെ സൂചനയായി, ഗോത്തിക് ശൈലിയിൽ നിർമിതമായ പാളയം സെന്റ് ജോസഫ്സ് അതിഭദ്രാസന ദൈവാലയ ഗോപുരത്തിൽ യേശുനാഥന്റെ സുവർണ രൂപം നിലകൊള്ളുന്നു. നഗരവാസികളെ നിദ്രയുടെ ആലസ്യത്തിൽ നിന്നും ഓരോ പ്രഭാതത്തിലും വിളിച്ചുണർത്തുന്നത് ഈ ദൈവാലയത്തിൽ നിന്നുയരുന്ന മണിനാദമാണ്. സാന്ദ്രമായ സംഗീതം പൊഴിക്കുന്ന ജോസഫ്, സേവ്യർ, അലോഷ്യസ് എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ബൽജിയത്തിൽ നിന്നുംകൊണ്ടുവരപ്പെട്ട മണികൾ മുഴങ്ങുമ്പോൾ ദൈവജനം ആത്മീയാനന്ദത്തിന്റെ നിർവൃതിയിൽ നിറയും.

തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോയുടെ അമിതാധികാരത്തിൽ അസൂയാലുക്കളായി തീർന്നവർ അദ്ദേഹത്തിനെതിരെ ഗുഢാ

ചരിത്രകാരനും A Saga of Empowerment: Tracing the annals of the latin diocese of Trivandrum 1937-1987 എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ ഡോ. എസ്.റൈമൺ നിരീക്ഷിക്കുന്നത് ദൈവാലയം എന്ന് സ്ഥിക്കപ്പെട്ടു എന്നതിനെ സംബന്ധിച്ച് വ്യത്യസ്തമായ വാദഗതികൾ നിലനിൽക്കുന്നു എന്നാണ്. ചരിത്രകാരനായ സി.എം. ആഗൂറിനെ ഉദ്ധരിച്ചുകൊണ്ട് 1858 ൽ ദൈവാലയം നിലനിന്നിരുന്നു എന്ന് വാദിക്കുന്നു. എന്നാൽ 1858 ൽ ദൈവാലയ നിർമാണത്തിനായി സ്ഥലം വാങ്ങിയതായി രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. 1864 ഒക്ടോബർ 10-ാം തീയതി ബിഷപ്പ് കാർലോസ് ദൈവലയത്തിന്റെ ശിലാസ്ഥാപനം നടത്തി. ഫ്രാൻസിസ് മിരാൻഡ 1864 മുതൽ 1867 വരെ അദ്ദേഹം ദൈവാലയ നിർമാണത്തിന് നേതൃത്വം നൽകി. തുടർന്ന് ഫാ. മേരി വിക്ടർ ചുമതലയേറ്റു. 1858 മുതൽ 1873 വരെയുള്ള 15 വർഷക്കാലം താൽക്കാലിക ഷെഡിൽ ആരാധന നടന്നിരുന്നു എന്ന് അനുമാനിക്കാനാവും.



ലോചന നടത്തി ജീവാപായം വരുത്താൻ തീരുമാനിച്ചു. വിവരമറിഞ്ഞ് തിരുവനന്തപുരത്തെത്തിച്ചേർന്ന ബ്രിട്ടീഷ് പട്ടാളം കലാപകാരികളെ അമർച്ചചെയ്തു. തുടർന്ന് സൈനികർ സ്ഥിരമായി ഈ പ്രദേശത്ത് താവളമടിച്ചു. അങ്ങനെ ഇവിടം പാളയം എന്ന പേരിലറിയപ്പെടാൻ തുടങ്ങി. ഇക്കാലയളവിൽ നഗരത്തിലേക്ക് തമിഴ്നാട്ടിൽ നിന്നും കൊച്ചിയിൽ നിന്നും ധാരാളം പേർ കച്ചവടത്തിനും സർക്കാർ ജോലികൾക്കുമായി തൈക്കാട്, നന്തൻകോട്, വെള്ളയമ്പലം, സ്റ്റാച്ച്യു, പാളയം, കുന്നുകുഴി ഭാഗത്തേക്ക് വിവിധ ജാതികളിലും ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതങ്ങളിൽപ്പെട്ടവരും കടന്നുവരികയും സ്ഥിരവാസമുറപ്പിക്കുകയും ചെയ്തു. തിരുനെൽവേലിയിൽ നിന്ന് ശൈവസിദ്ധാന്തികളായ വെള്ളാളർ, ശുരാഗുഡിയിൽ നിന്നു വന്ന പെരുമ്പളാച്ചിമാർ (തട്ടാന്മാർ), ആംഗ്ലോ ഇന്ത്യൻസ്, ബ്രിട്ടീഷ് പട്ടാളക്കാർക്ക് മത്സ്യം നൽകുന്നതിനായി തമിഴ്നാട്ടിലെ 12 ഗ്രാമങ്ങളിൽ നിന്ന് കൊണ്ടുവരപ്പെട്ട മത്സ്യവ്യാപാരികൾ (ഗുഹർകുല അരശർ) തുടങ്ങിയവർ നഗരത്തിലെ തൈക്കാട്, പാറ്റൂർ, പേട്ട, ചാക്ക, നന്തൻകോട്, പാളയം, കുന്നുകുഴി തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിപാർക്കാൻ തുടങ്ങി. ഇവരെല്ലാം ദൈവാരാധനക്കായി അണഞ്ഞിരുന്നത് പേട്ട സെന്റ് ആൻസ് ദൈവാലയത്തിലായിരുന്നു. അക്കാലത്ത് നഗരപരിസരങ്ങളിൽ താമസമുറപ്പിച്ചിരുന്നവർ മഴക്കാലത്ത് പാറ്റൂർ തോടുകടന്ന് പേട്ട പള്ളിയിൽ എത്തുമ്പോൾ പൂർണമായി ദിവ്യബലിയിൽ പങ്കുകൊള്ളാൻ ആകുമായിരുന്നില്ല. ആദ്ധ്യാത്മികാവശ്യങ്ങൾ നിർവിഘ്നം നടക്കാൻ തങ്ങൾക്ക് അനുയോജ്യമായ സ്ഥലത്ത് പള്ളി നിർമ്മിച്ച് നൽകണമെന്ന് അന്നത്തെ കൊല്ലത്തെ വികാർ അപ്പോസ്തലിക് മോൺ. ചാൾസ് ഹയിസിന്ത് വലേർഗ ഒസിഡിക്ക് ഈ പ്രദേശങ്ങളിൽ പാർത്തിരുന്നവർ നിവേദനം സമർപ്പിച്ചു. തുടർന്ന് പള്ളി പണിയാൻ സ്ഥലം കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു.

1873 മേയ് 4-ാം തീയതി ബിഷപ്പ് ഇൽഡഫോൺസ് ബൊർഗ്ന ആശീർവദിച്ചതോടുകൂടി പാളയം ഇടവക ഔദ്യോഗികമായി ഉദ്ഘാടനം

**1873 മേയ് 4-ാം തീയതി ബിഷപ്പ് ഇൽഡഫോൺസ് ബൊർഗ്ഗ ആശീർവദിച്ചതോടുകൂടി പാളയം ഇടവക ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ദൈവാലയം ആശീർവദിക്കപ്പെട്ട് ദൈവജനത്തിന് ആരാധനക്കായി തുറന്നുകൊടുക്കപ്പെട്ട 1873 വർഷം അടിസ്ഥാനമാക്കിയാണ് ദൈവാലയത്തിന്റെ 50-ാം വാർഷികം 1923 ഡിസംബർ 3-ാം തീയതി കൊല്ലം മെത്രാനായിരുന്ന അലോഷ്യസ് മരിയ ബൻസിഗർ പിതാവിന്റെ നേതൃത്വത്തിൽ ആഘോഷിച്ചത്. തുടർന്ന് 1973 ൽ ശതാബ്ധിയും 1998 ൽ ശതോത്തര ജൂബിലിയും കൊണ്ടാടുകയുണ്ടായി.**

ചെയ്യപ്പെട്ടു. ദൈവാലയം ആശീർവദിക്കപ്പെട്ട് ദൈവജനത്തിന് ആരാധനക്കായി തുറന്നുകൊടുക്കപ്പെട്ട 1873 വർഷം അടിസ്ഥാനമാക്കിയാണ് ദൈവാലയത്തിന്റെ 50-ാം വാർഷികം 1923 ഡിസംബർ 3-ാം തീയതി കൊല്ലം മെത്രാനായിരുന്ന അലോഷ്യസ് മരിയ ബൻസിഗർ പിതാവിന്റെ നേതൃത്വത്തിൽ ആഘോഷിച്ചത്. തുടർന്ന് 1973 ൽ ശതാബ്ധിയും 1998 ൽ ശതോത്തര ജൂബിലിയും കൊണ്ടാടുകയുണ്ടായി. ഗോപുരമില്ലാത്ത ദൈവാലയത്തിന്റെ തെക്കുവടക്കായി അൾത്താര കുരിശാകൃതിയിൽ പണിതത് ഫാ.പസ്ക്കേഷിയസ് ഹെറിസ് ഒ.സി.ഡി.യായിരുന്നു.

1927ലാണ് മണിമാളികയുടെ പണി ആരംഭിച്ചത്. അന്ന് പതിനായിരം രൂപയായിരുന്നു മണിമാളികയുടെ പണിക്കായി ചെലവ് പ്രതീക്ഷിച്ചിരുന്നത്. 1933 ൽ ഫാ. ഇൻഡഫോൺസ് ഒസിഡി വികാരിയായിരുന്ന കാലയളവിൽ മണിമാളികയുടെ പണിപൂർത്തിയായി. ശ്രീമൂലം തിരുനാൾ മഹാരാജാവ് ബിഷപ്പ് ബൻസിഗറിന് സമ്മാനിച്ച കാർ അതേദിവസം തന്നെ ഫാ. ഇൻഡഫോൺസിന് ബൻസിഗർ പിതാവ് നൽകുകയും കാർ വിറ്റുകിട്ടുന്ന തുക ഗോപുര നിർമാണത്തിന് ഉപയോഗിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 1873 ൽ ഔദ്യോഗികമായി ആശീർവദിച്ച ദൈവാലയത്തിൽ 1000 പേർ ഇടവകാംഗങ്ങളായി ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് 5000 ത്തോളം ജനങ്ങൾ ഈ ഇടവകാംഗങ്ങളായുണ്ട്. 1937 ന് തിരുവനന്തപുരം രൂപത നിലവിൽവന്നപ്പോൾ സെന്റ് ജോസഫ്സ് ചർച്ച് രൂപതയുടെ ഭദ്രാസന ദൈവാലയമായി പ്രഖ്യാപിക്കപ്പെട്ടു. 1947 വരെ കർമ്മലീത്താ മിഷണറി വൈദികരായിരുന്നു ഇടവക വികാരിമാരായി സേവനമനുഷ്ഠിച്ചിരുന്നത്. അതിനുശേഷം കൊല്ലം ഇരവിപുരം സ്വദേശിയായ മോൺ. ജോൺ ഫെർണാണ്ടസ് 1969 വരെ ദീർഘകാലം ഇടവകവികാരിയായി പ്രവർത്തിച്ചു. ഇപ്പോഴത്തെ ഇടവകവികാരി മോൺ. ഡോ. നിക്കളോസ് താർസിയൂസും ഫാ. ജിം കാർവിനും ഫാ. സോജൻ ജോൺ ബ്രിട്ടോയും സഹവികാരിമാരുമാണ്.

തിരുവിതാംകൂർ ദിവാനായിരുന്ന ഫ്രാങ്ക് വാട്സ്, ജഡ്ജ് എ.എം. മുത്തുനായകം പിള്ള കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയിരുന്ന ആൽബർട്ട് മരിയൻ ബ്രിട്ടോ മുത്തുനായകം തിരുകൊച്ചി മന്ത്രി ആനിമസ്ക്രീൻ തിരുകൊച്ചി അസംബ്ലി അംഗമായിരുന്ന ജെ.റ്റി.മൊറൈസ് സെക്രട്ടറിയും ദിവാൻ പേഷ്കാരുമായിരുന്ന എൽ.ജി.പെരേര, തിരുവനന്തപുരം നഗരസഭാ മേയർ എഫ്രെ ഫെർണാണ്ടസ് മുൻ ഐജിയും പിഎസ്സി ചെയർമാനുമായിരുന്ന മരിയ അർപ്പുതം ജസ്റ്റിസ് തളിയത്ത്, ഡോ. ഐ.സി.ചാക്കോ മരിയസൂസ സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സ്വാമിനാഥപിള്ള, അഡ്വ. ജ്ഞാനപ്രകാശം പിള്ള തുടങ്ങിയവർ സ്മരണീയരായ അൽമായ പ്രമുഖരാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമന്റെയും വിശുദ്ധ മദർ തെരേസയുടെയും പാദസ്പർശത്താൽ അനുഗ്രഹീതമാണ് ഈ ദൈവാലയം. തിരുവനന്തപുരം അതിരൂപതയിൽ 1990 കളിൽ ആരംഭിച്ച അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ പാളയം ഇടവകയിലും അതേ കാലയളവിൽ തന്നെ തുടക്കം കുറിക്കുകയുണ്ടായി. മോൺ. എം.ജോസഫ് ഇടവക വികാരിയും ഫാ. തോമസ് നെറ്റോ (ഇപ്പോഴത്തെ ആർച്ച്ബിഷപ്പ്) സഹവികാരിയുമായിരിക്കുമ്പോഴാണ് ഇടവകയിൽ 43 കുടുംബ യൂണിറ്റുകൾ രൂപംകൊണ്ടത്. ഇന്ന് 47 കുടുംബ യൂണിറ്റുകൾ ഇടവകയിലുണ്ട്. ഇടവക വികാരിയും സഹവികാരിമാരും സന്യസ്തരും ഇടവക സമിതി, ഫിനാൻസ് കൗൺസിൽ ശുശ്രൂഷാ സമിതികൾ ഒന്നുചേർന്ന് ഇടവക കൂട്ടായ്മയെ ചൈതന്യവത്താക്കുന്നു.

നഗരവികസനത്തിനും പുരോഗതിക്കും വേണ്ടി എംഎൽഎ ഹോസ്റ്റൽ എയർപോർട്ട് റോഡ് വികസനത്തിനായി 177 വർഷം പഴക്കമുള്ള പാറ്റൂർ സെമിത്തേരിയിൽ നിന്ന് 23 സെന്റ് സ്ഥലം കേരളാ റോഡ് ഫണ്ട് ബോർഡിന് (കെആർഎഫ്ബി) കൈമാറി പാളയം ഇടവക നഗരവികസനത്തിൽ പങ്കുചേരുകയുണ്ടായി. 2010 ൽ മോൺ സി.ജോസഫ് ഇടവക വികാരിയായിരുന്നപ്പോൾ ദൈവാലയത്തിന്റെ സമ്പൂർണ നവീകരണം നടന്നു.

നഗരത്തിലെ തന്നെ പ്രശസ്ത വിദ്യാലയങ്ങളായ ഹോളി എയ്ഞ്ചൽസ് കോൺവെന്റും കാർമൽ ഗേൾസ് ഹൈസ്കൂളും ഇടവക അതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ ലോകത്തിനുതന്നെ മാതൃകയായ മിഷണറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സും ജൂബിലി ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ചിരുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയും ഈ ഇടവകയ്ക്കുള്ളിൽ സ്തുത്യർഹമായ സേവനം ചെയ്തുവരുന്നു. പാളയം അതിഭദ്രാസന ദൈവാലയം ഔദ്യോഗികമായി 150 വർഷം പൂർത്തീകരിച്ച ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നിരവധി കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിർധനർക്കും ആലംബഹീനർക്കും ആശ്വാസമരുളുന്ന സാമ്പത്തിക സഹായപദ്ധതികൾ ദരിദ്രവിദ്യാർത്ഥികളെ സഹായിക്കുന്ന പഠനപ്രോത്സാഹന പദ്ധതികൾ ഉൾപ്പെടെയും മനുഷ്യസ്നേഹപരമായ കർമ്മപരിപാടികൾ ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്. ■






**കടൽ-കടൽത്തുറ ജീവിതങ്ങളിൽനിന്നും സൃഷ്ടിക്കപ്പെട്ട ഒരനശ്വര പ്രതീകം**

# പനിയടിമ

## സൂക്ഷ്മ ജീവിതങ്ങളുടെ സാക്ഷ്യം



ഡോ. സീന ഫെലിക്സ്

*"ആറാം മുറിവിലേക്കവൾ മൃദുവായി കൈപ്പടംവച്ചു. ഗദ്ഗദത്തോടെ പനിയടിമ പറഞ്ഞു. "പെറമ്പോക്ക്..." അപ്പോൾ പ്രിയപ്പെട്ടവന്റെ നെഞ്ചിൻ കൂട്ടിലിരുന്ന് ഒരു പ്രാവ് കുറുകുന്നതവൾ കേട്ടു."*

**- പനിയടിമ**

**അ**രികുവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ വിഹ്വലതകളാണ് കടലെഴുത്തിന്റെ ലോകം നമുക്ക് തുറന്നുതരുന്നത്. ഉജ്ജ്വലങ്ങളായ നിരവധി അവകാശ പോരാട്ടങ്ങളിലൂടെ കടന്നുപോയവരാണെങ്കിലും മത്സ്യത്തൊഴിലാളികൾ ഇന്നും അന്യരാക്കപ്പെടുന്ന ഒരു സമൂഹമായി നിലകൊള്ളുന്നു. സ്വന്തം നിലനില്പുതന്നെ മറ്റുള്ളവരാൽ നിയന്ത്രിക്കപ്പെടുന്ന സംത്രാസത്താൽ ചുറ്റപ്പെട്ടവരാണവർ. കടലെഴുത്തുകാരിൽ പ്രധാനിയായ ബർഗ്മാൻ തോമസിന്റെ പനിയടിമ എന്ന നോവൽ ഈ സത്യം നമ്മെ ബോധ്യപ്പെടുത്തുന്നു. ഒരു സമൂഹം ഓരങ്ങളിലേക്ക് തള്ളി നീക്കപ്പെട്ടതിന്റെ ദുരന്തബോധത്തിൽനിന്നും ഇനിയും കരകയറാനാകാതെ തളംകെട്ടി നില്ക്കുമ്പോൾ, ആ ബോധത്തിന്റെ വെളിപ്പെടുത്തൽ ഒരു നോവായി, നോവലായി എഴുതപ്പെടുകയാണ്. അപമാനീകരണത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങൾ ഏതൊരു വായനക്കാരന്റെയും ഹൃദയത്തിൽ ഒരു വാൾ തുളച്ചുകയറുമ്പോലെ അനുഭവപ്പെടും. ഹൃദയവേദനയോടെ മാത്രമേ പനിയടിമയുടെ ജീവിതത്തെ വായിക്കാൻ കഴിയൂ. ഒരു വീ

**നോവലിന്റെ ഇതിവൃത്തം തന്നെ കടലുമായി ഇഴ പിരിച്ചെടുക്കാനാവാത്തവിധം ഉൾച്ചേർന്നിരിക്കുന്നു. അധികാരത്തി ന്റെ ഓരോ കവാടത്തിനുമുന്നിലുമുള്ള പനിയടിമയുടെ കാത്തുനില്പും ഒരു വീട് കെട്ടാനായി അവൻ നടത്തുന്ന ശ്രമങ്ങളുമെല്ലാം പുറങ്കടലിൽ ചൂണ്ടയുമായി കാത്തുകിടക്കുന്ന നിത്യവൃത്തി യുടെ പരിചിത ബിംബങ്ങളുമായി ഇഴുകിച്ചേർത്താണ് അവതരിപ്പിച്ചിരിക്കുന്നത്.**

ടുണ്ടാക്കുക എന്നത് ഏതൊരു മനുഷ്യന്റെയും ജീവിതസ്വപ്നമാണ്. അതിന്റെ സുരക്ഷിതത്വത്തിൽ കഴിയുക ജീവിതസാഫല്യവും. ഇവിടെ താൻ ദീർഘകാലമായി ചവിട്ടിനിന്നിരുന്ന മണ്ണുപോലും തന്റേതല്ലായെന്ന സത്യം തിരിച്ചറിയുമ്പോൾ പനിയടിമ തകർന്നുപോകുന്നു. സംരക്ഷണം ഒരുക്കേണ്ടവർതന്നെ നാശകാരികളായി മാറുമ്പോൾ എല്ലാം തട്ടിത്തെറിപ്പിക്കുന്ന വർത്തമാനകാല രാഷ്ട്രീയ സാമൂഹിക വർഗീയ കാഴ്ചപ്പാടുകളിലേക്ക് നോവലിസ്റ്റ് നമ്മെ കൊണ്ടെത്തിക്കുന്നു. സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന അടിസ്ഥാന പ്രശ്നമായ ഒരു കിടപ്പാടം എന്നത് സാക്ഷാത്ക്കരിക്കുന്നതിന് ഭരണകൂടവും സംവിധാനങ്ങളും കെട്ടിപ്പൊക്കുന്ന നീരാളിപ്പിടുത്തത്തിൽനിന്നും പനിയടിമമാരെയും കുടുംബാംഗങ്ങളെയും മോചിപ്പിക്കുവാൻ ശക്തമായ സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട് എന്ന യാഥാർത്ഥ്യത്തിലേക്കും ഈ നോവൽ ചിന്തിപ്പിക്കുന്നു. കൈക്കൂലി കൊടുക്കാതെ ഒരു കാര്യവും സാധിക്കില്ല എന്ന ബോധ്യം ലഭിച്ചപ്പോൾ അവർ ആവശ്യപ്പെട്ടതനുസരിച്ച് പനിയടിമ നെയ്മീൻ കാഴ്ചവയ്ക്കുന്നുണ്ട്. അത് വാങ്ങിവച്ച് തഹസീൽദാർ അവനെ നോക്കി ചിരിച്ചു. അയാൾക്കുതന്നെയും മനസ്സിലാക്കാനാകാത്ത ഒരു ചിരി. സർക്കാർകാര്യം നടക്കണമെങ്കിൽ നേതാക്കന്മാർ വിചാരിക്കണം എന്ന നിലയിലായി. നേതാവിനെ കാണാൻപോയ പനിയടിമ, നേതാവിന്റെയും അനുയായികളുടെയും പരിഹാസ ശരമേറ്റ് ഒടുവിൽ, നിവൃത്തിയില്ലാതെ നേതാവിനെ തല്ലേണ്ടിവരുന്നു. തുടർന്ന് പനിയടിമ പോലീസിന്റെ പിടിയിലുമായി. പരിഹാസങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങുന്നത് അവന്റെ സമൂഹം തന്നെയാണ്.

നോവലിന്റെ ഇതിവൃത്തം തന്നെ കടലുമായി ഇഴ പിരിച്ചെടുക്കാനാവാത്തവിധം ഉൾച്ചേർന്നിരിക്കുന്നു. അധികാരത്തിന്റെ ഓരോ കവാടത്തിനുമുന്നിലുമുള്ള പനിയടിമയുടെ കാത്തുനില്പും ഒരു വീട് കെട്ടാനായി അവൻ നടത്തുന്ന ശ്രമങ്ങളുമെല്ലാം പുറങ്കടലിൽ ചൂണ്ടയുമായി കാത്തുകിടക്കുന്ന നിത്യവൃത്തി യുടെ പരിചിത ബിംബങ്ങളുമായി ഇഴുകിച്ചേർത്താണ് അവതരിപ്പിച്ചിരിക്കുന്നത്. 'കടപ്പെറപാസ' യിലൂടെ ഒരു സംസ്കാരത്തിന്റെ വാതിൽ തുറന്നിടുകയും ചെയ്യുന്നു. കേൾവീം കേൾവിക്കാരുമില്ലാത്ത എന്നും തോറ്റുപോയവരുടെ ജീവിതവൃത്തിയുടെ ആത്മീയ ചൈതന്യം ഈ നോവലിന് പുത്തനുണർവ് നൽകുന്നു. ■



*തിരുവനന്തപുരം അതിരൂപതയിലെ പത്ത് വൈദികവിദ്യാർഥികൾ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിൽനിന്ന് വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ വെള്ളയമ്പലം പള്ളിയിൽവച്ച് വൈദികവസ്ത്രം സ്വീകരിച്ചു.*



സെന്റ് ഫ്രാൻസീസ് സേവ്യർ ദൈവാലയം
വെള്ളലുമ്പ്, ചാവടി / പല്ലുവിള ഫെറോന, (തിരുവനന്തപുരം, ലത്തിൻ അതിരൂപത.)
നവീകരിച്ച ദൈവാലയത്തിന്റെ ആശിർവാദകർമ്മം
തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത
അഭിവന്ദ്യ റവ ഡോ. തോമസ് ജെ നെറ്റോ നിർവ്വഹിക്കുന്നു.
2023 ഏപ്രിൽ 15
ശനിയാഴ്ച്ച
വൈകുന്നേരം
4 ന്
ഏവർക്കും സ്വാഗതം
ഇടവകകമ്മറ്റി & ദൈവാലയ
നിർമ്മാണ കമ്മറ്റി: 9846987784
8891915311
ഫാ. ആന്റണി എസ് ബി
ഇടവകവികാരി
Mob: 9744013543




# പേട്ട ഫെറോന ഡയറക്റ്ററി പ്രകാശനം ചെയ്തു

ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ഇടവക ഹാളിൽ കൂടിയ ഫെറോന കൗൺസിൽ യോഗത്തിൽ ഫെറോന വികാരി ഫാ. റോബിൻസൺ ഫെറോന ഡയറക്റ്ററി പ്രകാശനം ചെയ്തു. ഫെറോന ജനറൽ ബോഡി, ഫെറോന തല വിവിധ സമിതികൾ, ഫെറോന ശുശ്രൂഷകൾ, ബി.സി.സി. കമ്മീഷൻ എന്നിവയിലെ അംഗങ്ങളുടെ വിവരങ്ങൾ, ഫെറോനയിലെ ഇടവകകൾ, സബ് സ്റ്റേഷൻസ്, സന്യസ്ത ഭവനങ്ങൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഡയറക്റ്ററി. ഫെറോനാതല പ്രവർത്തനങ്ങൾ കൂടുതൽ പങ്കാളിത്തത്തോടും ഫലപ്രദമായും മുന്നോട്ടു കൊണ്ടുപോകാൻ ഇത് സഹായകമാകുമെന്ന് ഫെറോന വികാരി അഭിപ്രായപ്പെട്ടു. ഫെറോനയിൽ ആദ്യമായി ഇപ്രകാരമൊരു ഡയറക്റ്ററി തയ്യാറാക്കാൻ മുൻകൈയെടുത്ത ഫാ. ലോറൻസ് കുലാസിനെ ഫെറോന കൗൺസിൽ അഭിനന്ദിച്ചു.

# വൈവിധ്യങ്ങളെ ഉൾക്കൊണ്ടാകണം ശുശ്രൂഷ ഏകോപനം; ആർച്ച് ബിഷപ്പ് തോമസ് ജെ. നേറ്റോ




ശുശ്രൂഷകളുടെ പൊതുവായ വീക്ഷണവും ദിശാബോധവും ഏകോപനവും ലക്ഷ്യം കൈവരിക്കേണ്ടത് ഓരോ രൂപതകളുടെയും വൈവിധ്യങ്ങളെ ഉൾക്കൊണ്ടാവണമെന്ന് തിരുവനന്തപുരം അതിരൂപത മെത്രാൻ ഡോ. തോമസ് ജെ നേറ്റോ. വെള്ളയമ്പലം ജൂബിലി ആനിമേഷൻ സെന്ററിൽ നടന്ന കെ ആർ എൽ സി സി തിരുവനന്തപുരം എക്ലേസിയാസ്റ്റിക്കൽ പ്രോവിൻസിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, നെയ്യാറ്റിൻകര, പുനലൂർ, കൊല്ലം, ആലപ്പുഴ രൂപതകളിലെ ശുശ്രൂഷ കോഡിനേറ്റർമാർക്കും, ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറിമാർക്കും വേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2002 മെയ് 24ന് സ്ഥാപിതമായ കെ ആർ എൽ സി സി ഒരേസമയം സഭ, സമുദായം എന്നിങ്ങനെ രണ്ട് കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകുമ്പോൾ, സഭാവിശുദ്ധീകരണത്തിനും സമുദായത്തിന്റെ ശാക്തീകരണത്തിനും ശുശ്രൂഷകൾ പ്രവർത്തിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. 12 ലത്തീൻ രൂപതകളിൽ ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്ത സഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 10 വർഷങ്ങൾക്കു മുൻപാണ് കെ ആർ എൽ സി സി തുടക്കം കുറിച്ചത്. ഈ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യത്യസ്ത സംവിധാനങ്ങളുള്ള രൂപതകളുടെ വൈവിധ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓരോ രൂപതയെയും അനുധാവനം ചെയ്യുന്ന സമീപനവും രൂപപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. 5 രൂപതകളിൽ നിന്നായി അമ്പതോളം വൈദികർ പരിശീലന പഠന കളരിയിൽ പങ്കാളികളായി. ശുശ്രൂഷ സംവിധാനങ്ങളുടെ വിലയിരുത്തലും പൊതു ചർച്ചയും ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ പിതാവ് മോഡറേറ്റ് ചെയ്തു.

# അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിച്ച് തിരുവനന്തപുരം ലത്തീൻ അതിരൂപത



അതിരൂപത സാമൂഹ്യ ശുശ്രൂഷ സമിതിയുടെയും, കേരള ലാറ്റിൻ കാത്തലിക്ക് വിമെൻസ് അസോസിയേഷന്റെയും, മത്സ്യ കച്ചവട സ്ത്രീ ഫോറത്തിന്റെയും നേതൃത്വത്തിൽ നടന്ന വനിതാ ദിനാചാരണത്തിൽ രാജ്യസഭാ എം പി ശ്രീമതി ജെബി മെയ്ത്തർ ഉദ്ഘാടകയായെത്തി. ഒരേ സമയം പലവിധ ഉത്തരവാദിത്തങ്ങൾ വഹിക്കുന്ന സ്ത്രീകൾക്ക് വെല്ലുവിളികളെ കരുത്തോടെ നേരിടാനും പ്രതിസന്ധികളെ പുഞ്ചിരിച്ചുകൊണ്ട് തരണം ചെയ്ത് സമൂഹത്തിന്റെ മുഖ്യധാരയിലെത്താനും ഏതൊരു സ്ത്രീക്കും സാധിക്കണമെന്ന് ജെബി മെയ്ത്തർ പറഞ്ഞു. ലോകത്തിലെതന്നെ ഏറ്റവും മഹത്തമമായ ഇന്ത്യൻ ഭരണഘടനപോലും ഇന്ന് വെല്ലുവിളികൾ നേരിടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. സ്ത്രീ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റം ഇന്നത്തെ സമൂഹത്തിൽ സാധാരണ സംഭവമായാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ വെല്ലുവിളികളെ തരണംചെയ്ത് സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരണമെന്ന് തന്റെ ഉദ്ഘാടന സന്ദേശത്തിലൂടെ അവർ പങ്കുവച്ചു. അതിരൂപതയുടെ കരുത്ത് ജനങ്ങളും ജനങ്ങളിൽ കരുത്തർ സ്ത്രീകളുമാണെന്ന് അനുഗ്രഹ പ്രഭാഷണം നടത്തിയ അതിരൂപത മെത്രാൻ ഡോ. തോമസ് ജെ നേറ്റോ പറഞ്ഞു. സമൂഹത്തിൽ സ്ത്രീകളെ അംഗീകരിക്കേണ്ടതും ഉൾകൊള്ളേണ്ടതും സ്ത്രീകൾ തന്നെയാണെന്നും സ്ത്രീധന നയം സമൂഹത്തിൽ നിന്നും തുടച്ചു നീക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു. ജീവൻ ജ്യോതി ക്ഷേമപദ്ധതിയിൽ അംഗങ്ങളായവരുടെ മക്കളായ പത്താം ക്ലാസ്സ്, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഏഴു വിദ്യാർഥിനികളെ ക്യാഷ് അവാർഡും മൊമെന്റോയും നൽകി ആദരിച്ചു. ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളുള്ള അമ്മമ്മാരെയും, മത്സ്യ വിപണന രംഗത്ത് മികവ് തെളിയിച്ച മത്സ്യക്കച്ചവട ഫോറം അംഗങ്ങളെയും പൊന്നാട അണിയിച്ചു. വിവിധ തൊഴിൽ സംരംഭക രംഗങ്ങളിൽ മികവ് തെളിയിച്ച സ്ത്രീകളെയും ആദരിച്ചു. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പരിമിതികളെ ഭേദിച്ച് പുറത്തുവരുന്നിടത്താണ് യഥാർത്ഥ സ്ത്രീ സ്വാതന്ത്ര്യം സഫലമാകുന്നതെന്നും വൈവിധ്യമായ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവരാണ് സ്ത്രീകളെന്നും കെ.എൽ.സി.ഡബ്ല്യൂ.എ പ്രസിഡന്റ്, ശ്രീമതി ജോളി പത്രോസ് പറഞ്ഞു. എല്ലാവിധമായ പുത്തൻ ആശയങ്ങളും സാങ്കേതിക വിദ്യയും ലിംഗസമത്വത്തിനായി പ്രയോജനപ്പെടുത്തുക, ക്രമപ്പെടുത്തുക, എന്ന വിഷയത്തെ ആസ്പദമാക്കി ആൾ സെയിന്റ്സ് കോളേജ് ബോട്ടണി വിഭാഗം മേധാവി ഡോ. സിന്ധ്യ ക്രിസ്റ്റഫർ സംസാരിച്ചു.



*പുത്തൻതോപ്പിൽ വച്ചുനടന്ന ലത്തീൻ ദിനാഘോഷത്തിന് തുടക്കംകുറിച്ചപ്പോൾ*



*തിരുവനന്തപുരം അതിരൂപതയുടെ ശബ്ദമായ ജീവനും വെളിച്ചവും മാസികയ്ക്ക് വരിക്കാരെ ചേർക്കുവാനായി ആവിഷ്കരിച്ച പദ്ധതിയായ 'ജീവസമൃദ്ധി' യുടെ ഉദ്ഘാടനം പൂഴിക്കുന്ന് ഇടവകയിൽ നടന്നു*

## വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പരിശീലന ക്ലാസ് സംഘടിപ്പിച്ച് പേട്ട ഫെറോനാ

പേട്ട ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഫെബ്രുവരി ഇരുപത്തിയാറാം തീയതി മൂന്നുമണിക്ക് പൊങ്ങുംമൂട് പാരിഷ് ഹാളിൽ വച്ച് പേട്ട ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ കോഡിനേറ്റർ ഫാ. ലോറൻസ് കുലാസിന്റെ അധ്യക്ഷതയിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവൽ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ, വിദ്യാഭ്യാസ സമിതിയുടെ പ്രവർത്തനങ്ങൾ, അതിരൂപത കർമ്മ പരിപാടികൾ എന്നിവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പരിശീലകർക്ക് നൽകി. ഫെറോനാ സമിതി എക്സിക്യൂട്ടീവിന് രൂപം നൽകുകയും ഫെറോന തല പൊതുവിജ്ഞാന മത്സരത്തിൽ വിജയികളായ 15 കുട്ടികൾക്ക് ക്യാഷ് പ്രൈസും ജി.കെ പുസ്തകവും സമ്മാനമായി നൽകി. ഫെറോന കൺവീനർ ശ്രീമതി ഷൈനി ജോസ്, ആനിമേറ്റേർമാർ എന്നിവരും പരിപാടിയിൽ സന്നിഹിതരായിരുന്നു.

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് വാർഷിക സമ്മേളനം




തിരുവനന്തപുരം ലത്തീൻ അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 31-ാം വാർഷിക സമ്മേളനം ഹോളി ഏഞ്ചൽസ് കോൺവെന്റ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. സമ്മേളനം കേരള ഗവർണർ ശ്രീ ആരീഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ ഗിൽഡിന്റെ മുഖ്യ പ്രമേയം, അധ്യാപകർ രാഷ്ട്ര ശില്പികൾ എന്നതായിരുന്നു. ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ ഇഗ്നേഷ്യസ് ലയോള യോഗത്തിൽ അധ്യക്ഷനായി. തിരുവനന്തപുരം അതിരൂപത മെത്രാൻ ഡോ. തോമസ് ജെ നെറ്റോ മുഖ്യപ്രഭാഷണം നടത്തി. 2022-23 അധ്യയന വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന ആർ സി സ്കൂൾ അധ്യാപകരെയും അനധ്യാപകരെയും ചടങ്ങിൽ ആദരിച്ചു. ടീച്ചേഴ്സ് ഗിൽഡ് സെക്രട്ടറി ശ്രീമതി നിഷ പി ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപത വികാർ ജനറൽ മോൺ യൂജിൻ എച്ച് പേരേര വാർഷിക സമ്മേളനത്തിന് സന്ദേശം നൽകി. പള്ളിത്തുറ എച്ച് എസ് എസ് ഹെഡ്മിസ്ട്രസ്സ് ശ്രീമതി മേരി മെറീന റോബി, ആർ സി സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോക്ടർ ഡൈസൺ യേശുദാസ്, ടീച്ചേഴ്സ് ഗിൽഡ് വൈസ് പ്രസിഡൻറ് ശ്രീ പത്രോസ് എന്നിവർ സംസാരിച്ചു.



*വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾ*


# പാളയം സെന്റ് ജോസഫ് കത്തിഡ്രലിന് ഒന്നര നൂറ്റാണ്ട്; ലോഗോ പ്രകാശനം ചെയ്തു

തിരുവനന്തപുരത്തെ സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിന് 150 വയസ്സ് പൂർത്തിയാകുന്നു. അടുത്ത ഡിസംബർവരെ നീളുന്ന നൂറ്റിയൻപതാം വാർഷിക ആഘോഷത്തിന്റെ ഭാഗമായുള്ള ദിവ്യബലിക്കു ശേഷം ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോ ലോഗോ പ്രകാശനം ചെയ്ത് തുടക്കം കുറിച്ചു. പാളയം ഇടവക വികാരി മോൺ. ടി. നിക്കോളാസ്, ശ്രീ. ഇഗ്നേഷ്യസ് തോമസ്, ശ്രീ. എം. ബേസിൽ എന്നിവരുടെ നേതൃത്വത്തിലാണ് ലോഗോ പ്രകാശനം ചെയ്തത്. 1873 മെയ് 4 നാണ് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയം സ്ഥാപിതമായത്.




# സിൽവർ ജൂബിലി നിറവിൽ ശാന്തിപുരം ഇടവക

ശാന്തിപുരം ഇടവകയായി രൂപംകൊണ്ട് 25 വർഷം. ഇരുപത്തിയഞ്ചാം വാർഷിക ആഘോഷങ്ങൾക്ക് ആരംഭംകുറിച്ച് നടന്ന ദിവ്യബലിയിൽ മുൻ അതിരൂപതാ അധ്യക്ഷൻ ഡോ. സൂസപാക്യം മുഖ്യ കാർമ്മികനായി. ഒരുവർഷം നീണ്ടുനിൽക്കുന്ന വാർഷിക ആഘോഷത്തിന്റെ ഭാഗമായ ലോഗോ മെത്രാൻ പ്രകാശനം ചെയ്തു. പുതുക്കുറിച്ചി ഇടവകയുടെ കീഴിലായിരുന്ന ശാന്തിപുരം ഇടവക പിൽക്കാലത്ത് വെട്ടുതുറ ഇടവകയുടെ സബ് സ്റ്റേഷനായി പ്രവർത്തിച്ചു വരികയായിരുന്നു. ഫാ. യേശുദാസ് മത്യാസ് ഇടവക വികാരിയായിരുന്ന 1999 മാർച്ച് 22 നാണ് അന്നത്തെ അതിരൂപത മെത്രാൻ ആയിരുന്ന ഡോ. സൂസപാക്യം ശാന്തിപുരത്തെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചത്. ഫാ. ഷൈനിഷ് ബോസ്കോയുടെയും ഇടവക പാരിഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിലാണ് ഇരുപത്തിയഞ്ചാം വാർഷികഘോഷങ്ങൾക്ക് തുടക്കമായത്.






*എം.എ. ഇംഗ്ലീഷ് ലാൻഗ്വേജ് ആൻഡ് ലിറ്ററേച്ചറിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഒന്നാം റാങ്കോടെ വിജയിച്ച ക്ലെറീന ക്രിസ്തുദാസ്. ആറ്റിങ്ങൽ ഗവ. കോളേജിലാണ് പഠനം പൂർത്തിയാക്കിയത്. മര്യനാട് പ്രണവത്തിൽ ക്രിസ്തുദാസിന്റെയും സബീനറാണിയുടെയും മകളാണ്. സഹോദരൻ സുകേഷ് ക്രിസ്തുദാസ് എംബിബിഎസ്.*

## തീരദേശ ജൈവ പരിപാലന വലയം പദ്ധതി

ലോക വനദിനത്തോടനുബന്ധിച്ച് പുതുക്കുറിച്ചി ഫെറോനയിൽ തുമ്പ ഇടവകയിൽ റ്റി.എസ്.എസ്.എസിന്റെ കേരള മാരിടൈം ബോർഡ്, സോഷ്യൽ ഫോറസ്ട്രി തിരുവനന്തപുരം ഡിവിഷൻ, കഠിനംകുളം പഞ്ചായത്ത്, ജനമൈത്രി പോലീസ് സ്റ്റേഷൻ കഴക്കൂട്ടം, കോസ്റ്റൽ പോലീസ് വിഴിഞ്ഞം എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ 'തീരദേശ ജൈവ പരിപാലന വലയം' പദ്ധതി തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം നിർവഹിച്ചു. തിരുവനന്തപുരം ഡിവിഷൻ സോഷ്യൽ ഫോറസ്ട്രി അസി. കൺസർവേറ്റർ ശ്രീ. സജു എസ് നായർ വിശിഷ്ട അഥിതിയായിരുന്നു. തുമ്പ ഇടവക വികാരി ഫാ. ഷാജിൻ ജോസ് റ്റി.എസ്.എസ്.എസ് ഡയറക്ടർ, ഫാ. ആഷ്‌ലിൻ ജോസ്, കെ.എസ്.എസ്.എഫ് സ്റ്റേറ്റ് കോഡിനേറ്റർ ജിത്തു ദാസ്, റ്റി.എസ്.എസ്.എസ് കോഡിനേറ്റർ കെവിൻ സ്റ്റെല്ലസ് എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.

# കക്കുകളി നാടകത്തിനെതിരെ പ്രതിഷേധിച്ച് കെ.സി.വൈ.എം



ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ക്രൈസ്തവ വിശ്വാസത്തെയും കത്തോലിക്കാ സന്യാസത്തെയും അവഹേളിക്കുന്ന കക്കുകളി നാടകത്തിനെതിരെ പുല്ലുവിള ഫെറോന കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം സംഘടിപ്പിച്ചു. കക്കുകളി നാടകത്തെ ബഹിഷ്കരിക്കണമെന്ന ആവശ്യത്തെ ചൂണ്ടിക്കാട്ടി നടത്തിയ പ്രതിഷേധത്തിൽ യുവജനങ്ങൾക്കൊപ്പം ഫെറോനയിൽ സേവന മനുഷ്ഠിക്കുന്ന സന്യസ്തരും അണിനിരന്നു. സിസ്റ്റർ സുനിത സന്യാസി സമൂഹത്തെ പ്രതിനിധീകരിച്ചു സംസാരിച്ചു. പുല്ലുവിള ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ്, ഫെറോനാ യുവജന ഡയറക്ടർ ഫാ. ജോസ്, ഫാ. സജിത്ത് സോളമൻ, പൂവാർ ഇടവക വികാരി ഫാ. അനീഷ് ഫെർണാണ്ടസ് എന്നിവരും പ്രതിഷേധമറിയിച്ച് സംസാരിച്ചു. കൊച്ചുതുറയിൽ നിന്നാരംഭിച്ച പ്രതിഷേധ റാലി പൂവാർ പള്ളിയങ്കണത്തിൽ സമാപന സമ്മേളനത്തോടെ അവസാനിച്ചു. തൃശൂർ മുനിസിപ്പൽ കോർപറേഷൻ സംഘടിപ്പിച്ച സർഗോത്സവം പരിപാടിയിൽ വച്ചാണ് സന്യസ്ഥരെ അവഹേളിക്കുന്ന തരത്തിലുള്ള കക്കുകളി നാടകത്തിന് അനുമതി നൽകിയത്. തരംതാഴ്ന്ന ഫലിതങ്ങൾകൊണ്ട് ക്രൈസ്തവ സന്യാസത്തെ അവഹേളിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന നാടകം സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലാണ് ചിത്രീകരിക്കുന്നത്.

# കെസിവൈഎമ്മിന് പുതിയ നേതൃത്വം




തിരുവനന്തപുരം ലത്തീൻ അതിരൂപത കെസിവൈഎമ്മിന്റെ 46-ാമത് സെനറ്റ് സമ്മേളനം മാർച്ച് 11, 12 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സെനറ്റിൽ വച്ച് 2023-24 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

കെസിവൈഎം പ്രസിഡന്റായി സനു സാജൻ പടിയറയിലിനേയും, ജനറൽ സെക്രട്ടറിയായി എമിൽ ജോണി പീറ്ററിനേയും തെരഞ്ഞെടുത്തു. സമാപന സമ്മേളനം തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത തോമസ്.ജെ.നെറ്റോ ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ.എച്ച്. പെരേര അനുഗ്രഹ പ്രഭാഷണം നടത്തി. കെസിവൈഎം രൂപത ഡയറക്ടർ ഫാ.സന്തോഷ് കുമാർ, പ്രസിഡന്റ് ജോബ്.ജെ.ജെ തുടങ്ങിയവർ പങ്കെടുത്തു. വിവിധ മേഖലകളിൽ മികവ് പുലർത്തിയവരെ ആദരിച്ചു.

# പുതിയതുറയെ ലഹരി വിമുക്തമാക്കൻ  ഇടവകനേതൃത്വം

രാത്രി വൈകി കടൽത്തീരത്തെത്തുന്ന അപരിചിതരെയും യുവജനങ്ങളെയും സ്നേഹപൂർവ്വം മടക്കിയയ്ക്കാൻ കർമ്മനിരതരായി പുതിയതുറ ഇടവക കമ്മിറ്റിയംഗങ്ങളും ഇടവകവൈദികരും പുതിയതുറ കടൽതീരത്ത്. മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗവും ലഭ്യതയും ഇടവകയിൽ നിന്നും തുടച്ചു മാറ്റുവാൻ ജനങ്ങൾ എല്ലാവരും ഒറ്റക്കെട്ടായി സഹകരിക്കണമെന്ന്



ഇടവക വികാരി ഫാ. സജു റോൾദോൻ നിർദ്ദേശം നൽകി. വൈകുന്നേരം 6 മണിക്കുശേഷം പുതിയതുറക്കാർ അല്ലാത്തവരെ സംശയാസ്പദമായി കണ്ടാൽ ബോധവൽക്കരണം നൽകി പറഞ്ഞയക്കണമെന്നും, മദ്യം, ലഹരി വസ്തുക്കൾ എന്നിവ വിൽക്കുകയോ വാങ്ങുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത് കർശനമായി തടയണമെന്നും ഇടവക കൗൺസിലംഗങ്ങൾ പറയുന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി ജനങ്ങൾ ഒരുമിച്ച് കൂടുന്നിടങ്ങളിൽ ഫ്ളക്സ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. രാത്രിയിൽ 9 മണിക്ക് ശേഷം മക്കൾ വീട്ടിൽ ഉണ്ടെന്നു മാതാപിതാക്കൾ ഉറപ്പു വരുത്തണമെന്നും, പുതിയതുറക്കാർ അല്ലാത്ത യുവജനങ്ങൾ രാത്രികാലങ്ങളിൽ അനാവശ്യമായി പുതിയതുറ ഇടവകയുടെ പരിധിയിൽ വരുന്നത് കർശനമായി നിരോധിച്ചിരിക്കുന്നതായും ഇടവക കൗൺസിൽ സ്ഥാപിച്ച ഫ്ളക്സ് ബോർഡിൽ പറയുന്നു

## ഫാ.പോൾ സണ്ണി കേരള ലാറ്റിൻ കാത്തലിക്ക് കമ്മ്യൂണിറ്റിയുടെ ഇറ്റാലിയൻ നാഷണൽ കോ ഓർഡിനേറ്റർ



വത്തിക്കാൻ : റവ. ഫാ. പോൾ സണ്ണിയെ കേരള ലാറ്റിൻ കാത്തലിക്ക് കമ്മ്യൂണിറ്റിയുടെ ഇറ്റാലിയൻ നാഷണൽ കോ ഓർഡിനേറ്ററായി ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസ് നിയമിച്ചു. ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിന്റെ ഔദ്യോഗിക സൈറ്റിൽ വാർത്ത പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇറ്റലയിലെ വിവിധ ഇടങ്ങളിൽ വസിക്കുന്ന പ്രവാസികളായ ഇന്ത്യക്കാരുടെ അജപാലന ദൗത്യമാണ് അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. 2013 മുതൽ 2020 വരെ കേരള ലാറ്റിൻ കാത്തലിക് ബിഷപ്സ കോൺഫറൻസിന്റെ യുവജന കമ്മീഷൻ സെക്രട്ടറിയായി പ്രവർത്തിച്ചു. നിലവിൽ റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യുണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് ചെയ്യുന്നു. തിരുവനന്തപുരം അതിരൂപത അംഗമാണ് ഫാ. പോൾ സണ്ണി.



*ക്രിസ്മസിനോടനുബന്ധിച്ച് തിരുവനന്തപുരം അതിരൂപത മീഡീയ കമ്മിഷൻ നടത്തിയ 'സ്വർഗ്ഗീയം' ഓൺലൈൻ ക്രിസ്മസ് കരോൾ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ അഭി. ക്രിസ്തുദാസ് പിതാവിൽ നിന്നും ഒന്നാം സ്ഥാനം നേടിയ പാളയം ഇടവകസ്വീകരിച്ചപ്പോൾ*



*മാമ്പള്ളി സെന്റ് അലോഷ്യസ് എൽപി സ്കൂളിന്റെ 141-ാമത് വാർഷികാഘോഷം (NEXUS 2023)*

നീർച്ചാൽ

# മിശിഹാ സഞ്ചരിച്ച പാത

**ഓശാന ഞായർ (ഏപ്രിൽ. 2)**

ഏശയ്യ 50:4-7. ഫിലി 2:6-11. മത്താ. 26: 14-27; 66

**ഫാ. വർഗീസ് ജോസഫ്**

മനുഷ്യർ ആഗ്രഹിക്കുന്നതു പോലെയല്ല, ദൈവം ആഗ്രഹിക്കുന്നത്. മനുഷ്യർ പ്രവർത്തിക്കുന്നതുപോലെയല്ല ദൈവം പ്രവർത്തിക്കുന്നത്. ദൈവത്തെപ്പോലെ വളരാനുള്ള ക്ഷണമാണ് ഓശാന ഞായർ.

വിശുദ്ധ ജീവിതം നയിക്കുവാൻ നിരന്തരം ഓർമ്മിപ്പിക്കുന്ന വിശുദ്ധവാരം തുടങ്ങുന്നത് ഓശാന ഞായറിലൂടെയാണ്. ഏഴു ദിവസത്തിന്റെ വ്യത്യാസത്തിൽ അവന്റെ പിന്നാലെപോയ മനുഷ്യരുടെ മനസ്സ് മാറുന്നു. കൂടെ നടന്ന ജനക്കൂട്ടം കൊല്ലുക എന്നു വിളിച്ചുപറയുന്നു. ഒലിവിൻ ചില്ലകൾ വീശിയവർ മുഖം തിരിഞ്ഞുപോകുന്നു. ഇതെങ്ങനെ സംഭവിച്ചു. ഓശാന ഞായറിന്റെ ജയ്‌വിളിയ്ക്ക് ദുഃഖവെള്ളിയുടെ കുരിശിന്റെ വഴിയായി മാറാൻ കാരണമെന്ത്?

യഹൂദ ജനതയുടെ പ്രധാനപ്പെട്ട മൂന്നു തിരുനാളുകളാണ് പെസഹാ, കൂടാര തിരുനാൾ, പെന്തക്കുസ്ത തിരുനാൾ. മോശയുടെ നിയമപ്രകാരം ലോകത്തിൽ എവിടെയാണെങ്കിലും ഈ മൂന്നു തിരുനാളുകളും ജറുസലേം ദേവാലയത്തിൽ എത്തണം. ധാരാളം പുരുഷന്മാർ ഈ തിരുനാളിന് ജറുസലേമിൽ എത്തുമായിരുന്നു. ഗലീലി. കഫർണാം, യൂദയാ സമരിയ തുടങ്ങിയ സമീപ പ്രദേശങ്ങളിലായിരുന്നു അവർ താമസിച്ചിരുന്നത്. ഒലിവുമലകളിൽ കൂടാരമുണ്ടാക്കി അവർ താമസിച്ചു. ഇങ്ങനെ ഏറെ പ്രയാസപ്പെട്ട് തിരുനാളിൽ പങ്കെടുക്കുമ്പോഴും എല്ലാ ജനതയുടെ ഉള്ളിലും ഏക പ്രതീക്ഷയാണുള്ളത്. ആയിരം വർഷമായി കാത്തിരിക്കുന്ന വിമോചകനായ ക്രിസ്തു വരും. ആരും പ്രതീക്ഷിക്കാത്ത നിമിഷം മിശിഹാ എഴുന്നള്ളും. ഈ പ്രതീക്ഷയിൽ അപ്പൻ മക്കളേയും മക്കൾ കൊച്ചുമക്കളെയും ദാവീദിന്റെ പുത്രൻ വരും എന്ന് പഠിപ്പിക്കും. അവർ എല്ലാവരും പരസ്പരം ചോദിക്കും. ദാവീദിന്റെ പുത്രൻ വന്നിട്ടുണ്ടോ? ആയിരം വർഷത്തിന്റെ കാത്തിരിപ്പിന് ഒരിക്കൽ ക്രിസ്തുവിനെ രാജാവാക്കാൻ പിടിച്ചു കൊണ്ടുപോകുക പോലും ചെയ്തു (യോഹ. 6:15). കാത്തിരിപ്പിന്റെ മഹത്വത്തിന് ക്രിസ്തുവിന്റെ എല്ലാ ഗുണങ്ങളും മിശിഹായിൽ ഉണ്ടായിരുന്നു.

യേശു ഒലിവുമലയിൽ കഴുതപ്പുറത്ത് ജനമധ്യത്തിലൂടെ എഴുന്നള്ളി. ഏകദേശം മൂന്നരകിലോമീറ്ററാണ് യേശു കഴുതപ്പുറത്ത് എഴുന്നള്ളിയത്. കണ്ടുനിന്ന ജനതയ്ക്ക് പഴയനിയമത്തിലെ ചില വചനങ്ങളുമായി സാമ്യമുള്ളതായി തോന്നുന്നുണ്ട്. സീയോൻ പുത്രീ... അതിയായി സന്തോഷിക്കുക. ജറുസലേം പുത്രീ ആർപ്പുവിളിക്കുക, ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ വിനയാന്വിതനായി കഴുതപ്പുറത്ത് വരുന്നു. സാമ്യതയുള്ള പ്രവചനത്തിന്റെ ജീവിതത്തെ അവൻ ഹോസാനപാടി എതിരേറ്റു. മിശിഹായെ എതിരേറ്റു.

അടിമത്തത്തിൽ നിന്ന് രക്ഷിക്കാൻ വന്ന രക്ഷകനെ നോക്കി അവർ പാടി - ഹോസാന, ഹോസാന..... കർത്താവേ

രക്ഷിക്കണമേ... സങ്കീ. 118:27 പറയുന്നതുപോലെ രക്ഷകനെ കണ്ടവർ മരച്ചില്ലകളേന്തി പ്രദക്ഷിണം ആരംഭിച്ചു. ബലിപീഠത്തിലേക്ക് നീങ്ങി.

പ്രദക്ഷിണം എത്തി അവസാനിക്കുന്നത് എവിടെ എന്നതായിരുന്നു. പ്രശ്നം. ജനതകൾ കരുതി മിശിഹാ വലത്തേക്ക് കാണുന്ന വഴിയിലൂടെ പോയി പീലാത്തോസിന്റെ കൊട്ടാരത്തെ സമീപിക്കുമെന്ന്. അങ്ങനെ റോമാസാമ്രാജ്യത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുമെന്ന് അവർ കരുതി. എന്നാൽ മിശിഹാ ഇടത്തേക്ക് തിരിഞ്ഞ് ജറുസലേം ദേവാലയത്തിലേക്ക് പോയി. ദേവാലയ ശുദ്ധീകരണം നടന്നു. കച്ചവടക്കാരെ പുറത്താക്കി (യോഹ. 2:16). ക്രിസ്തുവിന്റെ ചിന്ത പിതാവിന്റെ ആലയത്തിന്റെ വിശുദ്ധീകരണാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വർഗത്തിലേക്കുള്ള സ്വാതന്ത്ര്യമായിരുന്നു. പാപത്തിൽ നിന്നുള്ള മോചനമായിരുന്നു. ഭൗതിക വിമോചനം ആഗ്രഹിച്ചവർക്ക് ഭക്ഷണത്തിന്റെ ആത്മീയ വിമോചനം ആവശ്യമില്ലായിരുന്നു. കാത്തിരുന്ന രക്ഷകനെ അവർ കുരിശിലേറ്റി.

മനുഷ്യർ ആഗ്രഹിക്കുന്നതുപോലെയല്ല, ദൈവം ആഗ്രഹിക്കുന്നത്. മനുഷ്യർ പ്രവർത്തിക്കുന്നതുപോലെയല്ല ദൈവം പ്രവർത്തിക്കുന്നത്. ദൈവത്തെപ്പോലെ വളരാനുള്ള ക്ഷണമാണ് ഓശാന ഞായർ. ■

# ഉത്ഥാനം: അടയാളവും അനുഭവവും

**ഈസ്റ്റർ (ഏപ്രിൽ. 9)**

അപ്പോ 10:34, 37-43, കൊളോ 3:1-4, യോഹ. 20:1-9

**ഫാ. സി.കെ.തോപ്പിൽ**

ശൂന്യമായ കല്ലറയിൽ അവർ രണ്ടുകാര്യങ്ങൾ കണ്ടതായി പറയുന്നു. കച്ചയും തൂവാലയും. കല്ലറയിൽ കണ്ട കച്ചയും തൂവാലയും ഉത്ഥിതനായ യേശുവിന്റെ വ്യക്തിത്വത്തിന്റെ സൂചനയാണ്. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന ശരീരമല്ല ഈശോയ്ക്ക് ഇനിയുള്ളത്. അവൻ മഹത്വപൂർണനായ് ഉയിർത്തെഴുന്നേറ്റു.

'Risen' എന്ന ഹോളിവുഡ് ചിത്രം ക്രിസ്തുവിന്റെ ഉയിർപ്പിനെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. 'The most important event in human history'. ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലാണ് സഭ വേരുപാകിയിരിക്കുന്നതും പണിതുയർത്തപ്പെട്ടിരിക്കുന്നതും. ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും അന്തസ്സത്തയുമാണ്. സഭയുടെ അടിസ്ഥാന ദൗത്യമായ സുവിശേഷപ്രഘോഷണത്തിന്റെ വിഷയവും മിശിഹായുടെ ഉത്ഥാനം തന്നെയാണ്.

## അധിക സ്നേഹത്തിന്റെ ആദ്യ സന്ദർശനം

മഗ്ദലേന മറിയമാണ് ആദ്യം യേശുവിന്റെ ശവകുടീരം സന്ദർശിക്കുന്നത്. സംസ്കാരം കഴിഞ്ഞുവരുന്ന മൂന്നു ദിവസങ്ങൾ ശവകുടീരം സന്ദർശിക്കുക പാലസ്തീനായിലെ ഒരാചാരമായിരുന്നു. അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ തന്നെ മഗ്ദലേന മറിയം ശവകുടീരത്തിന്റെ സമീപം വന്നു എന്നതാണ് പ്രത്യേകത. നിഴലുപോലെ യേശുവിനെ പിന്തുടരാൻ മറിയത്തെ നിർബന്ധിച്ചത് തീഷ്ണമായ സ്നേഹമല്ലാതെ മറ്റെന്താണ്. കുരിശിന്റെ നിഴലിൽ നിൽക്കാനും ഇരുട്ടിനെ ഭയപ്പെടാതെ ശവകുടീരത്തിന് സമീപമെത്താനും സാഹസികമായ സ്നേഹം വേണം. ഈ സ്നേഹത്തെ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് 'അധിക സ്നേഹം' എന്നാണ്. കുരിശിന്റെ നിഴലിൽ നിൽക്കാനും ഇരുളിനെ ഭയപ്പെടാതെ ശവകുടീരത്തിന് സമീപമെത്താനും സാഹസികമായ സ്നേഹം വേണം. ഈ സ്നേഹത്തെ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് 'അധികസ്നേഹം' എന്നാണ്. അധികം ക്ഷമിച്ചവനെ അധികം സ്നേഹിക്കുമ്പോഴുണ്ടാകുന്ന അധിക സന്തോഷവും സമാധാനവുമാണ് ഉത്ഥാന അനുഭവം എന്നു നിരീക്ഷിക്കാം. ആരൊക്കെ യേശുവിനെ ഭയം കൂടാതെ ആത്മാർത്ഥമായി, ആഴമായി, അധികം സ്നേഹിക്കുന്നുവോ അവർക്ക് ഉറപ്പുള്ള ഉണ്മയാണ് 'ഉത്ഥാനാനുഭവം'

## ഉത്ഥാനാനുഭവത്തിന്റെ ആധികാരികത

മാറ്റപ്പെട്ട കല്ലും ശൂന്യമായ കല്ലറയും മനസിൽ സൂക്ഷിച്ചുകൊണ്ട് മഗ്ദലേന തന്റെ അനുഭവം ആദ്യം പങ്കുവച്ചത് പത്രോസിനോടും യോഹന്നാനോടുമാണ്. ശിഷ്യന്മാർക്കിടയിൽ പത്രോസിനും യോഹന്നാനുമുള്ള പ്രാമുഖ്യം സുവിദിതമാണ്.

വാർത്ത കേട്ടമാത്രയിൽ ഇരുവരും

ശവകുടീരത്തിങ്കലേക്ക് ഓടി. ആദ്യം ഓടിയെത്തിയത് യോഹന്നാനാണെങ്കിലും ആദ്യം കല്ലറയിൽ പ്രവേശിക്കാനുള്ള അവകാശം ശിഷ്യപ്രമുഖനായ പത്രോസിനുള്ളതാണെന്ന ബോധ്യത്തിൽ യോഹന്നാൻ ആദ്യം അകത്ത് പ്രവേശിക്കുന്നില്ല.

ശൂന്യമായ കല്ലറയിൽ അവർ രണ്ടുകാര്യങ്ങൾ കണ്ടതായി പറയുന്നു. കച്ചയും തൂവാലയും. കല്ലറയിൽ കണ്ട കച്ചയും തൂവാലയും ഉത്ഥിതനായ യേശുവിന്റെ വ്യക്തിത്വത്തിന്റെ സൂചനയാണ്. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന ശരീരമല്ല ഈശോയ്ക്ക് ഇനിയുള്ളത്. അവൻ മഹത്വപൂർണനായ് ഉയിർത്തെഴുന്നേറ്റു. ccc 654 ഇപ്രകാരം പഠിപ്പിക്കുന്നു. തന്റെ കുരിശുമരണം വഴി നമ്മെ പാപത്തിൽ നിന്ന് മോചിപ്പിച്ച്, തന്റെ ഉയിർപ്പുവഴി പുതുജീവിതത്തിലേക്കുള്ള വഴി തുറന്നു തന്ന് മൂന്നാം ദിനം അവിടന്ന് കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേറ്റു. മരണമേ, നിന്റെ വിജയമെവിടെ? മരണമേ നിന്റെ ദംശനമെവിടെ? (1 കൊറി 15.54-55) പ്രസിദ്ധ ഗ്രന്ഥകാരനായ Clarence W. Itall പറയുന്നത് ശ്രദ്ധിക്കുക;

“Easter to you, You can put truth in the grave, but it will not stay there?”

ഉത്ഥാനാനുഭവത്തിന്റെ ആധികാരികമായ അനുഭവവും അടയാളവുമാണ് ശൂന്യമായ കല്ലറയും കച്ചയും തൂവാലയും.

ഇന്നലെയുടെ അടിമത്തത്തിൽ നിന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത് ഇന്നിൽ ക്രിസ്തുവിന്റെ സ്വന്തമായി നാം ജീവിക്കുന്നതിനുവേണ്ടിയാണ് ക്രിസ്തുവിന്റെ ഉത്ഥാനം ആധികാരികമായി പ്രഘോഷിക്കുന്ന തിരുസഭയോടു ചേർന്നുനിന്നാലേ ഈ ഉത്ഥാനാനുഭവം സ്വന്തമാക്കാൻ നമുക്കും സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ ഉത്ഥാനം നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവരോട് പ്രഘോഷിച്ചുകൊണ്ട് നാമായിരിക്കുന്ന ഇടങ്ങളിൽ ഉത്ഥാന സന്തോഷവും സമാധാനവും പങ്കുവച്ച് ജീവിക്കാം. ■

# കരുണ

**പെസഹാകാലം 2-ാം ഞായർ (മാർച്ച് 16)** അപ്പോ 2:42-47b, 1 പത്രോ 1:3-9, യോഹ 20:19-31

**ഫാ. പ്രബൽ**

ദിവ്യകരുണയുടെ അപ്പസ്തോലയെന്നാണ് സിസ്റ്റർ ഫൗസ്റ്റിന അറിയപ്പെടുക. 2000 ഏപ്രിൽ 30 ന് ഈസ്റ്ററിന്റെ രണ്ടാം ഞായറാഴ്ച സിസ്റ്റർ ഫൗസ്റ്റിനയെ വിശുദ്ധയായി പ്രഖ്യാപിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ പാപ്പ പറഞ്ഞു; “തന്റെ പുത്രന്റെ വിലയേറിയ രക്തത്താൽ നമ്മെ രക്ഷിച്ച, കരുണയാൽ സമ്പന്നനായ പിതാവായ ദൈവത്തിൽ നമ്മുടെ വിശ്വാസവും പ്രത്യാശയും അർപ്പിക്കാൻ ഈ വിശുദ്ധ ആഹ്വാനം ചെയ്യുന്നു.”

വിശുദ്ധ ഫൗസ്റ്റിനയ്ക്ക് നൽകിയ ദർശനത്തെ അടിസ്ഥാനമാക്കിയുള്ള യേശുവിന്റെ രേഖാചിത്രമായ The lord of Divine Mercy യിൽ യേശു തന്റെ വലതുകൈ ഉയർത്തി അനുഗ്രഹിക്കുന്നു. ഇടതു കൈ നെഞ്ചിൽവച്ചുകൊണ്ട് രണ്ടുകിരണങ്ങൾ പുറപ്പെടുവിക്കുന്നു. ഒന്നു ചുവപ്പും മറ്റേത് വെള്ളയും. ചിത്രം നല്കുന്ന അർത്ഥം, ‘യേശുവേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു’ (Jezu ufam tobie). പുറത്തേക്ക് ഒഴുകുന്ന കിരണങ്ങൾക്ക് പ്രതീകാത്മക അർത്ഥമുണ്ട്. ചുവപ്പ് ആത്മാക്കളുടെ ജീവനും വെള്ള ആത്മാക്കളുടെ നിതീകരണവും അർത്ഥമാക്കുന്നു.

യേശു സിസ്റ്റർ ഫൗസ്റ്റിനയെ അവളുടെ ഹ്രസ്വകാല ജീവിതത്തിനിടയിൽ മൂന്ന് അടിസ്ഥാന ജോലികൾ ഏല്പിച്ചു.

1) ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, ദൈവത്തിന്റെ അഗ്രാഹ്യമായ കാരുണ്യത്തിൽ അവരെ ഭരമേല്പിക്കുക.

2) ദൈവത്തിന്റെ ഉദാത്തമായ കാരുണ്യത്തെക്കുറിച്ച് ലോകത്തെ അറിയിക്കുക.

3) ദൈവകരുണയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സഭയിൽ ഒരു പുതിയ നവീകരണം ആരംഭിക്കുക.

ഫയദോർ ദസ്തയേവിസ്കിയുടെ വിശ്വവിഖ്യാതമായ കരാമസോവ് സഹോദരന്മാർ എന്ന നോവലിലെ കഥാപാത്രമായ സോസിമ എന്ന ഒരു വൈദികന്റെ വാക്കുകൾ ഫ്രാൻസിസ് പാപ്പ പ്രഭാഷണത്തിൽ ഉദ്ധരിക്കുന്നുണ്ട്. തന്നെ ശാരീരികവും മാനസികവുമായി ഉപദ്രവിച്ചിരുന്ന ഭർത്താവിനെ കൊന്ന ഭാര്യയോട് സോസിമ എന്ന വൈദികൻ പറയുന്നു: ഭയപ്പെടേണ്ട, ഒരിക്കലും ഭയപ്പെടരുത്. ദുഃഖിക്കുകയും വേണ്ട. നിന്റെ അനുതാപം വറ്റിപ്പോകാത്തിടത്തോളംകാലം ദൈവം എല്ലാം ക്ഷമിക്കുന്നു. യഥാർത്ഥമായ അനുതാപം ഉണ്ടെങ്കിൽ ദൈവം ക്ഷമിക്കാത്ത ഒരു പാപവും ഈ ഭൂമിയിൽ ഇല്ല. ദൈവത്തിന്റെ അനന്തസ്നേഹത്തിന് പരിഹരിക്കാൻ കഴിയാത്ത ഒരു പാപവും മനുഷ്യന് ചെയ്യാൻ സാധിക്കുകയില്ല. ഇതിനോട് ഫ്രാൻസിസ് പാപ്പ കൂട്ടിച്ചേർക്കുന്നു. അനുരഞ്ജന കൂദാശയിലൂടെ ആ സ്ത്രീക്ക് ജീവിതം നവീകരിക്കാനും ഒരു നവ്യമായ പ്രത്യാശയിലേക്ക് ജീവിതത്തെ തിരിച്ചു

> ദൈവത്തിന്റെ അനന്തസ്നേഹത്തിന് പരിഹരിക്കാൻ കഴിയാത്ത ഒരു പാപവും മനുഷ്യന് ചെയ്യാൻ സാധിക്കുകയില്ല. ഇതിനോട് ഫ്രാൻസിസ് പാപ്പ കൂട്ടിച്ചേർക്കുന്നു. അനുരഞ്ജന കൂദാശയിലൂടെ ആ സ്ത്രീക്ക് ജീവിതം നവീകരിക്കാനും ഒരു നവ്യമായ പ്രത്യാശയിലേക്ക് ജീവിതത്തെ തിരിച്ചുവിടാനും സാധിച്ചു. പാപം ഏതുതരം ആയാലും ദൈവത്തെ ദുഃഖിപ്പിക്കുന്നു.

വിടാനും സാധിച്ചു. പാപം ഏതുതരം ആയാലും ദൈവത്തെ ദുഃഖിപ്പിക്കുന്നു. എന്നാൽ അനുതാപം അവിടത്തെ പ്രീതിപ്പെടുത്തുകയും പാപപ്പൊറുതി നല്കാൻ മനസ്സാകുകയും ചെയ്യുന്നു.

കരുണയുടെ ലാറ്റിൻ വാക്ക് Misericordia എന്നാണ്. ദുരിതം എന്നർത്ഥമുള്ള Miseriae എന്ന വാക്കും ഹൃദയം എന്നർത്ഥമുള്ള Cor എന്ന വാക്കും കൂടിച്ചേർന്നതാണ് അത്. അപ്പോൾ ദൈവകരുണ എന്നാൽ നമ്മുടെ സകല ദുരിതങ്ങളെയും പാപങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിൽ വികസിതമായ ദൈവത്തിന്റെ ഹൃദയം എന്നർത്ഥം. സിസ്റ്റർ മരിയ ഫൗസ്റ്റീന കൊവാൽസ്കയ്ക്ക് യേശു നേരിട്ടു നൽകിയ സന്ദേശങ്ങളിൽ തന്റെ അനന്ത കാരുണ്യത്തെ വെളിപ്പെടുത്തുന്നു. ഒരാത്മാവിന്റെ ദയനീയത എത്ര അധികമാണോ അത്ര ശക്തമാണ് എന്റെ കരുണയ്ക്കുള്ള അതിന്റെ അവകാശവും (1182). പാപവും ബലഹീനവുമായ ആത്മാവ് എന്നെ സമീപിക്കാൻ ഭയപ്പെടേണ്ട. ആത്മാവിന്റെ പാപങ്ങൾ ലോകത്തിലെ മുഴുവൻ മൺതരികളേക്കാൾ അധികം ആണെങ്കിൽപോലും അവയെല്ലാം അത്യഗാധമായ എന്റെ കരുണയുടെ അഗാധതയിൽ ആഴ്ന്നുപോകും (1059).

യേശു സിസ്റ്റർ ഫൗസ്റ്റീനയോട് പറയുക അനുരഞ്ജനകൂദാശ കരുണയുടെ സിംഹാസനമാണ്. അനുരഞ്ജനകൂദാശ ഒരു torture chamber അല്ല എന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നു. അനുരഞ്ജന കൂദാശയോടുള്ള എന്റെ മനോഭാവം എന്താണ്? അനുരഞ്ജന കൂദാശ ദൈവകരുണയുമായുള്ള ഒരു കണ്ടുമുട്ടൽ ആകുന്നുണ്ടോ? അതോ അത് വെറും ഒരു യാന്ത്രികമായ അനുഷ്ഠാനമാണോ? ആത്മാർത്ഥമായാണോ ഞാൻ അനുരഞ്ജനത്തിനായി അണയുന്നത്? ■

# പാഥേയം

**പെസഹാകാലം 3-ാം ഞായർ (ഏപ്രിൽ 23)** അപ്പോ 2:14,22-23. 1 പത്രോ 1:17a-21. ലൂക്ക 24:13-35

**ഫാ. റോബിൻ ബാൾഡ്വിൻ**

**അ**പ്പമായവൻ പ്രാണൻ പകുത്ത് നൽകിയ പാഥേയമാണ് ദിവ്യകാരുണ്യം. വിശപ്പിനെയും ദാഹത്തെയും ശമിപ്പിക്കുന്ന ദിവ്യഭോജനം. തണലേകുന്ന സ്നേഹകൂടാരം. ഹൃദയം നൊന്ത് ഞാൻ കേഴുമ്പോൾ ആത്മാവിൽ ആത്മനിർവൃതിയേകുന്ന വാത്സല്യം.

എമ്മാവുസിലേക്കുള്ള യാത്രയിൽ കർത്താവ് ശിഷ്യന്മാർക്ക് വിശുദ്ധ ലിഖിതം വ്യാഖ്യാനിച്ചുകൊടുത്തതും അപ്പം എടുത്ത് മുറിച്ചുനൽകിയപ്പോൾ അവർ അവിടുത്തെ തിരിച്ചറിഞ്ഞതും തനിക്ക് മനുഷ്യരോടുള്ള സഹാനുഭൂതി വ്യക്തമാക്കുന്നു. ഈ യാത്രയുടെ അർത്ഥം എന്തായിരുന്നു...

പിതാവിന്റെ പക്കലേക്കുള്ള യാത്ര. ജെറുസലേമിൽ നിന്ന് തുടങ്ങി ഭൂമിയുടെ അതിർത്തികൾ വരെ സഭ ചെയ്യാനിരിക്കുന്ന യാത്രയുടെ മുന്നോടിയാണ് ഇത് (അപ്പോ-18). സഭയുടെ എല്ലാ യാത്രകളിലും യേശുവിന്റെ സാന്നിധ്യമുണ്ട്.

### 1. കർത്താവിന്റെ അസാന്നിധ്യത്തിലുള്ള ശിഷ്യന്മാർ

ജറുസലേമിൽ നിന്ന് ഏകദേശം 11 കിലോമീറ്റർ (60 സ്താദിയോൺ) അകലെയുള്ള എമ്മാവൂസ് ഗ്രാമത്തിലേക്ക് രണ്ട് ശിഷ്യന്മാർ യാത്ര തിരിക്കുന്നു. പണ്ട് ശിഷ്യന്മാരെ രണ്ടുപേർ വീതം വേലയ്ക്ക് അയച്ചതിന്റെ സ്മരണ ഇവിടെ കാണാം (ലൂക്കാ. 10:1) യേശുവും ശിഷ്യന്മാരും കൂടെ ഒരുമിച്ച് നടത്തിയ രണ്ടാം ജറുസലേം യാത്രയും ഇവിടെ നിഴലിക്കുന്നുണ്ട് (9:51-19:28). രണ്ടുപേരിൽ ഒരാളുടെ പേര് ക്ലയോപാസ്. മറ്റേയാൾ? പേരില്ലാത്ത അയാൾ ഞാനായിരിക്കുമോ? പ്രതീക്ഷകൾ എല്ലാം അസ്തമിച്ച അവരുടെകൂടെ അറിയപ്പെടാത്തവനും അപരിചിതനുമായി യേശു സഞ്ചരിക്കുന്നു. എന്തിനായിരുന്നു ഈ യാത്ര? അതും മൂന്നാംദിവസം തന്നെ? ഉത്തരം നൽകപ്പെടുന്നില്ല. എല്ലാം നഷ്ടപ്പെട്ടവരുടെ നിരാശയുടെ തീർത്ഥാടനം ആണോ ഇത്?

### ജെറുസലേമിലേക്ക് യാത്ര ചെയ്യുന്ന യേശു:

പിതാവിന്റെ പക്കലേക്കുള്ള യാത്ര. ജെറുസലേമിൽ നിന്ന് തുടങ്ങി ഭൂമിയുടെ അതിർത്തികൾ വരെ സഭ ചെയ്യാനിരിക്കുന്ന യാത്രയുടെ മുന്നോടിയാണ് ഇത് (അപ്പോ-18). സഭയുടെ എല്ലാ യാത്രകളിലും യേശുവിന്റെ സാന്നിധ്യമുണ്ട്.

### 3. മറഞ്ഞുപോകുന്ന കർത്താവിന്റെ സാന്നിധ്യം

വേദപുസ്തകത്തിന്റെ വ്യാഖ്യാനത്തിലും കർത്താവിന്റെ അത്താഴത്തിലും അവൻ സന്നിഹിതനാണ്. ദൈവവചനത്തോട് തുറന്ന മനോഭാവമുള്ളവർക്ക് അനുദിന സംഭവങ്ങളിൽ ഉത്ഥിതനെ ദർശിക്കാനാകും. ഉത്ഥാനം എന്നത് കർത്താവിന്റെ രണ്ടാം ആഗമനമാണ്. അനുദിന ജീവിതത്തിലൂടെ പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ സാന്നിധ്യം തന്നെയാണ് ഈ ആഗമനം. മഹത്വത്തിലായിരിക്കുമ്പോൾ ശിഷ്യന്മാരോടൊപ്പം നടക്കുന്നവനും യാത്ര ചെയ്യുന്നവനുമാണ് യേശു. ഉൾക്കാഴ്ചയുള്ളവർക്കൊക്കെ അവനെ തിരിച്ചറിയാൻ കഴിയും.

മാനസങ്ങളിൽ മനസ്സാന്നിധ്യമായി ഉത്ഥിതൻ എന്നും നിറഞ്ഞുനിൽക്കട്ടെ. അപ്പമായവൻ പാഥേയമായി പരിപാലിക്കട്ടെ. എന്റെ വഴികളിൽ കൂട്ടായി എന്നും ഉത്ഥിതൻ കൂടെയുണ്ട്. ■

# നല്ലിടയ ഞായർ

**പെസഹാകാലം 4-ാം ഞായർ (ഏപ്രിൽ 30)** അപ്പോ 2:14, 36-41, 1 പത്രോ 2:20-25, യോഹ 10:1-10

**ഫാ. വിശാൽ വർഗീസ്**

ഈസ്റ്റർ കഴിഞ്ഞുള്ള നാലാം ഞായർ തിരുസഭയിൽ നല്ലിടയന്റെ ദിനമായി ആചരിക്കപ്പെടുന്നു. തനിക്കുതന്നെ ക്രിസ്തു നൽകിയ 'നല്ലിടയൻ' എന്ന വിശേഷം അവിടുത്തെ പീഡകളുടെയും, കുരിശുമരണത്തിന്റെയും, ഉത്ഥാനത്തിന്റെയും വെളിച്ചത്തിൽ ഉണർവോടെ പുനഃപരിശോധിക്കാൻ ഈ ദിനം നമ്മെ ക്ഷണിക്കുന്നു. കൂലിക്കാരായ വ്യാജ ഇടയന്മാരുമായി തുറന്ന താരതമ്യം നടത്തിക്കൊണ്ടാണ് ക്രിസ്തു തന്നെത്തന്നെ നല്ലിടയനായി നിർവചിക്കുന്നത്. കൂലിക്കാരായ ഇടയനിൽ നിന്നും വ്യത്യസ്തമായി ആടുകളുടെ നന്മയും, ജീവനും, പോഷണവും അല്ലാതെ മറ്റൊരു ചിന്തയുമില്ലാത്തവനാണ് യഥാർത്ഥ നല്ലിടയൻ. ആയതിനാൽതന്നെ ഈ ലക്ഷ്യങ്ങളിൽ എത്തിച്ചേരുവാൻവേണ്ടി അയാൾ സ്വജീവൻ സമർപ്പിക്കാൻ പോലും സന്നദ്ധത കാട്ടുന്നു. ക്രിസ്തുവിന്റെ നല്ലിടയ ദൗത്യത്തിൽ നാം കാണേണ്ടതും, ധ്യാനിക്കേണ്ടതും ഇസ്രായേൽ ജനത്തോടുള്ള ദൈവത്തിന്റെ പിതൃരൂപവും അവിടുത്തെ പരിപാലനയും അവിടുത്തെ ജനത്തോടുള്ള സ്നേഹവും വാത്സല്യവും തന്നെയാണ്.

ദൈവത്തെ ഇടയനായി ഇസ്രായേൽ ജനം കണക്കാക്കിയിരുന്നു. ദൈവജനത്തെ നയിക്കുന്നവർ ഇടയന്മാരാണ്. ദാവീദ് ഇടയച്ചെറുക്കനായിരുന്നു. പിന്നീട് അദ്ദേഹം ഇസ്രായേലിന്റെ നല്ലിടയനായി, രാജാവായി ഉയർത്തപ്പെട്ടു. എന്നാൽ ഇസ്രായേലിൽ പിന്നീട് വന്ന ഇടയ രാജാക്കന്മാർ ആളുകളെ പോറ്റുന്നതിന് പകരം തങ്ങളെത്തന്നെ പോറ്റുന്നവരായിത്തീർന്നു. മാത്രമല്ല, കഠിനമായും ക്രൂരമായും അവർ ജനത്തോട് പെരുമാറി. അതിനാൽ ദൈവം തന്നെ ഇസ്രായേലിൽ ഇടയനായി വരുമെന്ന് എസെക്കിയേൽ പ്രവചിക്കുന്നുണ്ട്. ' ഇതാ, ഞാൻതന്നെ എന്റെ അടുക്കള അന്വേഷിച്ചു കണ്ടുപിടിക്കും. ഞാൻ അവയെ തേടിയിറങ്ങും. നയിക്കും.' (എസെ. 34:11-16).

പുതിയ നിയമത്തിൽ ക്രിസ്തുവാണ് ആട്ടിൻപറ്റത്തെ ജീവനിലേക്ക് നയിക്കുന്ന സ്നേഹക്കവാടമായി സുവിശേഷകൻ അവതരിപ്പിക്കുന്നത്. അവിടുന്ന് നിത്യതയിലേക്കുള്ള വാതിലാണ്. വാതിൽ എന്ന പ്രതീകം ഹെബ്രായശീലത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് നാടോടി ഇടയന്മാർ തങ്ങളുടെ ആളുകളുമായി പച്ചയായ മേച്ചിൽപ്പുറങ്ങൾ തേടി യാത്ര പുറപ്പെടും. രാത്രിയിൽ ഏതെങ്കിലും ഗുഹയിലേക്ക് അവയെ സുരക്ഷയ്ക്കായി ആനയിക്കും. വാതിൽ ഇല്ലാത്തതുകൊണ്ട് തന്നെ ഗുഹാമുഖം അടയ്ക്കുക സാധ്യമല്ല. അതുകൊണ്ട് ഇടയൻ തന്നെ ഗുഹാമുഖത്ത് കുറുകെ കിടക്കും. അങ്ങനെയെങ്കിൽ ഒരാടിന് പുറത്തു കടക്കണമെങ്കിൽ ഇടയന്റെ നെഞ്ചിൽ ചവിട്ടാതെ മറ്റ് പോംവഴികളില്ല. എന്നാൽ, ഒരു കള്ളനോ, കുറുനരിക്കോ അകത്തുവരണമെങ്കിലും അയാൾ അറിയാതെ മറ്റുവഴികളില്ല. അതുകൊണ്ടുതന്നെയാണ് "ആടുകളുടെ വാതിൽ ഞാനാണ്" എന്ന് ക്രിസ്തു പറഞ്ഞപ്പോൾ കേൾവിക്കാരുടെ മിഴികൾ നിറഞ്ഞത്."

ക്രിസ്തുപറഞ്ഞ ഈ വരികൾ അസാധാരണമായ സംരക്ഷണത്തിന്റെയും ദൈവിക കാരുണ്യത്തിന്റെയും ഓർമ്മപ്പെടുത്തലാണ്. അവനെ വിട്ടുപോയവരൊക്കെ അവന്റെ നെഞ്ചിന്റെ ചൂടറിഞ്ഞവരാണ്. അതുപോലെതന്നെ അഹിതമായ എന്തെങ്കിലും നമ്മുടെ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ ഇടയൻ അറിയുന്നുണ്ട് എന്ന ഓർമപ്പെടുത്തൽ ക്രിസ്തു നമുക്ക് സമ്മാനിക്കുകയാണ്. ആകാശത്തുവീണ മന്നയല്ല അവിടുന്ന്, അനന്തതയിൽ നിന്നെത്തിയ ജീവന്റെ അപ്പമാണ്. അവിടുത്തെ ഭക്ഷിക്കുന്നവരൊക്കെ ജീവിക്കുമെന്നൊരു വാഗ്ദാനമുണ്ട്. പഴയനിയമത്തിൽ, പുറപ്പാടിന്റെ പുസ്തകത്തിൽ കുഞ്ഞാടിന്റെ രക്തമുദ്രപേറുന്ന വാതിൽപ്പടികൾ സ്പർശിക്കാതെ സംഹാര ദൂതൻ കടന്നുപോയില്ലേ? അതുപോലെ നല്ലിടയനായ ക്രിസ്തുവിന്റെ വിരലടയാളം നെറ്റിയിൽ പതിഞ്ഞിട്ടുള്ള നമ്മുടെ ജീവിതങ്ങളെയും ഭവനങ്ങളെയും സ്പർശിക്കാൻ തിന്മയും മരണവും ഭയക്കുന്നുണ്ട്. അവ കടന്നുപോവുക തന്നെ ചെയ്യും. നല്ലിടയൻ പേരുചൊല്ലി വിളിക്കുമ്പോൾ നമുക്ക് അവന്റെ സ്വരം തിരിച്ചറിയാം. അവനെ അനുഗമിക്കാം. നമുക്ക് ജീവനുണ്ടാകാം, അത് സമൃദ്ധമായി ഉണ്ടാവുകയും ചെയ്യും. ■

ദൈവത്തെ ഇടയനായി ഇസ്രായേൽ ജനം കണക്കാക്കിയിരുന്നു. ദൈവജനത്തെ നയിക്കുന്നവർ ഇടയന്മാരാണ്. ദാവീദ് ഇടയച്ചെറുക്കനായിരുന്നു. പിന്നീട് അദ്ദേഹം ഇസ്രായേലിന്റെ നല്ലിടയനായി, രാജാവായി ഉയർത്തപ്പെട്ടു. എന്നാൽ ഇസ്രായേലിൽ പിന്നീട് വന്ന ഇടയ രാജാക്കന്മാർ ആളുകളെ പോറ്റുന്നതിന് പകരം തങ്ങളെത്തന്നെ പോറ്റുന്നവരായിത്തീർന്നു.

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# ദിവ്യകാരുണ്യ സ്വീകരണം നിഷേധിക്കാവുന്ന സാഹചര്യങ്ങൾ

പ്രഥമദിവ്യകാരുണ്യം സ്വീകരിച്ചിട്ടുള്ള വിശ്വാസികൾ ദിവ്യബലി മധ്യേ ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന് ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 918 ശക്തമായി ശുപാർശ ചെയ്യുന്നു. ഒരു ദിവസം ഒന്നിലധികം തവണ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ CIC 921 വ്യക്തമാക്കുന്നു. വിശുദ്ധ കുർബാന സ്വീകരണത്തെ സഭ പ്രോത്സാഹിപ്പിക്കുമ്പോൾ, വിശുദ്ധ



കുർബാന നിഷേധിക്കാവുന്ന സാഹചര്യങ്ങൾ കത്തോലിക്കാ സഭയിലുണ്ടോ എന്ന സംശയം അനേകർ ഉന്നയിക്കാറുണ്ട്.

CIC 915, 1331, 1332 എന്നിവ വിശുദ്ധ കുർബാന സ്വീകരണം നിഷേധിക്കാവുന്ന സാഹചര്യവും നിഷേധിക്കപ്പെടാവുന്ന വ്യക്തികളെയും വിവരിക്കുന്നു. അതനുസരിച്ച് മൂന്നുതരം വിഭാഗത്തിൽപ്പെട്ടവർക്ക് വിശുദ്ധ കുർബാനയുടെ സ്വീകരണം നിഷേധിക്കാവുന്നതാണ്:

1. സഭാ ഭ്രഷ്ടിന് വിധേയരായവർ. ചുമത്തപ്പെട്ടതോ പ്രഖ്യാപിക്കപ്പെട്ടതോ ആയ ശിക്ഷയിലൂടെ സഭയിൽനിന്ന് പുറത്താക്കപ്പെട്ടവർ.

2. വിലക്കിന് വിധേയരായവർ. ചുമത്തപ്പെട്ടതോ പ്രഖ്യാപിക്കപ്പെട്ടതോ ആയ ശിക്ഷയിലൂടെ സഭയിൽ വിലക്കിന് / മുടക്കിന് / തടസ്സങ്ങൾക്ക് വിധേയരായവർ.

3. പരസ്യമായി ഗൗരവപൂർണ്ണമായ പാപത്തിൽ തിരുത്തലില്ലാതെ (പശ്ചാത്താപമില്ലാതെ, മാനസാന്തരമില്ലാതെ) നിലനില്ക്കുന്നവർ. സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്നവരാണ് ഈ ഗണത്തിൽപ്പെടുന്നത്.

കത്തോലിക്കാ ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ച് സഭാപരമല്ലാതെയുള്ള വിവാഹം വിവാഹമേ അല്ല. ആ വിവാഹം അസാധുവാണ്. ജോൺപോൾ രണ്ടാമൻ പാപ്പായുടെ Familiaris Consertio എന്ന അപ്പസ്തോലിക പ്രബോധനം 82, 84 പ്രകാരം, വിശുദ്ധ കുർബാനയിൽ അർത്ഥപൂർണ്ണവും കാര്യക്ഷമവുമാകുന്ന ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹകൂട്ടായ്മയുടെ എതിർ സാക്ഷ്യമാണ് സഭയുടെ അംഗീകാരമില്ലാത്ത വിവാഹജീവിതം. സഭാപരമല്ലാതെയുള്ള വിവാഹ ജീവിതം നയിക്കുന്ന കത്തോലിക്കാ വിശ്വാസികൾ പരസ്യവും ഗുരുതരവുമായ പാപാവസ്ഥയിൽ കഴിയുന്നതായി സഭ കാണുന്നുവെന്ന് , വിശുദ്ധ കുർബാന സ്വീകരണത്തെ സംബന്ധിച്ച് വിശ്വാസ തിരുസംഘത്തിന്റെ 1994, 1995-ലെ കത്തുകൾ (Letter: Amus Internationalis Familiee) രേഖപ്പെടുത്തുന്നു.

സഭാപരമല്ലാത്ത വിവാഹജീവിതം രണ്ടു സാഹചര്യങ്ങളിൽ സംഭവിക്കാം:

i. സഭാപരമായി വിവാഹം ആഘോഷിക്കാതെ സിവിൽപരമായി രജിസ്റ്റർ വിവാഹം ചെയ്തു ജീവിക്കുന്നവർ.

ii. സഭാപരമായോ സിവിൽപരമായോ വിവാഹം നടത്താതെ വിവാഹം കഴിഞ്ഞതോ അല്ലാത്തതോ ആയ വ്യക്തിയോടൊപ്പം വിവാഹ ജീവിതം തുടരുന്നവർ. ■




## ബൈബിൾ കഥകൾ

• പുത്തൻകാവ് മാത്തൻതരകൻ

3



# പ്രഥമവധം

ആദാമിന്റെ ഭാര്യയായ ഹവ്വ ഗർഭം ധരിച്ച് ‘കായീൻ’ എന്നൊരു പുത്രനെ പ്രസവിച്ചു. അവന്റെ സഹോദരനായി ഹാബേലും ഭൂജാതനായി. കായീൻ കർഷകനായും ഹാബേൽ അജപാലകനായും വളർന്നുവന്നു. ഒരിക്കൽ കായീൻ കാർഷികവിഭവങ്ങളും ഹാബേൽ അവന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ ഒന്നിനെയും ദൈവത്തിന് കാഴ്ചവച്ചു. ദൈവം ഹാബേലിന്റെ ഉപഹാരത്തെ സ്വീകരിച്ചു. കായീന്റെ ഉപഹാരത്തെ നിരസിച്ചു. കായീൻ കുപിതനായി. അവന്റെ മുഖം ചുവന്നു.

ദൈവം അവനോടുപറഞ്ഞു: “നീ എന്തിന് കോപിക്കുന്നു? നിന്റെ മുഖത്തിന്റെ നിറം എന്തുകൊണ്ട് മാറിപ്പോയി? നീ നന്മ ചെയ്യുന്നുവെങ്കിൽ നിനക്ക് എന്റെ പ്രസാദം ലഭിക്കും. നീ തിന്മ ചെയ്യാതിരിക്കുമ്പോൾ പാപം നിന്റെ വാതില്ക്കൽ കിടക്കും. പാപം നിന്നെ ആഗ്രഹിക്കും. നീ അതിനെ കീഴടക്കണം.”

കായീൻ ഒന്നും മറുപടി പറഞ്ഞില്ല. അവന്റെ കോപം പ്രതിനിമിഷം വർധിച്ചുകൊണ്ടിരുന്നു. അതോടുകൂടി അസൂയയും. അന്നു സായാഹ്നത്തിൽത്തന്നെ കായീൻ ഹാബേലിനെ വയലിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെവച്ച് ജ്യേഷ്ഠൻ അനുജനെ ക്രൂരമായി വധിച്ചു. അതായിരുന്നു ലോകത്തിലെ ഒന്നാമത്തെ കൊലപാതകം. ദൈവം, അടുത്ത നിമിഷത്തിൽ തന്നെ ആ വയലിൽ എഴുന്നള്ളി കായിനോടു ചോദിച്ചു: “കായീനേ, നിന്റെ അനുജനായ ഹാബേൽ എവിടെ? കായീൻ പെട്ടന്ന് മറുപടി പറഞ്ഞു: “എനിക്കറിഞ്ഞുകൂടാ. എന്റെ അനുജന്റെ കാവല്ക്കാരനാണോ ഞാൻ?” ദൈവം കല്പിച്ചു. “നീ എന്താണ് ചെയ്തത്? നിന്റെ അനുജന്റെ രക്തം ഭൂമിയിൽ നിന്നും എന്നോട് നിലവിളിക്കുന്നു. നിന്റെ സഹോദരന്റെ നിർമ്മലമായ രക്തം സ്വീകരിക്കാൻ വക്ത്രം തുറന്ന ഈ പ്രദേശംവിട്ട് നീ ശാപഗ്രസ്തനായി പോകണം. നീ കൃഷിചെയ്യുമ്പോൾ ഇനി ഒരിക്കലും നിലം അതിന്റെ വീര്യം നിനക്ക് തരികയില്ല. നീ ഭൂമിയിൽ അലഞ്ഞുതിരിഞ്ഞുനടക്കും.” ഇത്രയും കേട്ടപ്പോൾ കായീൻ പശ്ചാത്താപത്താൽ ദ്രവീഭവിച്ചു. അവൻ പറഞ്ഞു: “ദൈവമേ, എന്റെ കുറ്റം ക്ഷമിക്കപ്പെടാൻ കഴിയുന്നതിലും വലിയതാണ്. അങ്ങെന്നെ ഇതാ, ഇന്ന് ആട്ടിക്കളഞ്ഞിരിക്കുന്നു. നിന്തിരുവടിയുടെ സിന്നിധിയിൽ നിന്നും ഒളിച്ചുപോയാൽ ഞാൻ ഭൂമിയിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവനാകും. ആരെങ്കിലും കണ്ടാൽ എന്നെ കൊല്ലും.” ഇതുകേട്ടപ്പോൾ ദൈവം കല്പിച്ചു: “ആരെങ്കിലും കായീനെ വധിച്ചാൽ അവന് ഏഴിരട്ടി പകരം കിട്ടും.” അനന്തരം കായീനെ കാണുന്നവർ ആരുംതന്നെ അവനെ കൊല്ലാതിരിക്കത്തക്കവണ്ണം ദൈവം അവനൊരടയാളം കൊടുത്തു. അങ്ങനെ കായീൻ ദൈവസന്നിധിയിൽ നിന്നുപുറപ്പെട്ട് ഏദനു കിഴക്കായി ‘നോദ്’ എന്ന ദേശത്തുചെന്നു പാർത്തു. അവിടം കായീന്റെ സന്താനപരമ്പരകളുടെ ജന്മദേശമായിത്തീർന്നു. ■

കഥ

# അമൂല്യനിധി




**ജെനി**
St. Joseph HSS
Angengo




ഒരിക്കൽ, സുന്ദരമായ ഗ്രാമത്തിൽ രണ്ടു ദമ്പതികൾ സന്തോഷപൂർവ്വം ജീവിക്കുകയായിരുന്നു. അവരുടെ ജീവിതത്തിലേക്ക് അധികം വൈകാതെ രണ്ടു കുഞ്ഞുങ്ങൾ അതിഥികളായി വന്നെത്തി. ദമ്പതികൾക്ക് ദൈവം നൽകിയത് രണ്ടു സുന്ദരൻ ആൺകുഞ്ഞുങ്ങളെയാണ്. അവരെ ഒരു കുറവും വരുത്താതെ എല്ലാ സൗകര്യങ്ങളോടും കൂടി വളർത്തണം എന്നതായിരുന്നു അവരുടെ ആഗ്രഹം അതിനുവേണ്ടി രാപകലെന്നില്ലാതെ അമ്മയും അച്ഛനും അധ്വാനിച്ചു. മക്കളെ വിദ്യാലയങ്ങളിൽ ചേർത്തു. അവർക്ക് രണ്ടുപേർക്കും കഴിയാതെ പോയത് മക്കളിലൂടെ തിരിച്ചുപിടിക്കണം എന്നു നിനച്ച് എല്ലാ കഷ്ടപ്പാടും ഉള്ളിൽ ഒതുക്കിക്കൊണ്ട് മക്കളെ ഒന്നും അറിയിക്കാതെ സന്തോഷത്തോടെ വളർത്തി.

കാലങ്ങൾക്കുശേഷം രണ്ടുമക്കളും വലിയ നിലകളിൽ എത്തി. ഉയർന്ന ശമ്പളത്തോടെ നല്ല ജോലിയിൽ പ്രവേശിച്ചു. രണ്ടുപേരുടെയും വിവാഹം കഴിഞ്ഞു. അവർക്കു കുഞ്ഞുങ്ങളുണ്ടായി. മാതാപിതാക്കൾ വൃദ്ധരായി, മക്കളുടെ സഹായം തേടേണ്ട അവസ്ഥ വന്നെത്തി.

അന്നുമുതൽ ആ കുടുംബത്തിന്റെ താളം തെറ്റി ത്തുടങ്ങി മാതാപിതാക്കൾ അവർക്ക് ഒരു ബാധ്യതയായി. സഹോദരങ്ങൾ തമ്മിൽ വാക്കുതർക്കും ഉണ്ടായി. രണ്ടുപേരുടെയും വാദം ഒന്നുതന്നെ, "വേണമെങ്കിൽ അമ്മയെ ഞാൻ നോക്കിക്കൊള്ളാം, അച്ഛനെ അവൻ നോക്കട്ടെ." രണ്ടുപേരും ഇത് ആവർത്തിച്ചുകൊണ്ടിരുന്നു. അമ്മയെ നോക്കാം എന്നുപറഞ്ഞത് സ്നേഹത്തിന്റെ പുറത്തല്ല. അവരുടെ ഭാര്യമാർക്ക് അടുക്കളജോലിക്ക് ഉതകുമല്ലോ എന്ന് കരുതിയാണ്. എന്നാൽ അച്ഛനെക്കൊണ്ട് ഒന്നിനും പറ്റാതെയായി.

ഇതെല്ലാം കണ്ടുകൊണ്ട് ഒരക്ഷരം മിണ്ടാനാവാതെ നിസഹായരായി ആ മാതാപിതാക്കൾ നോക്കിനിന്നു. മക്കളുടെയും, മരുമക്കളുടെയും സ്നേഹം അനുഭവിക്കാനുള്ള ഭാഗ്യം അവർക്കില്ല എന്ന് അവർ ചിന്തിച്ചു. അവർപോലും അറിയാതെ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഇറ്റുവീഴാൻ തുടങ്ങി. കൊച്ചുമക്കളുടെ സ്നേഹംകിട്ടി മതിയായിരുന്നില്ല അവർക്ക്. അവർ പേരക്കുട്ടികളെ ചേർത്തുപിടിച്ച് കരയാൻ തുടങ്ങി. മുത്തശ്ശനോടും മുത്തശ്ശിയോടും പേരക്കുട്ടികൾക്ക് വലിയ സ്നേഹമായിരുന്നു.

സ്വന്തം ജീവിതംപോലും അവർക്കുവേണ്ടി മാറ്റിവച്ച മാതാപിതാക്കളെ ഒടുവിൽ ഉപേക്ഷിക്കാൻ അവർ ഒരുങ്ങി. അവർ അവരുടെ അച്ഛനോടും അമ്മയോടും പറഞ്ഞു, "അമ്മ ഇവിടെ നിന്നോട്ടെ, എന്നാൽ അച്ഛനെ ഞങ്ങൾ വേറെ ഒരു സ്ഥലത്തേക്ക് മാറ്റാം." ഇതുകേട്ട് അമ്മ മറുപടി നൽകി; "മരണം വരെ ഞങ്ങൾ ഒന്നിച്ചായിരിക്കുമെന്ന് പരസ്പരം വാക്കുപറഞ്ഞിട്ടുണ്ട്. നിങ്ങൾ ഞങ്ങൾക്കുവേണ്ടി ബുദ്ധിമുട്ടേണ്ട. ഞങ്ങൾ എവിടെയെങ്കിലും പൊയ്ക്കൊള്ളാം." എന്നുപറഞ്ഞുകൊണ്ട് അവർ ആ വീടിന്റെ പടിയിറങ്ങി. ഒരുനിമിഷം അവർ തിരിഞ്ഞ് പേരക്കുട്ടികളെ നനവാർന്ന കണ്ണുകളോടെ നോക്കി.

ദിവസങ്ങൾക്കുശേഷം രണ്ടു മക്കളുടെയും സമാധാനം നഷ്ടപ്പെട്ടുതുടങ്ങി. അവരുടെ കുടുംബജീവിതം താളംതെറ്റി. സന്തോഷത്തിനും സമാധാനത്തിനും വേണ്ടി അവർ എവിടെയെല്ലാമോ അലഞ്ഞുനടന്നു. എന്നാൽ ലഭിച്ചില്ല. ഒരു ദിവസം അവരുടെ മക്കൾ അവരോട് ചോദിച്ചു.

"അച്ഛാ, അമ്മേ ഞങ്ങൾ വളർന്നുവലിയ ആളുകളായതിനുശേഷം ഞങ്ങളും നിങ്ങളെ വീട്ടിൽ നിന്ന് ഇറക്കി വിടണോ?"

ഇതുകേട്ടപ്പോൾ അവരുടെ മനസ്സിൽ അച്ഛനും അമ്മയും ഓടിയെത്തി.

അവർക്ക് മനസ്സിലായി. ജീവിതത്തിലെ അമൂല്യമായ രണ്ടു നിധിയെയായിരുന്നു അവർ നഷ്ടപ്പെടുത്തിയതെന്ന്. കൂടെയുണ്ടായിരുന്നനിധിയെ ഉപേക്ഷിച്ചിട്ട് നാടെങ്ങും സന്തോഷത്തിനുവേണ്ടി അന്വേഷിച്ചാൽ അത് എങ്ങനെ ലഭിക്കും?

"കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ല" എന്നുപറയുന്നത് എത്ര സത്യമാണ്. ദൈവം നൽകിയ അമൂല്യ നിധികളെ നഷ്ടപ്പെടുത്തിക്കൊണ്ട് വേറെ സൗഭാഗ്യങ്ങൾക്കുവേണ്ടി തിരക്കി നടന്നാൽ, അതിന്റെ ഫലം ശൂന്യമായിരിക്കും. ■



*KCSL സംസ്ഥാന സാഹിത്യോത്സവത്തിൽ ചിത്രരചനയിൽ ഒന്നാം സ്ഥാനം നേടിയ ചിത്രം. ഇൻസെറ്റിൽ ചിത്രകാരി സെന്റ് റോച്ച്സ് ഹൈസ്കൂൾ വിദ്യാർഥിനി അഖില ബി. എസ്*

വചനജ്വാല

2023 മേയ് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# "യേശുക്രിസ്തുവിൽ അവന്റെ രക്തം വഴി സമീപസ്ഥനായിരിക്കുന്നു"

**ഫാ. ഡാനിയേൽ ആർ.**

**ആമുഖം**

**വചന ഗീതി**

**ദൈവ വചന പാരായണം:-** എഫേ. 2:11-18

**വചന വിചിന്തനം**

യേശുവിന്റെ സമാധാനം എന്റെ ഉള്ളിൽ നിന്നും നിർഗളിക്കുന്ന ഒന്നാകണം. സമാധാനം വിലയ്ക്കു വാങ്ങാൻ കഴിയാത്തതാണ്. എന്റെ ഹൃദയത്തിൽ നിന്നും ഉറവ എടുക്കേണ്ട ഒന്നാണ്. എന്റെ ശാന്തിയുടെയും സ്നേഹത്തിന്റെയും ബഹിർസ്ഫുരണമാണ് സമാധാനം. ഹൃദയത്തിൽ, മനസ്സിൽ ഈ ശാന്തിയും സമാധാനവും നിറഞ്ഞൊഴുകി കുടുംബത്തിലേക്കും സമൂഹത്തിലേക്കും സമാധാനവും ശാന്തിയും പരത്തുന്ന ഒരു അവസ്ഥ സംസ്ഥാപിക്കുന്നവനാണ് യഥാർത്ഥ ക്രൈസ്തവൻ. ഓരോ വ്യക്തിയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും അഭിവാജ്യ ഘടകമാണ്. വ്യക്തിക്ക് ഈ അവസ്ഥയിൽനിന്നും മാറി നിൽക്കുക അസാധ്യം. അവൻ സമൂഹത്തിലെ എല്ലാ നന്മകളുടെയും തിന്മകളുടെയും പരാജയങ്ങളുടെയും ഉത്തരവാദിത്തമുള്ളവനും ആണ് എന്ന് മനസിലാക്കണം. ഞാൻ എന്ന വ്യക്തിയുടെ വികാര

വിചാരങ്ങൾ സമൂഹത്തിലെ മറ്റുള്ളവരെയും ആഴത്തിൽ സ്വാധീനിക്കുന്നുണ്ട് എന്നത് വിസ്മരിക്കരുത്.

പലപ്പോഴും നാം ചിന്തിക്കുന്ന ഒരു കാര്യം ഞാൻ ഒറ്റ മനുഷ്യനല്ലേ എന്റെ പ്രവർത്തികൾ വാക്കുകൾ ചിന്തകൾ സമൂഹത്തെ ബാധിക്കുകയില്ല എന്നാണ്. എന്നാൽ യാഥാർത്ഥ്യം അതല്ല ഓരോ വ്യക്തിയും സമൂഹത്തിൽ പ്രകാശിക്കേണ്ട, പ്രകാശം പരത്തേണ്ട വ്യക്തികളാണ്. ഈ പ്രകാശത്തിലൂടെ സമൂഹത്തിന് വഴികാട്ടുവാൻ അവനു കഴിയും. മറ്റുള്ളവരുടെ നമസ്സമാധാനം നഷ്ടപ്പെടുത്തുന്ന പ്രവൃത്തികൾ ആണ് നമ്മുടെ സംസാരവും പ്രവർത്തനങ്ങളും. അത് നമ്മുടെ പക്കൽ നിന്നും ഉണ്ടാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം.

ഇന്ന് നാം നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം നമ്മുടെ വാക്കുകളാണ്. മറ്റുള്ളവന്റെ സമാധാനം തകർക്കുന്ന ഈ വാക്കുകൾ മുറിവിനേക്കാൾ കാഠിന്യം ഏറിയതാണ്. എന്റെ നോട്ടം വാക്ക് പ്രവൃത്തി എന്നിവ അപരന്റെ പ്രശ്നങ്ങൾക്ക്, പ്രയാസങ്ങൾക്ക് കാരണമാകാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. കുടുംബബന്ധങ്ങൾ തകരുന്നതും വ്യക്തിബന്ധങ്ങൾ തകരുന്നതും ഈ വാക്കുകളുടെയും നോട്ടങ്ങളുടെയും പ്രവൃത്തികളുടെയും ഫലമായാണ് എന്ന് മനസിലാക്കണം. അപരന്റെ സമാധാനം പുനഃസ്ഥാപിക്കുവാൻ എനിക്ക് കടമയുണ്ട് എന്നുള്ളതും മറക്കാതിരിക്കുക.

എന്റെ വാക്കുകളാൽ മറ്റുള്ളവർക്ക് ദുഷ്പ്രേരണ ചിന്തകൾ ഉണ്ടാകാതിരിക്കാൻ ഞാൻ ശ്രമിക്കും. കാരണം ഞാൻ ക്രൈസ്തവനാണ്. വാക്കുകൾ നേരെയാകുന്ന രീതിയിൽ ക്രിസ്തുവിനാൽ സത്യത്തിൽ നീതീകരിക്കപ്പെട്ടവരാണ് നാം. നമ്മുടെ തിന്മകളും പാപാവസ്ഥയും തന്നിലേക്കേറ്റെടുത്തുകൊണ്ട് അവിടന്ന് നമ്മെ വീണ്ടെടുത്തു. ആ വിശുദ്ധി നമ്മുടെ വാക്കുകളിലൂടെ സാക്ഷ്യപ്പെടേണ്ടതാണ്.

**റിപ്പോർട്ട്**

**ഹാജർ**

**ചർച്ച**

1. ഉത്ഥിതനായ യേശുവിന്റെ സമാധാനം നമ്മുടെ കുടുംബങ്ങളിലും ഹൃദയങ്ങളിലും സംസ്ഥാപിക്കുന്നത് എങ്ങനെ?
2. പ്രകോപനപരമായ സംസാരത്തിലൂടെയും നുണപ്രചരണങ്ങളിലൂടെയും മറ്റുള്ളവരെ വ്രണപ്പെടുത്തുന്ന പ്രവണത എങ്ങനെ ഇല്ലാതാക്കാം?

**പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**വിശ്വാസികളുടെ പ്രാർത്ഥന**

**സമാപന ഗാനം**

**നന്ദി**


CARITAS

SOCIETY OF OUR LADY OF AFRICA

(White Fathers)

SOLA Conregation was founder in 1868 in Algeria to evangelize African people.
Upto Now we work in 22 African countries through Parish Ministries, Youth ministries, Inter-religious dialogue and Justice and Peace.
Are you willing to serve the Lord in Africa and African People?

*contact us*

**Vocations Director**
**Sola Study House**
Yarandahalli, Hennagara Post
Bangalore - 560105
Karnataka - India.
E-mail : gmg.soa.voc.ind@ mafr.org.
Phone: 080-27839683
Mobile : 7358094557



# നേർക്കാഴ്ച

ജെ.സി.

# ഫ്രാൻസിസ് പാപ്പ
# '10 വർഷം പിന്നിടുന്ന പ്രവാചകദൗത്യം'

2013 ലെ കോൺക്ലേവിൽ അർജന്റീനയിലെ ബ്യൂണസ് ഐറിസിൽ നിന്നുള്ള ജസ്യൂറ്റ് ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഹോർഹെമാരിയോ ബെർഗോളിയോക്ക് മൂന്നിൽരണ്ട് ഭൂരിപക്ഷം ഉറപ്പായപ്പോൾ ലാറ്റിൻ അമേരിക്കക്കാരനായ ബ്രസീലിയൻ കർദ്ദിനാൾ ക്ലോദിയോ ഹ്യൂമസ് അദ്ദേഹത്തോട് പതിഞ്ഞ സ്വരത്തിൽ; പറഞ്ഞു, "പാവങ്ങളെ മറക്കല്ലേ". പേപ്പൽ ചിത്രത്തിൽ ആദ്യമായി അസ്സീസിയിലെ ആ



ദരിദ്ര സന്യാസിയുടെ പേരു സ്വീകരിക്കാൻ തന്നെ പ്രേരിപ്പിച്ചത് ഈ ഉപദേശമാണെന്ന് മൂന്നാം നാളിൽ മാധ്യമ പ്രവർത്തകരുടെ മുന്നിൽ ഫ്രാൻസിസ് പാപ്പ വെളിപ്പെടുത്തുകയുണ്ടായി. അസ്സീസിയിലെ ഫ്രാൻസിസ് തനിക്ക് ദാരിദ്ര്യത്തിന്റെ മനുഷ്യനാണ്. സമാധാനത്തിന്റെ മനുഷ്യനാണ്, സൃഷ്ടിയെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മനുഷ്യനാണ്. തന്റെ പേപ്പൽ ശുശ്രൂഷയുടെ മാതൃകയാക്കുന്നതിന്റെ കാരണം അദ്ദേഹം വിശദീകരിച്ചത് അങ്ങനെയാണ്. പരിശുദ്ധ സിംഹാസനത്തിൽ ആരൂഢനാകുന്ന ആദ്യ ഈശോ സഭാംഗം, ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യ പാപ്പ. വത്തിക്കാൻ കൊട്ടാരത്തിൽ നിന്ന് കാസാസാന്താ മാർത്താ അതിഥിമന്ദിരത്തിലെ ലാളിത്യത്തിലേക്ക് താമസം മാറ്റിയ പാപ്പ. പൊന്തിഫിക്കൽ സംവിധാനങ്ങളുടെ ചട്ടക്കൂടുകൾ മറികടന്ന് മാധ്യമങ്ങളുമായി സംവദിക്കുന്ന പാപ്പ. വിവാദങ്ങൾ ഉണ്ടാകുമ്പോഴും തന്റെ നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന പാപ്പ. യുദ്ധഭൂമിയിലെ ആശുപത്രിയുടെ അവസ്ഥയിലാണ് സഭയെന്ന ആധേയചിന്തയിൽ നിന്നാണ് ഫ്രാൻസിസ് പാപ്പ തന്റെ ശുശ്രൂഷയെ നിർവചിക്കുന്നത്.

സഭ തന്നിൽതന്നെ അടഞ്ഞുകൂടിയിരിക്കാതെ സുവിശേഷം പ്രഘോഷിക്കാൻ സ്വയം പുറത്തുവരണം. പ്രേഷിത ദൗത്യമെന്നത് പാപ്പയുടെ പ്രധാന ദർശനമാണ്. ദൈവരാജ്യനിർമിതിക്കായി സഭയുടെ കേന്ദ്രഭദ്ര ഭരണസംവിധാനം പ്രേഷിതത്വഭാവമുള്ള, സേവനസന്നദ്ധമായ സുദൃഢ പ്രസ്ഥാനമായി പരിവർത്തനം ചെയ്യണം. കഴിഞ്ഞ 10 വർഷത്തിനിടെ മെത്രാന്മാരുടെ ജനറൽ സിനഡുകൾ ഫ്രാൻസിസ് പാപ്പയുടെ അജപാലന കർമപദ്ധതിയുടെ മുഖ്യചാലകശക്തിയായി മാറിയിട്ടുണ്ട്. കുടുംബജീവിതം, യുവജനം, ആമസോൺ, ക്രൈസ്തവ മിഷന്റെ സ്വഭാവം എന്നിവ റോമിൽ സമ്മേളിച്ച ഈ സിനഡുകളുടെ മുഖ്യപ്രമേയങ്ങളായി.

ആഗോളതലത്തിൽ രണ്ടുവർഷം മുമ്പ് ആരംഭിച്ച് 2024 ഒക്ടോബർവരെ നീണ്ടുനിൽക്കുന്ന സിനഡാത്മകതയിലേക്കുള്ള സിനഡൽ പ്രക്രിയ പരിശുദ്ധാത്മാവിന്റെ നിറവിൽ പരസ്പരം ശ്രവിച്ചും സംവാദത്തിൽ മുഴുകിയും അല്മായരും ഹയരാർക്കിയും അനുയാത്ര ചെയ്യുന്ന പ്രേഷിത ദൗത്യത്തിന്റെ പ്രയാണമാണ്. മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ പുതിയ രൂപഭാവങ്ങൾ ഈ യാത്രയിൽ ഉരുത്തിരിയുന്നു. സഭയിൽ വനിതകളുടെ പങ്ക്, ലൈംഗികത, സഭാഭരണ സംവിധാനം, വൈദികാധിപത്യം തുടങ്ങി നിരവധി വിവാദ പ്രശ്നങ്ങൾക്ക് സിനഡൽ പ്രക്രിയ വഴി തെളിക്കുന്നുണ്ട്. പതിവ് മട്ടിൽ കാര്യങ്ങൾ നടക്കട്ടെ എന്ന യാഥാസ്ഥിതിക മനോഭാവം അടിമുടിമാറേണ്ടതുണ്ട്. വനിതകൾക്കും അല്മായർക്കും വത്തിക്കാൻ കാര്യാലയത്തിൽ അദ്ദേഹം ഉന്നത പദവികൾ നൽകി. ഒരുമിച്ചുള്ള യാത്ര (സിനഡാലിറ്റി)യാണ് സഭ നയിക്കേണ്ടതെന്നും സഭയിലെ എല്ലാ വിഭാഗങ്ങളും തുല്യമാണെന്നും ആ മനോഭാവത്തോടെ പരസ്പരം ശ്രവിക്കണമെന്നും, ആരേയും മാറ്റിനിർത്തേണ്ടതില്ലെന്നും, സാഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും ഫ്രാൻസിസ്ക്കൻ മാതൃകയാണ് പാപ്പ മുന്നോട്ടുവയ്ക്കുന്നത്. 2020-ലെ ഫ്രത്തേല്ലിതൂത്തി (സോദരൻ ഏവരും) സാഹോദര്യദർശനത്തിന്റെ ചാക്രികലേഖനമാണ്. മതത്തിനതീതമായ ഒരു ആത്മീയതയാണ് പാപ്പ മുന്നോട്ടുവയ്ക്കുന്നത്. നമ്മുടെ പൊതുഭവനമായ ഭൂമിയുടെ പരിപാലനത്തിനുവേണ്ടി 2015 ൽ ഇറക്കിയ മാർഗരേഖയാണ് ലൗദാത്തോസിയെന്ന ചാക്രിക ലേഖനം. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ മാർഗദർശനത്തിൽ അധിഷ്ഠിതമായ അജപാലകന്റെ അനുഭവപാഠങ്ങളാണ് പാപ്പയുടെ ശുശ്രൂഷാശൈലിക്ക് ആധാരം. ■



സെന്റ്. തോമസ്
ദൈവാലയം
പൂന്തുറ
വി. തോമസ്
അപ്പസ്തോലന്റെ
തിരുനാൾ
മഹോത്സവം
2023 ഏപ്രിൽ 9
ഞായർ മുതൽ
16 ഞായർ വരെ
ഏപ്രിൽ 16 വൈകു. 6-ന്
അഭിവന്ദ്യ തോമസ് ജെ. നെറ്റോ
മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ
പൊന്തിഫിക്കൽ ദിവ്യബലി
തിരുനാൾ ദിനങ്ങളിൽ നടത്തപ്പെടുന്ന കാരുണ്യപ്രവൃത്തികൾ...
ദിനം 1 > മടിത്തട്ട്: അച്ചനും അമ്മയും നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്കുള്ള സഹായം.
ദിനം 2 > കരുതൽ: കിടപ്പ് രോഗികൾക്കുള്ള സഹായം.
ദിനം 3 > തിരികെ : ക്യാൻസർ ബാധിതരായ കുട്ടികൾക്കും അപകടങ്ങളിൽപ്പെട്ടവർക്കുമുള്ള സഹായം.
ദിനം 4 > അഭയ തീരം: കടലപകടങ്ങളിൽപ്പെട്ടവർക്കുള്ള സഹായം.
ദിനം 5 > ആശ്വാസം: ഡയാലിസിസ് രോഗികൾക്കുള്ള സഹായം.
ദിനം 6 > ചിറക്: ഉന്നതവിദ്യാഭ്യാസത്തിന് അർഹരായവർക്കുള്ള സഹായം.
ദിനം 7 > കൈതാങ്ങ്: സെന്റ്. തോമസ് സ്കൂളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സഹായം.
ദിനം 8 > തണൽ: ഭവന രഹിതർക്കുള്ള സഹായം.
25 ലക്ഷം രൂപയിൽ കവിയുന്ന കാരുണ്യ സ്പർശം
കരുണയുടെ അജപാലകരാകാൻ ഏവരെയും സ്വാഗതം ചെയ്യുന്നു...
ഇടവക കൗൺസിൽ
ഫിനാൻസ് കൗൺസിൽ
ഫാ. ഡേവിഡ്സൺ ജെ. (സഹവികാരി)
ഫാ. റോബിൻ ബാൾഡ്വിൻ (സഹവികാരി)
ഫാ. ഡോ. എ. ആർ. ജോൺ
ഇടവക വികാരി

Total Page 44 Pub. Date : 01.04.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto